വാല്യം 6, ലക്കം 17

മാർച്ച് 1– 15, 2026

സൗജന്യവിതരണത്തിന്

# ന്യൂ ഇന്ത്യ സമാചാർ




ഇ-പകർപ്പിനായി



# പ്രഗതി

## വേഗത, വ്യാപ്തി, വിജയം

വികസിത ഇന്ത്യ @ 2047- മഹത്തായ ദേശീയ താൽപ്പര്യങ്ങൾ മുൻ നിർത്തി നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ കൃത്യസമയത്ത് കൈവരിക്കുന്നു എന്ന് ഉറപ്പാക്കുന്നതിലൂടെ, 'പ്രഗതി' പ്ലാറ്റ്ഫോം ഈ സമയബന്ധിത ദൗത്യത്തിന്റെയും ദേശീയ പ്രതിജ്ഞയുടെയും വഴികാട്ടിയായി മാറിയിരിക്കുന്നു.

കേന്ദ്ര വ്യാവസായിക സുരക്ഷാസേന: മാർച്ച് 10, സ്ഥാപക ദിനം

# കർത്തവ്യത്തോടുള്ള അചഞ്ചലമായ പ്രതിജ്ഞാബദ്ധത

*കഴിഞ്ഞ 57 വർഷമായി, കേന്ദ്ര വ്യാവസായിക സുരക്ഷാസേന (സിഐഎസ്എഫ്) ദേശീയ സുരക്ഷയിൽ ഏറ്റവും ഉയർന്ന നിലവാരം ഉറപ്പാക്കുന്നു. രാജ്യത്തെ സുരക്ഷാ കവചം എന്ന് വിശേഷിപ്പിക്കപ്പെടുന്ന സിഐഎസ്എഫ് അംഗങ്ങൾ, വിമാനത്താവളങ്ങൾ, തുറമുഖ-കപ്പൽ ഗതാഗത-ജലപാത കേന്ദ്രങ്ങൾ, മെട്രോ സ്റ്റേഷനുകൾ തുടങ്ങി രാജ്യത്തെ സുപ്രധാന സ്ഥാപനങ്ങളിൽ പ്രതിദിനം എത്തുന്ന ഒരു കോടിയിലധികം പേരുടെ സുരക്ഷ ഉറപ്പാക്കാനും എല്ലാ ഭീഷണികളിൽ നിന്നും അവരെ സംരക്ഷിക്കാനും അചഞ്ചലമായി പ്രവർത്തിക്കുന്നു.*



- രാജ്യത്തിന്റെ വ്യാവസായികവും വിദ്യാഭ്യാസപരവുമായ മേഖലകളുടെ സുഗമമായ പ്രവർത്തനത്തിൽ സിഐഎസ്എഫ് ഉദ്യോഗസ്ഥർ സുപ്രധാന പങ്ക് വഹിക്കുന്നു.
- ഇന്ത്യയുടെ പുതിയ പാർലമെന്റ് മന്ദിരത്തിന്റെ സുരക്ഷാ ചുമതലയും സിഐഎസ്എഫ് ഉദ്യോഗസ്ഥർക്കാണ്.
- വിനയത്തോടും സംയമനത്തോടും കൂടി, ഡൽഹി മെട്രോയിൽ പ്രതിദിനം യാത്ര ചെയ്യുന്ന 70 ലക്ഷത്തിലധികം പേരുടെ സുരക്ഷിതമായ യാത്ര സിഐഎസ്എഫ് ഉദ്യോഗസ്ഥർ ഉറപ്പാക്കുന്നു.

**250** തുറമുഖങ്ങളുടെ സുരക്ഷയും ഇവർ നിയന്ത്രിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നു.

> “ സിഐഎസ്എഫ് ഉദ്യോഗസ്ഥർക്കെല്ലാം സ്ഥാപക ദിനാശംസകൾ! ഈ സേനയുടെ പ്രൊഫഷണലിസവും പ്രതിജ്ഞാബദ്ധതയും മനോധൈര്യവും ഏറെ പ്രശംസനീയമാണ്. അവശ്യ അടിസ്ഥാനസൗകര്യങ്ങൾ സംരക്ഷിക്കുന്നതിലൂടെയും പ്രതിദിനം എണ്ണമറ്റ വ്യക്തികളുടെ സുരക്ഷ ഉറപ്പാക്കുന്നതിലൂടെയും നമ്മുടെ സുരക്ഷാസംവിധാനത്തിൽ ഇവർ പ്രധാന പങ്ക് വഹിക്കുന്നു. കർത്തവ്യത്തോടുള്ള ഇവരുടെ അചഞ്ചലമായ പ്രതിജ്ഞാബദ്ധത തികച്ചും അഭിനന്ദനാർഹമാണ്.
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*

# ന്യൂ ഇന്ത്യ സമാചാർ

**വാല്യം 6, ലക്കം 17 | മാർച്ച് 1-15, 2026**

എഡിറ്റർ ഇൻ ചീഫ്
**ധീരേന്ദ്ര ഓഝ**
**പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ, പ്രസ് ഇൻഫർമേഷൻ ബ്യൂറോ, ന്യൂഡൽഹി**

സീനിയർ കൺസൽട്ടിങ് എഡിറ്റർ
**സന്തോഷ് കുമാർ**

സീനിയർ അസി. കൺസൽട്ടിങ് എഡിറ്റർ
**പവൻ കുമാർ**

അസി. കൺസൽട്ടിങ് എഡിറ്റർമാർ
**അഖിലേഷ് കുമാർ**
**ചന്ദൻ കുമാർ ചൗധരി**

ഭാഷാ എഡിറ്റർമാർ
**സുമിത് കുമാർ (ഇംഗ്ലീഷ്)**
**രജ്നീഷ് മിശ്ര (ഇംഗ്ലീഷ്)**
**നദീം അഹമ്മദ് (ഉറുദു)**

സീനിയർ ഡിസൈനർ
**ഫൂൽ ചന്ദ് തിവാരി**

ഡിസൈനർമാർ
**അഭയ് ഗുപ്ത**
**സത്യം സിങ്**




**ന്യൂ ഇന്ത്യ സമാചാർ 13 ഭാഷകളിൽ വായിക്കാനായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക**
https://newindiasamachar.pib.gov.in/news.aspx
ന്യൂ ഇന്ത്യ സമാചാർ പഴയ പതിപ്പുകൾക്കായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക
https://newindiasamachar.pib.gov.in.archive.aspx

*പതിവായി 'ന്യൂ ഇന്ത്യ സമാചാർ' വിവരങ്ങൾ ലഭിക്കാൻ*
**@NISPIBIndia**
**പിൻതുടരുക**

# ഉൾപ്പേജുകളിൽ.........

പ്രഗതി@50
## സമയബന്ധിത വികസനത്തിന്റെ അസാധാരണ യാത്ര...



**കവർ സ്റ്റോറി**

2015 മാർച്ചിൽ രൂപീകരിച്ച 'പ്രഗതി' സംവിധാനം, കഴിഞ്ഞ പതിറ്റാണ്ടിനിടെ 50 യോഗങ്ങൾ ചേരുകയും 85 ലക്ഷം കോടി രൂപയിലധികം മൂല്യമുള്ള 382 പദ്ധതികൾക്ക് വേഗത പകരുകയും ചെയ്തു. ഈ സവിശേഷമായ ഉദ്യമത്തിലൂടെ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ മുടങ്ങിക്കിടന്ന കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ അതിവേഗം പൂർത്തിയാക്കാൻ സാധിച്ചു. ഇത് 140 കോടി ജനങ്ങളുടെ വികസനം ഉറപ്പാക്കുന്നു... **|12-31**

**സേവാതീർഥും കർത്തവ്യഭവനും**




സേവാതീർഥും കർത്തവ്യ ഭവനും വെറും കെട്ടിടങ്ങളല്ല; മറിച്ച് തൊഴിൽസംസ്കാരത്തിലുണ്ടായ മാറ്റത്തിന്റെ അടയാളങ്ങളാണ്. ഇവിടെ ഭരണമല്ല, മറിച്ച് സേവനമനോഭാവമാണ് പ്രകടമാകുന്നത്. **|7-9**




ദേശീയഗീതത്തിലെ 6 ശീലുകളും ആലപിക്കാം...
**സമയം: 3 മിനിറ്റ് 10 സെക്കൻഡ്**

ദേശീയഗീതമായ വന്ദേമാതരം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് പുതിയ നിർദേശങ്ങൾ പുറപ്പെടുവിച്ചു **|10-11**


**വാർത്തകൾ ചുരുക്കത്തിൽ** **|4-5**

**വ്യക്തിത്വം: റൈഫിൾമാൻ സഞ്ജയ് കുമാർ**
ശത്രുവിന്റെ ആയുധം ഉപയോഗിച്ച് അവരെ തുരത്തി **|6**

**സമ്പർക്ക സൗകര്യം വേഗത്തിലാക്കാനും അർബൻ ചലഞ്ച് ഫണ്ട് ആരംഭിക്കാനും അംഗീകാരം**
കേന്ദ്ര മന്ത്രി സഭാ യോഗത്തിൽ സ്വീകരിച്ച തീരുമാനങ്ങൾ **|32-34**

**പ്രധാനമന്ത്രി മോദിയുടെ മന്ത്രം: പഠനവും കലയും ഒരുപോലെ ഉപയോഗപ്രദം**
പ്രധാനമന്ത്രി മോദിയുടെ 'പരീക്ഷ പേ ചർച്ച 2026' എപ്പിസോഡ് 2 **|35-37**

**ഇന്ത്യ ഇനി മുന്നിൽ നിന്ന് നയിക്കും**
രാഷ്ട്രപതിയുടെ നയ പ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നൽകിയ മറുപടി **|38-41**

**ഇ.ടി നൗ ഉച്ചകോടി 2026: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രസംഗം**
...അതുകൊണ്ടാണ് ഈ സമ്പൂർണ സംവിധാനത്തെയും മാറ്റാൻ ഞങ്ങൾ പരിശ്രമിച്ചത് **|42-43**

**സുരക്ഷയിലും വികസനത്തിലും പുതിയ അധ്യായം**
അസമിന് വികസന സമ്മാനങ്ങൾ നൽകി പ്രധാനമന്ത്രി മോദി **|44-45**

**ഇന്ത്യ എഐ ഇംപാക്റ്റ് ഉച്ചകോടി–എക്സ്പോ 2026**
പുതിയ ആശയങ്ങളുടെയും നവീനമായ കണ്ടെത്തലുകളുടെയും ലക്ഷ്യങ്ങളുടെയും സംഗമം **|46-47**

**..അങ്ങനെ ജനസംഖ്യയുടെ പകുതിയും വികസനത്തിന്റെ ചാലകശക്തിയായി മുന്നിൽ നിന്ന് നയിക്കും**
അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ചുള്ള പ്രത്യേക പതിപ്പ് **|48-51**

**സൗഹൃദത്തിൽ നിന്ന് തന്ത്രപരമായ പങ്കാളിത്തത്തിലേക്ക്**
പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ടു ദിവസത്തെ മലേഷ്യൻ സന്ദർശനത്തിനിടെയുള്ള സുപ്രധാന കരാറുകൾ **|52-53**

**ഇന്ത്യ– അമേരിക്ക വ്യാപാര കരാർ പുതിയ അവസരങ്ങൾ തുറക്കുന്നു**
ലോകത്തിലെ ഏറ്റവും വലിയ രണ്ട് ജനാധിപത്യ-സാമ്പത്തിക ശക്തികൾ തമ്മിൽ ധാരണയിലെത്തി **|54-56**



**Published:** Kanchan Prasad, Director General, on behalf of Central Bureau of Communication
**Communication Address :** Room No–1077, Soochna Bhawan, CGO Complex, New Delhi -110003.
**E-Mail :** response-nis@pib.gov.in, **RNI No. :** DELENG/2020/78811

# പത്രാധിപക്കുറിപ്പ്...

## പ്രഗതി : വികസനം വേഗത്തിലാക്കുന്നതിനുള്ള പരിവർത്തന വേദി

നമസ്കാരം,

ജനശക്തി എന്നത് വളരെ കരുത്തുറ്റ മാധ്യമമാണ്. എന്നിരുന്നാലും, ജനങ്ങൾക്കായി ആരംഭിച്ച ക്ഷേമ പദ്ധതികൾ കൃത്യസമയത്ത് നടപ്പാക്കുന്നില്ലെങ്കിൽ, അത് രാജ്യത്തിന്റെ പുരോഗതിയെ നേരിട്ട് ബാധിക്കും. പദ്ധതികൾ പ്രഖ്യാപിക്കപ്പെടുകയും എന്നാൽ അവ പലപ്പോഴും അപൂർണമായി അവശേഷിക്കുകയും ചെയ്തിരുന്ന കാലമുണ്ടായിരുന്നു. ബന്ധപ്പെട്ട വകുപ്പുകളും മറ്റ് പങ്കാളികളും തമ്മിലുള്ള ഏകോപനമില്ലായ്മ കാരണം, പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയോ കൃത്യമായി നിരീക്ഷിക്കപ്പെടുകയോ ചെയ്തിരുന്നില്ല. ഇത് വികസനം സ്തംഭിക്കുന്നതിനും പദ്ധതിച്ചെലവ് വർധിക്കുന്നതിനും കാരണമായി. 2015 മാർച്ചിൽ, നിലവിലെ കേന്ദ്ര ഗവണ്മെന്റ് സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ബഹുമുഖ വേദിയായ പ്രഗതിക്ക് (PRAGATI - പ്രോ ആക്ടീവ് ഗവണൻസ് ആൻഡ് ടൈംലി ഇംപ്ലിമെന്റേഷൻ) തുടക്കം കുറിച്ചു. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ഈ വേദി വലിയ മാറ്റത്തിന് വഴിയൊരുക്കി. 'പ്രഗതി'യിൽ സമർപ്പിക്കപ്പെടുന്ന എല്ലാ പദ്ധതികളും ബന്ധപ്പെട്ട വകുപ്പുകൾ, മന്ത്രാലയങ്ങൾ, സംസ്ഥാന ഉദ്യോഗസ്ഥർ, മറ്റ് പങ്കാളികൾ എന്നിവരുടെ പങ്കാളിത്തത്തോടെ പ്രധാനമന്ത്രി നരേന്ദ്ര മോദി നേരിട്ട് വിലയിരുത്തുന്നു. പ്രശ്നങ്ങൾ കൃത്യമായി പരിഹരിച്ചുകൊണ്ട് ഈ വേദിയിലൂടെ പദ്ധതികൾക്ക് വേഗം പകരുന്നു. കഴിഞ്ഞ പത്ത് വർഷമായി, നിരന്തരമായ വിലയിരുത്തലിലൂടെയും സമയബന്ധിതമായ നടപ്പാക്കലിലൂടെയും വ്യക്തമായ മാർഗനിർദേശങ്ങളിലൂടെയും ഈ വേദി രാജ്യത്തിന്റെ വികസനത്തിന് വേഗത പകർന്നു. 'പ്രഗതി'യുടെ അമ്പതാമത് യോഗം അടുത്തിടെയാണ് പൂർത്തിയായത്. ഇതുവരെ, 85 ലക്ഷം കോടി രൂപയിലധികം ചിലവ് വരുന്ന 382 ദേശീയതല പദ്ധതികൾക്ക് പുതിയ വേഗതയും വ്യാപ്തിയും നൽകാൻ ഈ വേദിക്കു സാധിച്ചു. പദ്ധതികൾ കൃത്യസമയത്ത് പൂർത്തിയാക്കുന്നതിന്റെ പര്യായമായി 'പ്രഗതി' മാറിയിരിക്കുന്നു. ഓക്സ്ഫഡ് സർവകലാശാല നടത്തിയ പഠനത്തിൽ ഈ സംരംഭത്തെ പരിവർത്തനപരം എന്നാണ് വിശേഷിപ്പിച്ചത്. 'പ്രഗതി'യുടെ പ്രസക്തി വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് കൂടുതൽ കരുത്ത് പകരുന്നു. ഇതാണ് ഈ ലക്കത്തിന്റെ കവർ സ്റ്റോറി.

വ്യക്തിത്വ വിഭാഗത്തിൽ പരംവീർ ചക്ര പുരസ്കാര ജേതാവ് റൈഫിൾമാൻ സഞ്ജയ് കുമാറിനെക്കുറിച്ച് വായിക്കാം. ഇന്ത്യ-അമേരിക്ക ഇടക്കാല വ്യാപാര കരാർ, രാജ്യസഭയിൽ രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നൽകിയ മറുപടിയുടെ ചുരുക്കം, അദ്ദേഹത്തിന്റെ മലേഷ്യൻ സന്ദർശനം, പരീക്ഷാ പേ ചർച്ച, രണ്ടാഴ്ചയിലൊരിക്കലുള്ള അദ്ദേഹത്തിന്റെ പരിപാടികൾ എന്നിവയാണ് മറ്റ് പ്രധാന ആകർഷണങ്ങൾ.

മാർച്ച് 10-ലെ കേന്ദ്ര വ്യവസായ സുരക്ഷാ സേനയുടെ സ്ഥാപക ദിനത്തെക്കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പേജിലും, മാർച്ച് 15-ലെ ലോക ഉപഭോക്തൃ അവകാശ ദിനത്തോടനുബന്ധിച്ചുള്ള പ്രത്യേക ഉള്ളടക്കം പിൻകവറിലും ഈ ലക്കത്തിന്റെ ഭാഗമാണ്.

***നിങ്ങളുടെ നിർദേശങ്ങൾ തുടർന്നും ഞങ്ങൾക്ക് അയയ്ക്കുക.***

**(ധീരേന്ദ്ര ഓഝ)**

*ഹിന്ദിയിലും ഇംഗ്ലീഷിലും മറ്റ് 11 ഭാഷകളിലും ലഭ്യമാകുന്ന മാസിക വായിക്കാം/ഡൗൺലോഡ് ചെയ്യാം.*
*https://newindiasamachar.pib.gov.in/*

# എഴുത്തുപെട്ടി




### മാഗസിനിലെ ഉള്ളടക്കം വളരെ പ്രചോദനാത്മകമാണ്, വായന സുഖകരവുമാണ്

ന്യൂ ഇന്ത്യ സമാചാർ മാഗസിൻ വായിക്കുന്നത് ഞാൻ ഏറെ ആസ്വദിക്കുന്നു. ഈ മാഗസിനിലെ വിവരങ്ങൾ വളരെ ഉപകാരപ്രദമാണ്. ഇന്ത്യയിലെ ജനങ്ങളെ പരസ്പരം കൂടുതൽ അടുപ്പിച്ചതിന് നന്ദി. ഇതിലെ ഉള്ളടക്കം വളരെ പ്രചോദനാത്മകമായി എനിക്ക് തോന്നി. മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർഥികൾക്കും ന്യൂ ഇന്ത്യ സമാചാർ മാഗസിനിലെ ലേഖനങ്ങൾ പ്രയോജനകരമാണ്. ഈ മാഗസിൻ വളരെ മികച്ച രീതിയിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

**ശ്രീകൃഷ്ണ മണ്ഡൽ**

### രാജ്യത്തിന്റെ വികസനത്തിനായി നടപ്പാക്കുന്ന സംരംഭങ്ങളെക്കുറിച്ചുള്ള വിശ്വസനീയമായ വിവരങ്ങൾ

വിശിഷ്ടവും പ്രധാനപ്പെട്ടതുമായ വിവരങ്ങൾ നൽകുന്ന ഇത്തരമൊരു മാഗസിൻ പ്രസിദ്ധീകരിക്കുന്ന ന്യൂ ഇന്ത്യ സമാചാറിലെ മുഴുവൻ ടീമിനും ഞാൻ നന്ദി അറിയിക്കുന്നു. പൗരന്മാർക്ക് സമ്പൂർണ വിവരങ്ങൾ നൽകുന്നതിനുള്ള നിങ്ങളുടെ പരിശ്രമങ്ങളിൽ തുടർച്ചയായ വിജയം നേരുന്നു. ഈ മാഗസിൻ വായിക്കുന്നതിലൂടെ ഗവണ്മെന്റ് നയങ്ങളെക്കുറിച്ചും രാജ്യത്തിന്റെ വികസനത്തിനായി നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ചും വ്യക്തവും വിശ്വസനീയവുമായ ധാരണ യുവാക്കൾക്ക് ലഭിക്കുന്നു.

**thirubjp2020@gmail.com**

### ഇന്ത്യാ ഗവണ്മെന്റിന്റെ പദ്ധതികളെക്കുറിച്ചുള്ള സമഗ്രവും വിശ്വസനീയവുമായ വിവരങ്ങൾ

ഇന്ത്യാ ഗവണ്മെന്റിന്റെ വിവിധ സംരംഭങ്ങളെക്കുറിച്ചും പദ്ധതികളെക്കുറിച്ചും വിശദവും വിശ്വസനീയവുമായ വിവരങ്ങൾ നൽകുന്ന മികച്ചൊരു മാഗസിനാണ് ന്യൂ ഇന്ത്യ സമാചാർ. ഇതിലെ ഉള്ളടക്കം വളരെ വിജ്ഞാനപ്രദവും ഉപകാരപ്രദവുമായി എനിക്ക് തോന്നി. എല്ലാ ഉത്തരവാദിത്വങ്ങളും മികച്ച രീതിയിൽ നിറവേറ്റുന്ന കരുത്തനും ഉത്തരവാദിത്വബോധമുള്ളതുമായ പ്രധാനമന്ത്രിയെ ലഭിക്കാൻ ഭാഗ്യം ചെയ്ത രാജ്യമാണ് ഇന്ത്യ. ഈ കാര്യങ്ങൾ ജനങ്ങൾക്ക് മുന്നിൽ വ്യക്തമായി അവതരിപ്പിക്കുന്നതിൽ ന്യൂ ഇന്ത്യ സമാചാർ സുപ്രധാന പങ്ക് വഹിക്കുന്നു, ഇത് തികച്ചും അഭിനന്ദനാർഹമാണ്.

**മോഹിത് ചൗഹാൻ**

**mohit.cm1326@gmail.com**

### ലേഖനങ്ങളും റിപ്പോർട്ടുകളും ഏറെ പ്രചോദനാത്മകം

ഞാൻ ന്യൂ ഇന്ത്യ സമാചാറിന്റെ ഒരു ലക്കം വായിക്കുകയായിരുന്നു. അതിലെ ലേഖനങ്ങളും റിപ്പോർട്ടുകളും ഏറെ പ്രചോദനാത്മകമായി എനിക്ക് തോന്നി. ന്യൂ ഇന്ത്യ സമാചാർ എപ്പോഴും വളരെ വിജ്ഞാനപ്രദവും താൽപ്പര്യജനകവുമാണ്.

**എച്ച്. ശർമ**

**hsonai@hotmailcom**

### പരീക്ഷാ തയ്യാറെടുപ്പിന് ഏറെ സഹായകം

ഞാൻ സിവിൽ സർവീസ് പരീക്ഷയ്ക്കായി തയ്യാറെടുക്കുകയാണ്. ന്യൂ ഇന്ത്യ സമാചാർ മാഗസിന്റെ സ്ഥിരം വായനക്കാരനാണ് ഞാൻ. എന്റെ പരീക്ഷാ തയ്യാറെടുപ്പുകൾക്ക് ഈ മാഗസിൻ വളരെ സഹായകമാണെന്ന് തെളിയുന്നു. ഇത് പുതിയ കാര്യങ്ങൾ പഠിക്കാൻ വിദ്യാർഥികളെ പ്രചോദിപ്പിക്കുന്നു. ഇന്ത്യയുടെ വികസനത്തെയും പുരോഗതിയെയും കുറിച്ചുള്ള വിവരങ്ങൾ അറിയാൻ ഉദ്യോഗാർഥികളെ ഈ മാഗസിൻ സഹായിക്കുന്നു. ഇതിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങൾ ലളിതവും മനസ്സിലാക്കാൻ എളുപ്പമുള്ളതുമായ ഭാഷയിലാണ് എഴുതിയിരിക്കുന്നത്.

**മോഹിത് മൗര്യ**

**studentindia72@gmail.com**


ആശയവിനിമയത്തിനുള്ള വിലാസം: 1077-ാം നമ്പർ മുറി, സൂചന ഭവൻ, സിജിഒ സമുച്ചയം, ന്യൂഡൽഹി -110003.
ഇ-മെയിൽ: **response-nis@pib.gov.in**



എല്ലാ ശനി-ഞായർ ദിവസങ്ങളിലും ഉച്ചകഴിഞ്ഞ് 3.10 മുതൽ 3.25 വരെ ആകാശവാണി എഫ്എം ഗോൾഡിൽ ന്യൂ ഇന്ത്യ സമാചാർ കേൾക്കാൻ ക്യുആർ കോഡ് സ്കാൻ ചെയ്യൂ

# വാർത്തകൾ ചുരുക്കത്തിൽ



## ന്യൂഡൽഹിയിലെ AIIA-യിൽ ഇനി പണരഹിത ചികിത്സ ലഭ്യമാകും

ന്യൂഡൽഹിയിലെ അഖിലേന്ത്യ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടിൽ (AIIA) ഇനി മുതൽ ജനറൽ ഇൻഷുറൻസ് കൗൺസിലിന് കീഴിലുള്ള 32 ജനറൽ ഇൻഷുറൻസ് കമ്പനികളുടെ മെഡിക്ലെയിം പോളിസികൾ വഴി പണരഹിത ചികിത്സ ലഭ്യമാകും. ഇതുമായി ബന്ധപ്പെട്ട് 2026 ഫെബ്രുവരി 10-ന് ജനറൽ ഇൻഷുറൻസ് കൗൺസിലുമായി (GIC) ഇൻസ്റ്റിറ്റ്യൂട്ട് ധാരണാപത്രത്തിൽ ഒപ്പുവച്ചു. ആയുർവേദ ചികിത്സ കൂടുതൽ പേർക്ക് പ്രാപ്യമാക്കാനും ചെലവ് കുറയ്ക്കാനും ഈ നീക്കം സഹായിക്കുമെന്ന് AIIA ഡയറക്ടർ പ്രൊഫ. (വൈദ്യ) പി കെ പ്രജാപതി പറഞ്ഞു. ഇത് രോഗികളുടെ ആത്മവിശ്വാസം വർധിപ്പിക്കുകയും മികച്ച ആനുകൂല്യങ്ങൾ നൽകുകയും ചെയ്യും. ഇൻഷുറൻസ് സംബന്ധമായ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിനും ഇൻഷുറൻസ് പരിരക്ഷയെക്കുറിച്ച് അവബോധം വളർത്തുന്നതിനുമായി ആയുഷ് മന്ത്രാലയം ആദ്യമായി ആയുഷ് ഹെൽത്ത് ഇൻഷുറൻസ് ഹെൽപ്പ് ലൈൻ (1800-11-0008) ആരംഭിച്ചു.



## സൈബർ കുറ്റവാളികളിൽ നിന്ന് 8,000 കോടി രൂപയിലധികം സംരക്ഷിച്ചു



രാജ്യത്ത് ഡിജിറ്റൽ സേവനങ്ങൾ വ്യാപിക്കുന്നതിനൊപ്പം ഓൺലൈൻ തട്ടിപ്പിന്റെ പുതിയ രീതികളും വികസിപ്പിക്കപ്പെടുന്നുണ്ട്. അതുകൊണ്ടാണ് വർധിച്ചുവരുന്ന സൈബർ തട്ടിപ്പുകളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കാൻ ഗവണ്മെന്റ് വിവിധ തലങ്ങളിൽ ശ്രമങ്ങൾ നടത്തുന്നത്. ഇതിനായി ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്റർ (I4C) ആരംഭിച്ചു. എല്ലാത്തരം സൈബർ കുറ്റകൃത്യങ്ങളും റിപ്പോർട്ട് ചെയ്യുന്നതിനായി I4C-ക്ക് കീഴിൽ ദേശീയ സൈബർ ക്രൈം റിപ്പോർട്ടിങ് പോർട്ടലും (https://cybercrime.gov.in), കൂടാതെ 2021-ൽ പൊതുജന സാമ്പത്തിക സൈബർ തട്ടിപ്പ് റിപ്പോർട്ടിങ്ങും കൈകാര്യം ചെയ്യലും സംവിധാനവും (CFCFRMS) ആരംഭിച്ചു. ഈ റിപ്പോർട്ട് പ്രകാരം, 2025 ഡിസംബർ 31 വരെ രാജ്യത്തെ 23.61 ലക്ഷത്തിലധികം പരാതികളിലായി 8,189 കോടി രൂപയിലധികം സംരക്ഷിക്കാൻ സാധിച്ചു. സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ഓൺലൈനായി പരാതി നൽകാൻ സഹായിക്കുന്നതിനായി 1930 എന്ന ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പറും പ്രവർത്തിക്കുന്നുണ്ട്.

## 6G-യിൽ ഇന്ത്യ ലോകത്തെ നയിക്കും

ഇന്ത്യ ഇനി സാങ്കേതികവിദ്യയുടെ പിന്നാലെ പോകുന്ന രാജ്യമല്ല, മറിച്ച് ആഗോള ഡിജിറ്റൽ ശക്തിയായി ഉയർന്നു കഴിഞ്ഞു. ഇന്ത്യയുടെ വാർത്താവിനിമയ വിപ്ലവം ഇപ്പോൾ മെട്രോ നഗരങ്ങളിൽ മാത്രം ഒതുങ്ങുന്നില്ല; അത് ഗ്രാമീണ മേഖലകളിലേക്കും വ്യാപിക്കുകയും ജനങ്ങളുടെ ജീവിതം, വിദ്യാഭ്യാസം, ആരോഗ്യം, ഉപജീവനമാർഗം എന്നിവയിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നു. 4G-യിൽ ഇന്ത്യ ലോകത്തെ പിന്തുടരുകയായിരുന്നു, 5G-യിൽ ലോകത്തിനൊപ്പം നടന്നു, എന്നാൽ 6G-യിൽ ഇന്ത്യ ലോകത്തെ നയിക്കുമെന്ന് കമ്മ്യൂണിക്കേഷൻസ് മന്ത്രാലയത്തിന്റെയും വടക്കുകിഴക്കൻ മേഖല വികസന മന്ത്രാലയത്തിന്റെയും ചുമതലയുള്ള മന്ത്രി ജ്യോതിരാദിത്യ എം സിന്ധ്യ പാർലമെന്റിൽ പ്രസ്താവിച്ചു. ലോകത്തിൽ തന്നെ ഏറ്റവും വേഗതയിലാണ് ഇന്ത്യ 5G സേവനങ്ങൾ ആരംഭിച്ചത്. വെറും 22 മാസത്തിനുള്ളിൽ രാജ്യത്തെ 99.9 ശതമാനം ജില്ലകളിലും 5G സേവനങ്ങൾ ലഭ്യമാക്കി. നിലവിൽ രാജ്യത്തെ 40 കോടി ജനങ്ങൾ 5G-യുടെ പ്രയോജനം ലഭിക്കുന്നവരാണ്, 2030-ഓടെ 100 കോടി ജനങ്ങൾക്ക് 5G സൗകര്യം ലഭ്യമാകും.



# ഇന്ത്യയുടെ തിളക്കമാർന്ന ക്രിക്കറ്റ് പ്രതിഭകൾ

കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ഇന്ത്യയുടെ കായിക ആവാസവ്യവസ്ഥ ഗണ്യമായി കരുത്താർജിച്ചു. വനിതാ ക്രിക്കറ്റായാലും, കാഴ്ചപരിമിതിയുള്ള വനിതകളുടെ ക്രിക്കറ്റായാലും, പുരുഷ ക്രിക്കറ്റായാലും നമ്മുടെ താരങ്ങൾ ആഗോളതലത്തിൽ മുദ്ര പതിപ്പിക്കുകയാണ്. സിംബാബ്‌വെയിലെ ഹരാരെയിൽ നടന്ന ഏകദിന ലോകകപ്പിൽ റെക്കോർഡ് സൃഷ്ടിച്ച് ആറാം തവണയും കിരീടം ചൂടി അണ്ടർ-19 ക്രിക്കറ്റ് ടീം രാജ്യത്തിന് മഹത്വത്തിന്റെ പുതിയ തലം സമ്മാനിച്ചു. ടീമിനെ അഭിനന്ദിച്ചു പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞതിങ്ങനെ: “ലോകകപ്പ് നാട്ടിലെത്തിച്ച നമ്മുടെ അണ്ടർ-19 ടീമിൽ അഭിമാനം. ടൂർണമെന്റിലുടനീളം മികച്ച പ്രകടനം കാഴ്ചവച്ച ടീം തങ്ങളുടെ അസാധാരണമായ നൈപുണ്യം പ്രദർശിപ്പിച്ചു. ഈ വിജയം നിരവധി യുവ കായികതാരങ്ങൾക്ക് പ്രചോദനമാകും. താരങ്ങളുടെ വരാനിരിക്കുന്ന എല്ലാ ഉദ്യമങ്ങൾക്കും ആശംസകൾ നേരുന്നു.” ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ യുവജേതാക്കളെ അഭിനന്ദിക്കുകയും ഈ വിജയം ചരിത്രപരമായ നേട്ടമാണെന്ന് വിശേഷിപ്പിക്കുകയും ചെയ്തു. ടൂർണമെന്റിലെ താരമായി തെരഞ്ഞെടുക്കപ്പെട്ട യുവതാരം വൈഭവ് സൂര്യവംശിയുടെ റെക്കോർഡ് പ്രകടനത്തെ അദ്ദേഹം പ്രത്യേകം പ്രശംസിച്ചു.




# ഭാരതീയ അന്തരീക്ഷ് സ്റ്റേഷനിലേക്കുള്ള പാത

ഭാരതീയ അന്തരീക്ഷ് സ്റ്റേഷന്റെ അഞ്ച് മൊഡ്യൂളുകളുടെയും പൊതുവായ ഘടനയ്ക്ക് ഭാരതീയ ബഹിരാകാശ ഗവേഷണ സംഘടന (ISRO) അന്തിമരൂപം നൽകി. വിശദമായ വിലയിരുത്തലുകൾക്ക് ശേഷം ആദ്യ മൊഡ്യൂളിന് അംഗീകാരം ലഭിച്ചു. ഭാരതീയ അന്തരീക്ഷ് സ്റ്റേഷന്റെ ആദ്യ മോഡ്യൂളിന്റെ (BAS-01) വികസനവും വിക്ഷേപണവും 2028-ഓടെ നടക്കും. BAS-01 മൊഡ്യൂളിനായുള്ള വിവിധ ഉപസംവിധാനങ്ങളുടെ സിസ്റ്റം എൻജിനിയറിങ്, സാങ്കേതിക വികസനം എന്നിവ ISRO കേന്ദ്രങ്ങളിൽ പുരോഗമിക്കുകയാണ്. അത്യാധുനിക ജീവൻരക്ഷാ സംവിധാനങ്ങളും നവീന സാങ്കേതികവിദ്യകളും ഭാരതീയ അന്തരീക്ഷ് സ്റ്റേഷനിൽ സജ്ജീകരിക്കും. ഇത് ഭൂമിയുടെ താഴ്ന്ന ഭ്രമണപഥത്തിൽ മനുഷ്യർക്ക് ദീർഘകാലം താമസിക്കാൻ സൗകര്യമൊരുക്കും. സമൂഹത്തിലും സമ്പദ്‌വ്യവസ്ഥയിലും ഗുണപരമായ സ്വാധീനം ചെലുത്താൻ കഴിയുന്ന നൂതന ശാസ്ത്ര ഗവേഷണങ്ങൾക്കും പുതിയ സാങ്കേതികവിദ്യകളുടെ പരീക്ഷണങ്ങൾക്കും ഇത് വഴിയൊരുക്കും. കൂടാതെ, താഴ്ന്ന ഭ്രമണപഥത്തിന് അപ്പുറത്തേക്കുള്ള ഇന്ത്യയുടെ ഭാവി മനുഷ്യ ബഹിരാകാശ ദൗത്യങ്ങളെയും ഇത് പിന്തുണയ്ക്കും. പഴയ ദൗത്യങ്ങളും BAS-01-ന്റെ വികസനവും വിക്ഷേപണവും ഉൾപ്പെടുത്തി ഗഗൻയാൻ പദ്ധതിയുടെ വ്യാപ്തി ഗവൺമെന്റ് പരിഷ്കരിച്ചു. ഇതിലൂടെ പദ്ധതിയുടെ ബജറ്റ് 20,193 കോടി രൂപയായി ഉയർത്തി.




# 260 വന്ദേ ഭാരത് റേക്കുകൾ നിർമിക്കാൻപദ്ധതി

പ്രതിവർഷം 7.2 ശതകോടി യാത്രക്കാരെ കൈകാര്യം ചെയ്യുന്ന ഇന്ത്യൻ റെയിൽവേ നിരന്തരം ആധുനികവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. വന്ദേ ഭാരത്, നമോ ഭാരത്, അമൃത് ഭാരത് ട്രെയിനുകളുടെ രൂപത്തിൽ പുതിയ സേവനങ്ങൾ റെയിൽവേയിൽ തുടർച്ചയായി കൂട്ടിച്ചേർക്കപ്പെടുന്നു. ഇതിന്റെ ഭാഗമായി വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ അടുത്തിടെ പുറത്തിറക്കി. ഇത് വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിലാണ് ഗവൺമെന്റ്. സുരക്ഷിതവും വിശ്വസനീയവും സുഖപ്രദവുമായ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ സെറ്റുകൾ ഗവൺമെന്റ് വികസിപ്പിക്കുകയാണെന്ന് റെയിൽവേ, വാർത്താവിതരണ-പ്രക്ഷേപണ, ഇലക്ട്രോണിക്സ് - വിവരസാങ്കേതികവിദ്യ വകുപ്പുകളുടെ ചുമതലയുള്ള കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പ്രസ്താവിച്ചു. ആദ്യ മാതൃക വികസനം, പരിശോധനകൾ, തുടർച്ചയായ ഉൽപ്പാദനം എന്നിവയിലൂടെ BEML, ഇന്റഗ്രൽ കോച്ച് ഫാക്ടറി, സാങ്കേതിക പങ്കാളികൾ എന്നിവർ ചേർന്ന് ഘട്ടം ഘട്ടമായാണ് വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ നിർമാണ പദ്ധതി നടപ്പാക്കുന്നത്. ആകെ 260 റേക്കുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്; ഇവ ആവശ്യകതയ്ക്കും പ്രവർത്തനസജ്ജതയ്ക്കും അനുസരിച്ച് ഘട്ടം ഘട്ടമായി സർവീസിനായി ലഭ്യമാക്കും.





ജനനം: മാർച്ച് 3, 1976

# ശത്രുവിന്റെ ആയുധം കൊണ്ട്

## ശത്രുവിനെ തുരത്തിയ വീരൻ

*അസാധാരണമായ ധീരതയ്ക്ക് പരംവീർ ചക്ര ബഹുമതി ലഭിച്ച റൈഫിൾമാൻ സഞ്ജയ് കുമാർ, കാർഗിൽ യുദ്ധകാലത്ത് ശത്രുവിന്റെ ആയുധങ്ങൾ ഉപയോഗിച്ച് അവരെത്തന്നെ പരാജയപ്പെടുത്തി അജയ്യമായ കരുത്താണ് പ്രകടിപ്പിച്ചത്. രക്തത്തിൽ കുളിച്ചു നിൽക്കുമ്പോഴും ഈ വീരസേനാനി യുദ്ധക്കളത്തിൽ നിന്ന് പിന്മാറാൻ വിസമ്മതിച്ചു. 'പോയിന്റ് ഫ്ളാറ്റ് ടോപ്പ്' ശത്രുക്കളിൽനിന്ന് പൂർണമായും മോചിപ്പിക്കുന്നത് വരെ അദ്ദേഹം പോരാട്ടം തുടർന്നു...*

ഹിമാചൽ പ്രദേശിലെ ബിലാസ്പുർ ജില്ലയിലുള്ള കലോൽ ബകൈൻ ഗ്രാമത്തിൽ 1976 മാർച്ച് 3-നാണ് സഞ്ജയ് കുമാർ ജനിച്ചത്. മൂന്ന് സഹോദരിമാരും രണ്ട് സഹോദരന്മാരും അടങ്ങുന്ന കുടുംബത്തിലെ ഏറ്റവും ഇളയവനായിരുന്നു അദ്ദേഹം. കുട്ടിക്കാലം മുതലേ സൈന്യത്തിൽ ചേരണമെന്നത് അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു. 1965-ലെ ഇന്ത്യ- പാകിസ്ഥാൻ യുദ്ധത്തിൽ പങ്കെടുത്ത അദ്ദേഹത്തിന്റെ അമ്മാവൻ പറഞ്ഞ യുദ്ധവീരഗാഥകളും, സൈന്യത്തിൽ ചേർന്ന മറ്റ് ഗ്രാമവാസികളുമാണ് പട്ടാളത്തിൽ ചേരാൻ അദ്ദേഹത്തിന് പ്രചോദനമായത്. ദൃഢനിശ്ചയത്തോടെ പരിശ്രമിച്ച സഞ്ജയ് കുമാർ ഒടുവിൽ 1996-ൽ ലക്ഷ്യം കാണുകയും ജമ്മു കശ്മീർ റൈഫിൾസിന്റെ 13-ാം ബറ്റാലിയനിൽ സൈനികനായി ചേരുകയും ചെയ്തു.

1999 ജൂലൈ 4-ന്, 13-ാം ജമ്മു കശ്മീർ റൈഫിൾസിലെ കമ്പനിയുടെ മുൻനിര സ്കൗട്ട് ആയിരുന്ന റൈഫിൾമാൻ സഞ്ജയ് കുമാറിനെ ജമ്മു കശ്മീരിലെ മുഷ്കോ താഴ്വര തിരിച്ചുപിടിക്കാൻ നിയോഗിച്ചു. മലമുകളിൽ എത്തിയപ്പോൾ ശത്രുവിന്റെ ബങ്കറിൽ നിന്ന് കനത്ത വെടിവയ്പ്പ് നേരിടേണ്ടി വന്നു. തുടർന്നുണ്ടായ നേരിട്ടുള്ള ഏറ്റുമുട്ടലിൽ അദ്ദേഹം മൂന്ന് നുഴഞ്ഞുകയറ്റക്കാരെ വധിക്കുകയും അദ്ദേഹത്തിന് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. ഈ പ്രത്യാക്രമണം ശത്രുസൈന്യത്തെ പാടെ അമ്പരപ്പിച്ചു, അവർ തങ്ങളുടെ യൂണിവേഴ്സൽ മെഷീൻ ഗൺ ഉപേക്ഷിച്ച് ഓടിരക്ഷപ്പെട്ടു. റൈഫിൾമാൻ സഞ്ജയ് കുമാർ ആ മെഷീൻ ഗൺ കൈക്കലാക്കി ഓടിപ്പോയ സൈനികർക്ക് നേരെ വെടിയുതിർക്കുകയും നിരവധി പേരെ വധിക്കുകയും ചെയ്തു. കഠിനമായ രക്തസ്രാവമുണ്ടായിട്ടും അദ്ദേഹം യുദ്ധക്കളത്തിൽ നിന്ന് പിന്മാറാൻ വിസമ്മതിച്ചു. അദ്ദേഹത്തിന്റെ ധീരമായ നടപടി സഹപ്രവർത്തകർക്ക് ആവേശം പകരുകയും, അവർ ശത്രുവിനെ ആക്രമിച്ച് ഒടുവിൽ 'ഫ്ളാറ്റ് ടോപ്പ്' പ്രദേശം പിടിച്ചെടുക്കുകയും ചെയ്തു.

യുദ്ധത്തിൽ പ്രകടിപ്പിച്ച ഉയർന്ന വീര്യത്തിനും അജയ്യമായ കരുത്തിനും ആദരമായി റൈഫിൾമാൻ സഞ്ജയ് കുമാറിന് പരംവീർ ചക്ര സമ്മാനിച്ചു. 2014 ജൂലൈ 2-ന് നായിബ് സുബേദാർ സഞ്ജയ് കുമാർ ഇന്ത്യൻ സൈന്യത്തിൽ ജൂനിയർ കമ്മീഷൻഡ് ഓഫീസറായി നിയമിതനായി. കൂടാതെ, സൈന്യത്തോടുള്ള അദ്ദേഹത്തിന്റെ പ്രതിജ്ഞാബദ്ധതയും അർപ്പണബോധവും പരിഗണിച്ച്, ദേശീയ ഡിഫൻസ് അക്കാദമി ഇൻസ്ട്രക്ടറായ സഞ്ജയ് കുമാറിന് 2022 ഫെബ്രുവരിയിൽ സുബേദാർ മേജർ പദവി നൽകി ആദരിച്ചു. 2026-ലെ റിപ്പബ്ലിക് ദിനത്തിൽ ഇന്ത്യൻ സൈന്യം അദ്ദേഹത്തിന് ഓണററി ക്യാപ്റ്റൻ പദവി നൽകി.




# സേവനത്തിന്റെയും കർത്തവ്യത്തിന്റെയും 'നവതീർഥം'

***പുതിയ കെട്ടിടങ്ങൾ എന്നതിലുപരി, പരിവർത്തനം ചെയ്യപ്പെട്ട ഭരണസംസ്കാരത്തിന്റെയും സദ്ഭരണത്തോടുള്ള പ്രതിജ്ഞാബദ്ധതയുടെയും പ്രതീകങ്ങളായാണ് ഗവണ്മെന്റ് 'സേവാതീർഥും' 'കർത്തവ്യ ഭവനും' വികസിപ്പിച്ചെടുത്തത്. അധികാരമനോഭാവത്തിൽ നിന്ന് സേവനമനോഭാവത്തിലേക്കുള്ള മാറ്റത്തെയാണ് ഇവ പ്രതിനിധാനം ചെയ്യുന്നത്. ഈ പരിവർത്തനം കേവലം ഘടനാപരമല്ല, മറിച്ച് ചിന്താഗതിയിലും പ്രവർത്തനശൈലിയിലുമുള്ള മാറ്റത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. ഫെബ്രുവരി 13-ന്, വിജയ ഏകാദശിയുടെ ശുഭമുഹൂർത്തത്തിൽ പ്രധാനമന്ത്രിയുടെ ഓഫീസ് 'സേവാ തീർഥ്' എന്ന് അറിയപ്പെടാൻ തുടങ്ങി. അതേ അവസരത്തിൽ, കോമൺ സെൻട്രൽ സെക്രട്ടറിയറ്റിന്റെ ഭാഗമായ കർത്തവ്യ ഭവൻ-1, 2 എന്നിവയുടെ ഉദ്ഘാടനവും നടന്നു; വികസിത ഇന്ത്യയിലേക്കുള്ള യാത്രയിലെ പുതിയ തുടക്കത്തിന് ഇത് സാക്ഷ്യം വഹിച്ചു.***

പുതിയ ഇന്ത്യ പുതിയ യുഗത്തിലേക്കുള്ള പാതയിലൂടെ നീങ്ങുകയാണ്. വിക്രം സംവത്സരം 2082, ഫാൽഗുന മാസത്തിലെ കൃഷ്ണപക്ഷ വിജയ ഏകാദശി, ശക സംവത്സരം 1947 മാഘം 24, അതായത് നിലവിലെ കലണ്ടർ പ്രകാരം 2026 ഫെബ്രുവരി 13, ഇന്ത്യയുടെ വികസന യാത്രയിലെ പുതിയ തുടക്കത്തിന് സാക്ഷ്യം വഹിച്ചു. വികസിത ഇന്ത്യ എന്ന പ്രതിജ്ഞയോടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ ദിവസം 'സേവാ തീർഥും' 'കർത്തവ്യ ഭവനും' ഉദ്ഘാടനം ചെയ്തു. കോളനിവാഴ്ചയുടെ ആവശ്യങ്ങളും ചിന്താഗതിയും മുൻനിർത്തിയാണ് നോർത്ത് ബ്ലോക്കും സൗത്ത് ബ്ലോക്കും നിർമിച്ചിരുന്നത്. അക്കാലത്തെ വൈസ്രോയി പ്രസ്താവിച്ചത്, ബ്രിട്ടീഷ് ചക്രവർത്തിയുടെ താൽപ്പര്യങ്ങൾക്കനുസൃതമായാണ് ഈ നിർമിതികൾ കെട്ടിപ്പടുത്തതെന്നാണ്. മറ്റ് കെട്ടിടങ്ങളേക്കാൾ ഉയരത്തിൽ നിൽക്കണമെന്നും മറ്റാർക്കും ഒപ്പമെത്താൻ കഴിയില്ലെന്നും ഉറപ്പാക്കാനാണ് റെയ്സിന ഹിൽസ് തെരഞ്ഞെടുത്തത്. റെയ്സിന ഹിൽസിന് വിപരീതമായി, സേവാതീർഥ് സമുച്ചയം നേരിട്ട് മണ്ണുമായി ബന്ധപ്പെട്ടു കിടക്കുന്നു. സൗത്ത്, നോർത്ത് ബ്ലോക്കുകൾ അധിനിവേശ മനോഭാവം നടപ്പാക്കാനാണ് നിർമിച്ചതെങ്കിൽ, ഇന്ന് സേവാതീർഥും കർത്തവ്യ ഭവനും നിർമിച്ചിരിക്കുന്നത് ഇന്ത്യയിലെ ജനങ്ങളുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിനാണ്. ഈ കെട്ടിടങ്ങളിൽ നിന്ന് എടുക്കുന്ന തീരുമാനങ്ങൾ 140 കോടി വ്യക്തികളുടെ പ്രതീക്ഷകൾ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള അടിത്തറയാകും.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യപാദം പിന്നിട്ടിരിക്കുകയാണെന്നും, വികസിത ഇന്ത്യ എന്ന കാഴ്ചപ്പാട് നയങ്ങളിലും പദ്ധതികളിലും മാത്രമല്ല, തൊഴിലിടങ്ങളിലും കെട്ടിടങ്ങളിലും പ്രതിഫലിക്കേണ്ടത് അത്യാവശ്യമാണെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. രാഷ്ട്രം ഭരിക്കപ്പെടുന്ന സ്ഥലങ്ങൾ ഫലപ്രദവും പ്രചോദനാത്മകവും ആകർഷകവും ഉന്മേഷദായകവും ആയിരിക്കണമെന്ന് അദ്ദേഹം പറഞ്ഞു.



**സേവാ തീർഥ്:** ഈ സമുച്ചയത്തിൽ ഇപ്പോൾ പ്രധാനമന്ത്രിയുടെ ഓഫീസും, ദേശീയ സുരക്ഷാസമിതി സെക്രട്ടറിയേറ്റും, ക്യാബിനറ്റ് സെക്രട്ടറിയേറ്റും പ്രവർത്തിക്കുന്നു. മുമ്പ് ഈ ഓഫീസുകൾ വിവിധയിടങ്ങളിലായാണ് പ്രവർത്തിച്ചിരുന്നത്.

**കർത്തവ്യ ഭവൻ - 1 & 2:** ധനകാര്യ മന്ത്രാലയം, രാജ്യരക്ഷാ മന്ത്രാലയം, ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം, കമ്പനികാര്യ മന്ത്രാലയം, വിദ്യാഭ്യാസ മന്ത്രാലയം, സാംസ്കാരിക മന്ത്രാലയം, നിയമ-നീതി മന്ത്രാലയം, വാർത്താവിതരണ-പ്രക്ഷേപണ മന്ത്രാലയം, കൃഷി-കർഷകക്ഷേമ മന്ത്രാലയം, രാസവസ്തു-രാസവളം മന്ത്രാലയം, ഗോത്രവർഗകാര്യ മന്ത്രാലയം എന്നിവ ഇവിടെ പ്രവർത്തിക്കുന്നു.

**ഈ കെട്ടിടങ്ങൾ ആധുനിക സൗകര്യങ്ങളാൽ സമ്പന്നമാണ്:** ഇരു കെട്ടിട സമുച്ചയങ്ങളിലും ഡിജിറ്റൽ സംവിധാനങ്ങൾ ഏകോപിപ്പിച്ച ഓഫീസുകൾ, ക്രമീകരിക്കപ്പെട്ട പൊതുജന സമ്പർക്ക മേഖലകൾ, കേന്ദ്രീകൃത സ്വീകരണ സംവിധാനങ്ങൾ എന്നിവയുണ്ട്. ഈ സമുച്ചയങ്ങളിൽ പാരമ്പര്യേതര ഊർജ സംവിധാനങ്ങൾ, ജലസംരക്ഷണ നടപടികൾ, മാലിന്യ സംസ്കരണ മാർഗങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, അത്യാധുനിക പ്രവേശന നിയന്ത്രണ സംവിധാനങ്ങൾ, നിരീക്ഷണ ശൃംഖലകൾ, അത്യാധുനിക അടിയന്തര പ്രതികരണ സംവിധാനങ്ങൾ എന്നിവയുൾപ്പെടെയുള്ള സമഗ്രമായ സുരക്ഷാ സജ്ജീകരണങ്ങളും ഈ കെട്ടിട സമുച്ചയങ്ങളിൽ ഒരുക്കിയിട്ടുണ്ട്.

“

**ഇന്ത്യയിലെ ജനങ്ങളുടെ ആഗ്രഹങ്ങൾ പൂർത്തീകരിക്കുന്നതിനായാണ് സേവാതീർഥും കർത്തവ്യ ഭവനും നിർമിച്ചിരിക്കുന്നത്. ഇവിടെ കൈക്കൊള്ളുന്ന തീരുമാനങ്ങൾ ഏതെങ്കിലും ഭരണാധികാരിയുടെ ചിന്താഗതിയെ പ്രതിഫലിപ്പിക്കുന്നതാകില്ല; മറിച്ച്, 140 കോടി ജനങ്ങളുടെ പ്രതീക്ഷകളെ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള അടിത്തറയായി ഇത് വർത്തിക്കും.**

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*

## കർത്തവ്യത്തിന്റെ അടിത്തറയിലായിരിക്കും വികസിത ഇന്ത്യ കെട്ടിപ്പടുക്കുക.

*ദശലക്ഷക്കണക്കിന് പൗരന്മാരുടെ സ്വപ്നങ്ങൾ യാഥാർഥ്യമാക്കുന്നതിനുള്ള അടിത്തറയാണ് കർത്തവ്യം!*

*കർത്തവ്യമാണ് തുടക്കം; ഈ ഊർജസ്വലമായ രാഷ്ട്രത്തിന്റെ ജീവനാഡി കർത്തവ്യമാണ്.*

*കരുണയുടെയും കഠിനാധ്വാനത്തിന്റെയും സ്നേഹരസത്തിൽ കോർത്ത പ്രവർത്തനമാണ് കർത്തവ്യം!*

*കർത്തവ്യം സങ്കൽപ്പങ്ങളുടെ പ്രതീക്ഷയാണ്! കഠിനാധ്വാനത്തിന്റെ പരിസമാപ്തിയാണ് കർത്തവ്യം!*

*എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരമാണ് കർത്തവ്യം; വികസിത ഇന്ത്യയുടെ വിശ്വാസമാണ് കർത്തവ്യം!*

*കർത്തവ്യം സമത്വമാണ്, കർത്തവ്യം സ്നേഹമാണ്, കർത്തവ്യം സാർവത്രികമാണ്, കർത്തവ്യം സർവവ്യാപിയുമാണ്.*

*ഏവർക്കുമൊപ്പം, ഏവരുടെയും വികസനം എന്ന തത്വത്തിന്റെ ചൈതന്യത്തിൽ ഇഴചേർത്ത മന്ത്രമാണ് കർത്തവ്യം!*

*രാഷ്ട്രത്തോടുള്ള പ്രതിജ്ഞാബദ്ധതയുടെ ചൈതന്യമാണ് കർത്തവ്യം!*

*ഓരോ ജീവിതത്തിലും പ്രകാശം പരത്തുന്ന ഇച്ഛാശക്തിയാണ് കർത്തവ്യം!*

*സ്വയംപര്യാപ്ത ഇന്ത്യയുടെ ആനന്ദമാണ് കർത്തവ്യം! വരുംതലമുറകളുടെ ശോഭനമായ ഭാവി ഉറപ്പാക്കുന്നതാണ് കർത്തവ്യം!*

*ഭാരതാംബയുടെ ജീവോർജത്തിന്റെ പതാകവഹിക്കുന്നതാണ് കർത്തവ്യം!*

*രാഷ്ട്രത്തോടുള്ള ഭക്തിയോടെ ചെയ്യുന്ന ഓരോ പ്രവൃത്തിയും കർത്തവ്യമാണ്!*

*'നാഗരിക് ദേവോ ഭവഃ' എന്ന ശീലത്തിലേക്കുള്ള ഉണർവേകുന്ന പാതയാണ് കർത്തവ്യം!*

സൗത്ത് ബ്ലോക്കും നോർത്ത് ബ്ലോക്കും സ്ഥലപരിമിതിയും കുറഞ്ഞ സൗകര്യങ്ങളും നേരിടുന്നുണ്ടെന്നും, നൂറു വർഷത്തോളം പഴക്കമുള്ളതിനാൽ അവ അകമേ ജീർണിച്ചുകൊണ്ടിരിക്കുകയാണെന്നും മറ്റ് നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ടെന്നും പ്രധാനമന്ത്രി മോദി ചൂണ്ടിക്കാട്ടി. സ്വാതന്ത്ര്യം ലഭിച്ച് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇന്ത്യയിലെ ഗവൺമെന്റിന്റെ പത്തോളം മന്ത്രാലയങ്ങൾ ഡൽഹിയിലെ 50-ലധികം വിവിധ സ്ഥലങ്ങളിലായാണ് പ്രവർത്തിക്കുന്നതെന്ന് അദ്ദേഹം ഓർമിപ്പിച്ചു. ഈ മന്ത്രാലയങ്ങളുടെ കെട്ടിടങ്ങൾക്കായി ഓരോ വർഷവും 1,500 കോടി രൂപ വാടകയായി ചെലവഴിക്കുന്നുണ്ടെന്നും, 8,000 മുതൽ 10,000 വരെ ജീവനക്കാർ ഓഫീസുകൾക്കിടയിൽ യാത്ര ചെയ്യുന്നതിനായി ദിനംപ്രതി വലിയ തുക ലോജിസ്റ്റിക്സ് ഇനത്തിൽ ചെലവാക്കുന്നുണ്ടെന്നും അദ്ദേഹം അടിവരയിട്ടു. സേവാ തീർഥിന്റെയും കർത്തവ്യ ഭവന്റെയും നിർമാണത്തോടെ ഈ ചെലവുകൾ കുറയുമെന്നും ജീവനക്കാരുടെ സമയം ലാഭിക്കാനാകുമെന്നും അദ്ദേഹം എടുത്തുപറഞ്ഞു.

പഴയ കെട്ടിടം രാഷ്ട്രത്തിന് മ്യൂസിയമാക്കി സമർപ്പിക്കുന്നുവെന്നും, യുഗേ യുഗീൻ ഭാരത് മ്യൂസിയത്തിന്റെ ഭാഗമാക്കാനുമുള്ള തീരുമാനവും പ്രധാനമന്ത്രി പ്രഖ്യാപിച്ചു.



## പുതിയ പ്രധാനമന്ത്രിയുടെ ഓഫീസിന്റെ പേര് സേവാതീർഥ് എന്നാണ്

പുതിയ പ്രധാനമന്ത്രിയുടെ ഓഫീസിന്റെ പേര് സേവാ തീർഥ് എന്നാണ്.

സേവന മനോഭാവം ഇന്ത്യയുടെ ആത്മാവാണ്; സേവന മനോഭാവം ഇന്ത്യയുടെ സ്വത്വമാണ്.

ഭരണം എന്നാൽ സേവനം, ഉത്തരവാദിത്വം എന്നാൽ സമർപ്പണം.

സേവാതീർഥ് വെറുമൊരു പേരല്ല; അതൊരു നിശ്ചയദാർഢ്യമാണ്.

സേവാതീർഥ് എന്നാൽ പൗരന്മാർക്കുള്ള സേവനത്താൽ പവിത്രമായ ഒരിടം എന്നാണ് അർത്ഥമാക്കുന്നത്!

സേവനമെന്ന ദൃഢനിശ്ചയം സാക്ഷാത്കരിക്കാനുള്ള സ്ഥലം!

ഇന്ന് ഇന്ത്യ, വികസിത ഇന്ത്യ, സ്വയംപര്യാപ്ത ഇന്ത്യ എന്ന ലക്ഷ്യത്തെ അഭിമുഖീകരിക്കുന്നു.

ലക്ഷക്കണക്കിന് നാട്ടുകാരെ ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കണം, അടിമത്തത്തിന്റെ മാനസികാവസ്ഥയിൽ നിന്ന് രാജ്യത്തെ മോചിപ്പിക്കണം, സേവനത്തിന്റെ ശക്തിയിലൂടെ മാത്രമേ ഈ ദൗത്യം പൂർത്തീകരിക്കപ്പെടൂ.

*പ്രധാനമന്ത്രിയുടെ സമ്പൂർണ്ണ പരിപാടി കാണുന്നതിന് ക്യു.ആർ കോഡ് സ്കാൻ ചെയ്യുക*

ഭാവി തലമുറകൾക്ക് പ്രചോദനത്തിന്റെ കേന്ദ്രമായി ഈ കെട്ടിടം വർത്തിക്കുമെന്നും യുവാക്കൾ സന്ദർശിക്കുമ്പോൾ ചരിത്രപരമായ പൈതൃകം അവരെ നയിക്കുമെന്നും അദ്ദേഹം പറഞ്ഞു. 2014-ൽ രാജ്യം അധിനിവേശ മാനസികാവസ്ഥ തുടരില്ലെന്ന് തീരുമാനിച്ചതായി പ്രധാനമന്ത്രി മോദി പറഞ്ഞു. ഈ മനോഭാവം മാറ്റുന്നതിനായി ഒരു പ്രചാരണം ആരംഭിച്ചതായും ഇത് രക്തസാക്ഷികളുടെ ബഹുമാനാർത്ഥം ദേശീയ യുദ്ധ സ്മാരകം സൃഷ്ടിക്കുന്നതിലേക്കും പൊലീസിന്റെ ധീരതയെ അംഗീകരിക്കുന്നതിനായി പൊലീസ് സ്മാരകത്തിലേക്കും നയിച്ചതായും അദ്ദേഹം പറഞ്ഞു. റേസ് കോഴ്സ് റോഡിനെ ലോക് കല്യാൺ മാർഗ് എന്ന് പുനർനാമകരണം ചെയ്തതായും ഇത് കേവലം പേര് മാറ്റൽ മാത്രമല്ലെന്നും, അധികാര മനോഭാവത്തെ സേവന മനോഭാവമാക്കി മാറ്റാനുള്ള ശ്രമമാണെന്നും അദ്ദേഹം ഓർമിപ്പിച്ചു.

'സേവാ തീർഥ്' എന്നത് കേവലം ഒരു പേരല്ല, മറിച്ച് ഒരു നിശ്ചയദാർഢ്യമാണെന്ന് അദ്ദേഹം പ്രസ്താവിച്ചു- ജനങ്ങളെ സേവിക്കുന്ന പുണ്യസ്ഥലം, സേവനമെന്ന പ്രതിജ്ഞ പൂർത്തീകരണത്തിലേക്ക് എത്തിക്കുന്ന ഒരിടം. മോചനം നൽകാനും ലക്ഷ്യങ്ങൾ കൈവരിക്കാൻ സഹായിക്കാനും ശേഷിയുള്ള ഒന്നാണ് 'തീർഥ്' എന്ന് അദ്ദേഹം വിശദീകരിച്ചു.

കഴിഞ്ഞ പതിനൊന്ന് വർഷമായി, തീരുമാനമെടുക്കലിന്റെ കേന്ദ്രബിന്ദു പൗരനാണെന്ന പുതിയൊരു ഭരണ മാതൃക ഉയർന്നുവന്നിട്ടുണ്ടെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. 'നാഗരിക് ദേവോ ഭവ' എന്നത് വെറുമൊരു വാക്യമല്ല, മറിച്ച് പ്രവർത്തന സംസ്കാരമാണെന്നും ഉദ്യോഗസ്ഥർ ഈ പുതിയ കെട്ടിടങ്ങളിൽ പ്രവേശിക്കുമ്പോൾ അത് സ്വീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

**ദശലക്ഷക്കണക്കിന് പൗരന്മാരുടെ ജീവിതം സുഗമമാക്കും**

സേവാതീർത്ഥിൽ എടുക്കുന്ന ഓരോ തീരുമാനവും, ഓരോ ഫയൽ നീക്കവും, ഇവിടെ ചെലവഴിക്കുന്ന ഓരോ നിമിഷവും 140 കോടി പൗരന്മാരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി സമർപ്പിക്കണം. ഓരോ ഉദ്യോഗസ്ഥരും ജീവനക്കാരും കർമയോഗികളും ഒരു നിമിഷമെടുത്ത് ആലോചിച്ച്, "ഇന്നത്തെ അവരുടെ ജോലി ദശലക്ഷക്കണക്കിന് പൗരന്മാരുടെ ജീവിതം എളുപ്പമാക്കുമോ?" എന്നു സ്വയം ചോദിക്കാൻ പ്രധാനമന്ത്രി മോദി അഭ്യർത്ഥിച്ചു. ഈ ആത്മപരിശോധന ഈ സ്ഥലത്തിന്റെ ഏറ്റവും വലിയ ശക്തിയായി മാറുമെന്ന് അദ്ദേഹം പറഞ്ഞു.

**പുതിയ കെട്ടിടങ്ങൾ 2047-ലെ വികസിത ഇന്ത്യയുടെ ദിശ നിർണയിക്കും**

സേവാതീർത്ഥിലും കർത്തവ്യ ഭവനിലും എടുക്കുന്ന ഓരോ തീരുമാനവും ഒരു ഫയലിന്റെ അംഗീകാരം മാത്രമല്ല, 2047 ലെ വികസിത ഇന്ത്യയുടെ ദിശയും രൂപപ്പെടുത്തും. ഓരോ സ്ഥാപനത്തിന്റെയും, ഓരോ ഉദ്യോഗസ്ഥന്റെയും, ഓരോ ജീവനക്കാരന്റെയും, ഓരോ കർമ്മയോഗിയുടെയും പങ്ക് നിർണായകമാണ്. തന്റെ ദർശനം പങ്കുവച്ച്, സേവാതീർത്ഥ് സംവേദനക്ഷമതയുള്ള ഭരണത്തിന്റെ പ്രതീകമായും പൗര കേന്ദ്രീകൃത ഭരണത്തിന്റെ മാതൃകയായും മാറണമെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു.



വന്ദേമാതരം സംബന്ധിച്ച ആഭ്യന്തര മന്ത്രാലയത്തിന്റെ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ

# ആറ് ശീലുകളും ആലപിക്കൽ നിർബന്ധം ദൈർഘ്യം: 3 മിനിറ്റ് 10 സെക്കൻഡ്

***ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150 – ാം വാർഷികം രാജ്യം ആഘോഷിക്കുകയാണ്. ഈ ആഘോഷത്തിന്റെ ഭാഗമായി, സംസ്ഥാനങ്ങൾക്കും ഗവണ്മെന്റ് സ്ഥാപനങ്ങൾക്കും ആഭ്യന്തര മന്ത്രാലയം പുതിയ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഒരു ചടങ്ങിൽ ദേശീയ ഗീതവും (വന്ദേമാതരം) ദേശീയ ഗാനവും (ജനഗണമന) ഉൾപ്പെടുന്നുണ്ടെങ്കിൽ, ദേശീയ ഗാനത്തിന് മുൻപായി വന്ദേമാതരം ആലപിക്കുകയോ പ്ലേ ചെയ്യുകയോ ചെയ്യണമെന്ന് ഇതിൽ നിഷ്കർഷിക്കുന്നു. രാഷ്ട്രപതിയുടെ വരവ്, ദേശീയ പതാക ഉയർത്തൽ, ഗവർണർമാരുടെ പ്രസംഗങ്ങൾ തുടങ്ങിയ പ്രധാന ഔദ്യോഗിക ചടങ്ങുകളിൽ ദേശീയ ഗീതത്തിന്റെ ഔദ്യോഗിക പതിപ്പ് നിർബന്ധമാണ്...***

ബങ്കിം ചന്ദ്ര ചാറ്റർജി രചിച്ച ദേശീയ ഗീതമായ 'വന്ദേമാതരം' ആലപിക്കുന്നതുമായി ബന്ധപ്പെട്ട ഔദ്യോഗിക പെരുമാറ്റച്ചട്ടം ഇന്ത്യാ ഗവൺമെന്റ് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ വഴിയാണ് സ്ഥാപിതമായത്. ഔദ്യോഗിക ഗവൺമെന്റ് ചടങ്ങുകളിൽ അത് എങ്ങനെ, എപ്പോൾ അവതരിപ്പിക്കണമെന്ന് ഈ മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കുന്നു. പൗരന്മാർ പാലിക്കേണ്ട പെരുമാറ്റച്ചട്ടം, ദേശീയ ഗീതം അവതരിപ്പിക്കുന്നതിനോ ആലപിക്കുന്നതിനോ ഉള്ള ശരിയായ രീതി, അതിന്റെ ദൈർഘ്യത്തെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവയും അവ നൽകുന്നു.

**ദൈർഘ്യം**

ദേശീയ ഗീതം ആലപിക്കുന്നതിനോ പ്ലേ ചെയ്യുന്നതിനോ ഏകദേശം 3 മിനിറ്റ് 10 സെക്കൻഡ് സമയമാണ് എടുക്കുന്നത്.

**ദേശീയ ഗീതം ആദ്യം**

ഒരു പരിപാടിയിൽ ദേശീയ ഗീതവും ദേശീയ ഗാനവും ആലപിക്കുകയോ അവതരിപ്പിക്കുകയോ ചെയ്താൽ ആദ്യം ദേശീയ ഗീതം അവതരിപ്പിക്കണമെന്നത് പ്രധാനമാണ്. അതിന് ശേഷമായിരിക്കണം ദേശീയ ഗാനം.

**സിനിമാശാലകൾക്കും ചലച്ചിത്ര പ്രദർശനങ്ങൾക്കും പ്രത്യേക ഇളവുകൾ**

ദേശീയ ഗീതത്തിന്റെ ഔദ്യോഗിക പതിപ്പ് ആലപിക്കുമ്പോഴോ അവതരിപ്പിക്കുമ്പോഴോ പ്രേക്ഷകർ എഴുന്നേറ്റു നിൽക്കണം. എന്നിരുന്നാലും, ഒരു വാർത്താ റീലിന്റെയോ ഡോക്യുമെന്ററിയുടെയോ സമയത്ത് ദേശീയ ഗീതം സിനിമയുടെ ഭാഗമായി അവതരിപ്പിക്കുമ്പോൾ, പ്രേക്ഷകർ എഴുന്നേറ്റു നിൽക്കേണ്ടതില്ല. കാരണം എഴുന്നേറ്റു നിൽക്കുന്നത് സിനിമയുടെ പ്രദർശനത്തെ തടസ്സപ്പെടുത്തുകയും ദേശീയ ഗീതത്തിന്റെ അന്തസ്സ് വർദ്ധിപ്പിക്കുന്നതിന് പകരം ക്രമക്കേടും ആശയക്കുഴപ്പവും സൃഷ്ടിക്കുകയും ചെയ്യും.

**ശുപാർശ ചെയ്യുന്ന മാർഗ്ഗനിർദ്ദേശങ്ങൾ**

ഒരു സംഘം വന്ദേമാതരം അവതരിപ്പിക്കുമ്പോൾ, ഗാനാലാപനത്തിന്റെ ആരംഭം ഡ്രമ്മിന്റെയോ ബ്യൂഗിളിന്റെയോ ശബ്ദത്തിലൂടെ ഔപചാരികമായി അടയാളപ്പെടുത്തണം.

**ദേശീയഗീതം ആലപിക്കാനുള്ള അനുമതി (അവതരിപ്പിക്കുന്നതിൽ നിന്ന് വ്യത്യസ്തമായി):**

ദേശീയ ഗീതത്തിന്റെ ഔദ്യോഗിക പതിപ്പ് ആലപിക്കാൻ (പ്ലേ ചെയ്യുന്നതിൽ നിന്ന് വ്യത്യസ്തമായി) അനുമതിയുള്ള സന്ദർഭങ്ങളുടെ സമ്പൂർണ്ണ പട്ടിക നൽകുക സാധ്യമല്ല.




**ദേശീയ ഗീതമായ 'വന്ദേമാതര'ത്തിന്റെ വരികൾ താഴെ പറയുന്നു:-**

*वंदे मातरम्।*
*सुजलाम् सुफलाम् मलयजशीतलाम्,*
*शस्यश्यामलाम् मातरम्। वंदे मातरम्।*

*शुभ्रज्योत्स्ना पुलकितयामिनीम्,*
*फुल्लकुसुमित द्रुमदलशोभिनीम्,*
*सुहासिनीम् सुमधुरभाषिणीम्,*
*सुखदाम् वरदाम् मातरम्। वंदे मातरम्।*

*कोटि-कोटि कण्ठ कल-कल निनाद कराले,*
*कोटि-कोटि भुजैधृत खरकरवाले,*
*के बॉले मां तुमि अबले,*
*बहुबलधारिणीं नमामि तारिणीम्,*
*रिपुदलवारिणीं मातरम्। वंदे मातरम्।*

*तुमि विद्या तुमि धर्म, तुमि हृदि तुमि मर्म,*
*त्वम् हि प्राणाः शरीरे, बाहुते तुमि मां शक्ति,*
*हृदये तुमि मां भक्ति, तोमारेई प्रतिमा गडि मंदिरे-मंदिरे।*
*वंदे मातरम्।*

*त्वम् हि दुर्गा दशप्रहरणधारिणी,*
*कमला कमलदलविहारिणी,*
*वाणी विद्यादायिनी, नमामि त्वाम्,*
*नमामि कमलाम् अमलाम् अतुलाम्,*
*सुजलां सुफलां मातरम्। वन्दे मातरम्।*

*श्यामलाम् सरलाम् सुस्मिताम् भूषिताम्,*
*धरणीम् भरणीम् मातरम्। वंदे मातरम्।*

എന്നാൽ മാതൃഭൂമിയോടുള്ള വന്ദനമെന്ന നിലയിൽ മതിയായ ആദരവോടും കൃത്യമായ മര്യാദയോടും കൂടി ആലപിക്കുന്നിടത്തോളം കാലം, സമൂഹ ആലാപനമായി ദേശീയ ഗീതം ആലപിക്കുന്നതിൽ തടസ്സമില്ല.

**സ്കൂളുകളിലെ സമൂഹ ആലാപനം**

എല്ലാ സ്കൂളുകളിലും, ദേശീയ ഗീതത്തിന്റെ സമൂഹ ആലാപനത്തോടെയാണ് ദിനാചരണം ആരംഭിക്കേണ്ടത്. സ്കൂൾ അധികാരികൾ അവരുടെ പരിപാടികളിൽ ദേശീയ ഗീതത്തിന്റെയും ദേശീയ ഗാനത്തിന്റെയും ആലാപനം ജനപ്രിയമാക്കുന്നതിനും വിദ്യാർത്ഥികൾക്കിടയിൽ ദേശീയ പതാകയോടുള്ള ആദരം വളർത്തുന്നതിനും മതിയായ വ്യവസ്ഥകൾ ഏർപ്പെടുത്തണം.

**ദേശീയ ഗീതത്തിന്റെ ആലാപനം**

*ദേശീയ ഗീതത്തിന്റെ ഔദ്യോഗിക പതിപ്പ് താഴെപ്പറയുന്ന സന്ദർഭങ്ങളിൽ അവതരിപ്പിക്കേണ്ടതാണ്:*

- ആഭ്യന്തര ബഹുമതിദാന ചടങ്ങ്
- ഗവൺമെന്റ് സംഘടിപ്പിക്കുന്ന ഔദ്യോഗിക സംസ്ഥാന പരിപാടികളിലും മറ്റ് ചടങ്ങുകളിലും രാഷ്ട്രപതി എത്തു
- ആകാശവാണി, ടെലിവിഷൻ എന്നിവയിലൂടെ രാഷ്ട്രപതി രാജ്യത്തെ അഭിസംബോധന ചെയ്യുന്നതിന് തൊട്ടുമുമ്പും ശേഷവും;
- സംസ്ഥാന/കേന്ദ്രഭരണ പ്രദേശത്തിനുള്ളിലെ ഔദ്യോഗിക സംസ്ഥാന പരിപാടികളിൽ ഗവർണർ / ലെഫ്റ്റനന്റ് ഗവർണർ എത്തുമ്പോഴും അത്തരം ചടങ്ങുകളിൽ നിന്ന് മടങ്ങുമ്പോഴും;
- പരേഡിൽ ദേശീയ പതാക കൊണ്ടുവരുമ്പോൾ.
- ഇതുകൂടാതെ, ഇന്ത്യാ ഗവൺമെന്റ് പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിക്കുന്ന മറ്റേതൊരു സന്ദർഭത്തിലും ദേശീയ ഗീതം അവതരിപ്പിക്കേണ്ടതാണ്.

## പ്രഗതി@50

# സമയബന്ധിതമായ വികസനത്തിന്റെ അസാധാരണ യാത്ര...

*2014ൽ ഇന്ത്യ വികസനത്തിന്റെ പുതിയ പാതയിലേക്ക് ചുവടുവച്ചപ്പോൾ, പ്രധാന പദ്ധതികളുടെയും രൂപമാതൃകകളുടെയും വിജയം ഉറപ്പാക്കുന്നത് അനുമതി നൽകൽ മാത്രമല്ല, സമയബന്ധിതവും ഏകോപിതവും ഉത്തരവാദിത്വമുള്ളതുമായ നടപ്പാക്കലിലൂടെയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി തിരിച്ചറിഞ്ഞു. 2015 മാർച്ചിൽ ആരംഭിച്ച പ്രഗതി പ്ലാറ്റ്ഫോം കഴിഞ്ഞ ദശകത്തിൽ 50 യോഗങ്ങൾ ചേരുകയും 85 ലക്ഷം കോടിയിലധികം രൂപ വിലമതിക്കുന്ന 382 പദ്ധതികളുടെ പുരോഗതി ത്വരിതപ്പെടുത്തുകയും ചെയ്തു. വിവിധ സംസ്ഥാനങ്ങളിൽ മുടങ്ങിക്കിടന്നതും വൈകിയതുമായ കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ ഈ അതുല്യമായ സംരംഭം വേഗത്തിൽ പൂർത്തിയാക്കി, 140 കോടി പൗരന്മാർക്ക് വികസനത്തിനുള്ള അവകാശം ഉറപ്പാക്കി...*





- ഉത്തർപ്രദേശിലെ സരയൂ കനാൽ പദ്ധതിക്ക് 1978-ൽ അനുമതി ലഭിച്ചെങ്കിലും നാല് പതിറ്റാണ്ടിന്റെ കാലതാമസത്തിന് ശേഷം 2021-ലാണ് ഇത് പൂർത്തിയായത്.
- കേരളത്തിലെ കൊല്ലം ബൈപാസ് പദ്ധതിക്ക് 1975 ൽ അംഗീകാരം ലഭിച്ചു, അഞ്ച് പതിറ്റാണ്ടിന്റെ കാലതാമസത്തിന് ശേഷം 2019 ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു.
- ബിഹാറിലെ കോസി റെയിൽ മഹാസേതുവിന് 2003-04 ൽ അംഗീകാരം ലഭിച്ചു, ഏകദേശം രണ്ട് പതിറ്റാണ്ടിന്റെ കാലതാമസത്തിന് ശേഷം 2020 ൽ പൂർത്തീകരിച്ചു.
- അസമിലെ ബോഗിബീൽ പാലം പദ്ധതിക്ക് 1997 ൽ അംഗീകാരം ലഭിച്ചു, രണ്ട് പതിറ്റാണ്ടിന്റെ കാലതാമസത്തിന് ശേഷം 2018 ൽ പൂർത്തീകരിച്ചു.
- അടൽ തുരങ്കപദ്ധതിക്ക് 2000 ൽ അംഗീകാരം ലഭിച്ചു, രണ്ട് പതിറ്റാണ്ടിന്റെ കാലതാമസത്തിന് ശേഷം 2020 ൽ പൂർത്തീകരിച്ചു.
- കിഴക്കൻ-പടിഞ്ഞാറൻ പെരിഫറൽ പദ്ധതിക്ക് 2006 ൽ അംഗീകാരം ലഭിച്ചു, ഒരു ദശാബ്ദക്കാലത്തെ കാലതാമസത്തിന് ശേഷം 2016 ലും 2018 ലുമായി ഇതു പൂർത്തീകരിച്ചു.
- നവി മുംബൈ അന്താരാഷ്ട്ര വിമാനത്താവള പദ്ധതി 2007 ൽ അംഗീകരിക്കപ്പെടുകയും ഏകദേശം രണ്ട് പതിറ്റാണ്ടിന്റെ കാലതാമസത്തിനുശേഷം 2025 ഡിസംബറിൽ പൂർത്തീകരിക്കുകയും ചെയ്തു.
- ജമ്മു-ഉധംപൂർ-ശ്രീനഗർ-ബാരാമൂല റെയിൽ ലിങ്ക് പദ്ധതി 1994 ൽ അംഗീകരിക്കപ്പെടുകയും മൂന്ന് പതിറ്റാണ്ടിലേറെ നീണ്ട കാലതാമസത്തിനുശേഷം 2025 ജൂണിൽ പൂർത്തീകരിക്കുകയും ചെയ്തു.



**ഇനി ചിന്തിച്ചു നോക്കൂ, ഒരു പദ്ധതിയിൽ ഇത്രയും നീണ്ട കാലതാമസം എപ്പോഴെങ്കിലും ദേശീയ താൽപ്പര്യത്തിന് അനുയോജ്യമാകുമോ? ഒരിക്കൽ പണി മുടങ്ങിയാൽ വർഷങ്ങളോളം പണി മുടങ്ങിക്കിടക്കുന്ന തരത്തിൽ മുൻകാല പ്രവർത്തനശൈലി എന്തുകൊണ്ടാണ് നിലനിന്നത്? ഉത്തരവാദിത്വം ഉണ്ടായിരുന്നില്ല; അതിനെ ചോദ്യം ചെയ്യാനും ആരുമുണ്ടായില്ല. ഫയലുകളിൽ പദ്ധതികൾ തയ്യാറാക്കി, രാഷ്ട്രീയ നേട്ടത്തിനായി പ്രഖ്യാപനങ്ങൾ നടത്തി, വിളക്ക് കൊളുത്തി ചടങ്ങുകൾ നടത്തി, ശിലാസ്ഥാപനം നടത്തി, പക്ഷേ ഫലം പല പദ്ധതികളും പതിറ്റാണ്ടുകളായി കടലാസിൽ തന്നെ കുരുങ്ങി.**

ഈ പശ്ചാത്തലത്തിലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി 2015 മാർച്ചിൽ പ്രഗതി (PRAGATI - സജീവമായ ഭരണനിർവഹണവും കൃത്യസമയത്തുള്ള നടപ്പാക്കലും) എന്ന സാങ്കേതിക പ്ലാറ്റ്ഫോമിന് തുടക്കം കുറിച്ചത്. വികസന യാത്രയിലെ നാഴികക്കല്ലായി മാറിയിരിക്കുകയാണ് സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഈ പ്ലാറ്റ്ഫോമിന്റെ അടുത്തിടെ നടന്ന 50-ാമത് യോഗം.

## പ്രഗതി: ഒറ്റനോട്ടത്തിൽ

- **പ്രഗതി: വികസനത്തിലേക്കുള്ള പുതിയ പാത: പ്രഖ്യാപനങ്ങൾക്ക് ശേഷം വികസന പദ്ധതികൾ നടപ്പാക്കലിന്റെ അടിസ്ഥാന യാഥാർത്ഥ്യങ്ങളിൽ കുടുങ്ങിപ്പോകുന്ന കാലമുണ്ടായിരുന്നു. കേരളത്തിലെ കൊല്ലത്ത് 13.5 കിലോമീറ്റർ ബൈപാസ് നിർമിക്കാൻ അഞ്ച് പതിറ്റാണ്ടിലധികം എടുത്തതായാലും, ഒഡിഷയിലെ ഖുർദ ബോലംഗീർ റെയിൽവേ പാത പൂർത്തിയാക്കാൻ 25 വർഷത്തിലധികം എടുത്തതായാലും, ആ പദ്ധതികൾ ഇപ്പോൾ പൂർത്തിയായിരിക്കുന്നു.**
- **പദ്ധതികൾ അവലോകനം ചെയ്യാനും തടസ്സങ്ങൾ നീക്കം ചെയ്യാനും ലക്ഷ്യമിടുന്ന വിവരങ്ങൾ, ആശയവിനിമയം, സാങ്കേതികവിദ്യ (ICT) എന്നിവയെ അടിസ്ഥാനമാക്കിയുള്ള ബഹുതല വേദിയാണ് പ്രഗതി.**
- **പ്രഗതി യോഗങ്ങളുടെ 50-ാം പതിപ്പ് വരെ (ഡിസംബർ 31, 2025), 85 ലക്ഷം കോടി രൂപയിലധികം ചെലവുള്ള 382 പദ്ധതികൾ അവലോകനം ചെയ്തു.**



*ശൈത്യകാലത്ത്, റോഹ്താങ് ചുരത്തിനടുത്തുള്ള മണാലി-ലേ ഹൈവേ ആറ് മാസത്തേക്ക് അടച്ചിട്ടിരുന്നു, ഇത് ഈ പ്രദേശത്തെ രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ നിന്ന് ഒറ്റപ്പെടുത്തി. എന്നാൽ ഇപ്പോൾ, ഈ റോഡ് വർഷം മുഴുവനും തുറന്നിരിക്കും. 2020 ഒക്ടോബർ 3 ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അടൽ തുരങ്കം രാഷ്ട്രത്തിന് സമർപ്പിച്ചു.*

> വടക്ക് മുതൽ തെക്ക് വരെയും, കിഴക്ക് മുതൽ പടിഞ്ഞാറ് വരെയും, പതിറ്റാണ്ടുകളായി മുടങ്ങിക്കിടക്കുകയും കാലതാമസം നേരിടുകയും ചെയ്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് ജനങ്ങൾ കണ്ടു കഴിഞ്ഞു
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*




ഇതുവരെ, 85 ലക്ഷം കോടിയിലധികം രൂപ മൂല്യമുള്ള 382 പദ്ധതികൾ പ്രഗതി പ്ലാറ്റ്ഫോമിൽ ത്വരിതപ്പെടുത്തി.

യോഗങ്ങളിൽ പദ്ധതികൾ അവലോകനം ചെയ്യപ്പെടുന്നു. ഓരോ മന്ത്രാലയവും, ഓരോ സംസ്ഥാനവും നേരിടുന്ന വെല്ലുവിളികളും, പ്രശ്നത്തിന് കാരണമായേക്കാവുന്ന ഏതെങ്കിലും നിയമവും ഇതിൽ പരിശോധിക്കുന്നു. എല്ലാ വശങ്ങളും ശ്രദ്ധാപൂർവ്വം പരിശോധിച്ചതിന് ശേഷം, പരിഹാരങ്ങൾ കണ്ടെത്തുന്നു. പ്രഗതി നടപ്പിലാക്കുന്നതിലൂടെ, റെയിൽവേ, റോഡുകൾ, ജലസേചനം, ഗ്രാമീണ അടിസ്ഥാനസൗകര്യങ്ങൾ എന്നിങ്ങനെ നിരവധി മേഖലകളിൽ പ്രതിവിധികൾ കണ്ടെത്തിയിട്ടുണ്ട്. അടുത്തിടെ, ജമ്മു-ഉധംപുർ-ശ്രീനഗർ-ബാരാമൂല റെയിൽ പാത പദ്ധതി പൂർത്തിയായി, മഞ്ഞുമൂടിയ ട്രെയിനിന്റെ വീഡിയോകൾ ഇക്കാലത്ത് വളരെ പ്രചാരത്തിലുണ്ട്. മഞ്ഞണിഞ്ഞ മലനിരകളിലൂടെ വന്ദേ ഭാരത് ട്രെയിൻ കടന്നുപോകുമ്പോൾ, 'തെറ്റിദ്ധരിക്കേണ്ട, ഇത് വിദേശ രാജ്യമല്ല, ഇന്ത്യയാണ്' എന്ന് ജനങ്ങൾ ആശ്ചര്യപ്പെടുന്നു. എന്നിരുന്നാലും, ഈ പദ്ധതി മൂന്ന് പതിറ്റാണ്ടുകളായി സ്തംഭിച്ചുകിടക്കുകയായിരുന്നുവെന്നും നിലവിലെ കേന്ദ്ര ഗവണ്മെന്റാണ് ഇത് യാഥാർഥ്യമാക്കിയതെന്നും മനസ്സിലാക്കേണ്ടത് പ്രധാനമാണ്. അതുപോലെ, അസമിലെ ബോഗിബീൽ പാലം അരുണാചൽ പ്രദേശിനെയും അസമിനെയും ബന്ധിപ്പിക്കുന്ന നിർണായക പാലമാണ്. വർഷങ്ങളോളം അവഗണിക്കപ്പെട്ടു കിടന്ന ഈ പദ്ധതി പ്രഗതിയിലൂടെ അവലോകനം ചെയ്യപ്പെട്ടു. അസം ഉൾപ്പെടെ മുഴുവൻ വടക്കുകിഴക്കൻ മേഖലയ്ക്കും ഗണ്യമായ നേട്ടങ്ങൾ നൽകുന്ന ഈ പ്രവൃത്തി ഇപ്പോൾ പൂർത്തിയായി.

തീർച്ചയായും, ഏതൊരു പദ്ധതിയുടെയും പൂർത്തീകരണത്തിന്, അതായത് നടപ്പാക്കലിന് ആയിരക്കണക്കിന് ഉദാഹരണങ്ങൾ രാജ്യത്തിന് മുന്നിലുണ്ട്. എന്നാൽ, പതിറ്റാണ്ടുകളായി തീർപ്പാക്കാതെ കിടന്നിരുന്ന പദ്ധതികൾ പൂർത്തിയാക്കാനുള്ള ഉത്തരവാദിത്വം പ്രധാനമന്ത്രി നരേന്ദ്ര മോദി ഏറ്റെടുത്തത് എന്തുകൊണ്ടാണ് എന്നതാണ് ചോദ്യം.

പഴയ പദ്ധതികളിൽ മാത്രം ഇത് ഒതുങ്ങുന്നില്ല; പ്രധാനമന്ത്രി മോദി തുടക്കം കുറിച്ച പദ്ധതികളിൽ പോലും പുരോഗതിയെക്കുറിച്ച് നിരന്തരമായ നിരീക്ഷണം ഉറപ്പാക്കുന്നു.

**"സ്വാഗത്" മുതൽ "പ്രഗതി" വരെ ഒരു പുതിയ വികസന യാത്ര**

പ്രഗതി പ്ലാറ്റ്ഫോമിന്റെ ഉദാഹരണം തന്നെ പരിശോധിക്കാം. ഹിമാചൽ പ്രദേശിലെ ഉനയിലേക്കുള്ള ട്രെയിൻ പതിറ്റാണ്ടുകൾക്ക് മുമ്പ് പാർലമെന്റിൽ പ്രഖ്യാപിച്ചതാണ്. എന്നാൽ പ്രധാനമന്ത്രി മോദി അധികാരത്തിൽ വരുന്നതുവരെ ആ പദ്ധതിയുടെ രൂപരേഖ പോലും തയ്യാറാക്കിയിരുന്നില്ല. പ്രധാനമന്ത്രി മോദിയുടെ അധ്യക്ഷതയിൽ ചേർന്ന പ്രഗതി യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്തപ്പോൾ അതിന് പരിഹാരം കണ്ടെത്തുകയും, ഇന്ന് ആ ട്രെയിൻ മലയോര മേഖലയുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുകയും ചെയ്യുന്നു.

പദ്ധതികൾ എന്തുകൊണ്ടാണ് തടസ്സപ്പെട്ടത്, ചെലവ് വർദ്ധിക്കാൻ കാരണമെന്ത്, ഏത് വകുപ്പാണ് കാലതാമസത്തിന് ഉത്തരവാദി, ആരുടെ ഭാഗത്തുനിന്നാണ് അനാവശ്യമായ വീഴ്ചകൾ ഉണ്ടായത് എന്നിങ്ങനെ അനേകം കാര്യങ്ങൾ പ്രഗതി പ്ലാറ്റ്ഫോം പരിശോധിക്കുകയും പരിഹരിക്കുകയും ചെയ്തു. ഏകദേശം 900 കോടി രൂപ പ്രതീക്ഷിച്ചിരുന്ന ഒരു പദ്ധതിയുടെ ചെലവ് കാലതാമസം കാരണം 90,000 കോടി രൂപയായി ഉയർന്നിരുന്നു.

അതുപോലെതന്നെ, 2015-ലെ പ്രഗതി യോഗത്തിൽ നവി മുംബൈ അന്താരാഷ്ട്ര വിമാനത്താവളത്തെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ പ്രധാനമന്ത്രി മോദി അതിശയിച്ചു. വാണിജ്യ തലസ്ഥാനമായ മുംബൈയിൽ രണ്ടാമതൊരു വിമാനത്താവളത്തിനായുള്ള സമിതി ആദ്യമായി രൂപീകരിച്ചത് 1997 നവംബറിലായിരുന്നു. അതിനുശേഷം ഏകദേശം 20 വർഷത്തോളം ആ ഫയലുകൾ ഓഫീസുകളിൽ നിന്ന് ഓഫീസുകളിലേക്ക് ചുറ്റിക്കൊണ്ടിരുന്നു. ഇതിനിടയിൽ അനേകം ഗവൺമെന്റുകൾ അധികാരത്തിൽ വരികയും പോവുകയും ചെയ്തെങ്കിലും നവി മുംബൈ വിമാനത്താവളത്തിന്റെ ഫയലിൽ ഒരു തീരുമാനവും ഉണ്ടായിരുന്നില്ല.

## പ്രഗതിയുടെ വേഗതയും പ്രാധാന്യവും ഈ രീതിയിൽ മനസ്സിലാക്കാം

**2015 മാർച്ച് 25 നാണ് പ്രഗതിയ്ക്ക് തുടക്കം കുറിച്ചത്**

ഇതുവരെ **50** യോഗങ്ങൾ നടന്നു.

**382** പ്രധാന ദേശീയ പദ്ധതികൾ അവലോകനം ചെയ്തു

ഒരു ലക്ഷം കോടി രൂപയിലധികം മൂല്യമുള്ള **85** പദ്ധതികൾ വേഗത്തിലാക്കി

പ്രധാനപ്പെട്ടവ ഉൾപ്പെടെ 61 ഗവണ്മെന്റ് പദ്ധതികൾ: : ഒരു രാജ്യം ഒരു റേഷൻ കാർഡ്, പി.എം. ജൻ ആരോഗ്യ യോജന, പി.എം. ആവാസ് യോജന, പി.എം. സ്വാനിധി പദ്ധതി, സ്വച്ഛ് ഭാരത് മിഷൻ.

**36** കൊറോണ, RERA, ബാങ്കിംഗ്, ഇൻഷുറൻസ്, മാതൃ വന്ദന യോജന, ജൻ ധൻ യോജന എന്നിവയുൾപ്പെടെ മേഖലകളിലെ പരാതികൾ പരിഹരിച്ചു.

ഉന്നയിക്കപ്പെട്ട **7,735** പരാതികളിൽ → **7,156** എണ്ണം പരിഹരിച്ചു.

**മൂലധന ചെലവ്**

2014 സാമ്പത്തിക വർഷത്തിൽ 4.26 ലക്ഷം കോടി രൂപയായിരുന്നത് 2015-26 കാലയളവിൽ15.53 ലക്ഷം കോടി രൂപ എന്നനിലയിൽ മൂന്നര മടങ്ങിലധികം വർദ്ധിച്ചു.



# പരാതി പരിഹാര സംവിധാനം




പ്രഗതി യോഗങ്ങളിലൊന്നിൽ പ്രധാനമന്ത്രി മോദി എല്ലാ ഉദ്യോഗസ്ഥരെയും വകുപ്പുകളെയും ഏകോപിപ്പിക്കുകയും തടസ്സങ്ങൾ നീക്കം ചെയ്യുകയും ചെയ്തു. ഇതിലൂടെ നവി മുംബൈ വിമാനത്താവളം എന്ന സ്വപ്നം ഇന്ന് യാഥാർത്ഥ്യമായിരിക്കുന്നു. സമാനമായി, 2017-ൽ ഡൽഹിയിലെ ഡോ. അംബേദ്കർ അന്താരാഷ്ട്ര കേന്ദ്രം യാഥാർത്ഥ്യമായി. 1992-ൽ ഇത് നിർമ്മിക്കാൻ തീരുമാനമെടുത്തുവെങ്കിലും 23 വർഷമായി ഒന്നും നടന്നില്ല. അതിന്റെ ശിലാസ്ഥാപനവും ഉദ്ഘാടനവും 2014 ൽ പ്രധാനമന്ത്രി മോദിയുടെ ഭരണകാലത്താണ് നടന്നത്.

ഇത് ഒരു പദ്ധതിയുടെ കഥ മാത്രമാണ്; അത്തരം 382 പദ്ധതികൾ ഒന്നുകിൽ യാഥാർത്ഥ്യമായി അല്ലെങ്കിൽ യാഥാർത്ഥ്യമാകാൻ പോകുന്നു. തൊഴിൽ സംസ്കാരത്തിലുണ്ടായ മാറ്റത്തിന്റെ സജീവ ഉദാഹരണമാണിത്. അത്തരം പദ്ധതികളുടെ പട്ടിക അനന്തമാണ്. പ്രധാനമന്ത്രിയായതിനുശേഷം, രാജ്യത്തുടനീളമുള്ള വിവിധ സംസ്ഥാനങ്ങളിലായി ആയിരക്കണക്കിന് കോടി രൂപയുടെ മുടങ്ങിക്കിടന്ന പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കുന്ന നരേന്ദ്ര മോദിയുടെ അതുല്യമായ ഉദ്യമങ്ങൾക്ക് നന്ദി. പ്രഗതി പ്ലാറ്റ്ഫോമാണ് ഈ വിപ്ലവകരമായ മാറ്റം സാധ്യമാക്കിയത്. ഇത് അഴിമതി ഇല്ലാതാക്കുക മാത്രമല്ല, ചെലവും സമയവും കുറയ്ക്കുകയും ചെയ്തു. ഈ സർവ്വതോന്മുഖമായ വികസനത്തിന്റെ ഗുണഫലങ്ങൾ കർഷകരിലും ഗോത്രവർഗ്ഗക്കാരിലും ദരിദ്രരിലും വിദൂര പ്രദേശങ്ങളിലെ സ്ത്രീകളിലും നേരിട്ടെത്തുന്നു. പ്രധാനമന്ത്രി മോദിയുടെ മാർഗനിർദ്ദേശത്തിൽ ഇന്ത്യാ ഗവണ്മെന്റിന്റെ വിവിധ വകുപ്പുകളും സംസ്ഥാന ഗവണ്മെന്റുകളും തമ്മിൽ ഏകോപനം സാധ്യമാക്കുകയും മുടങ്ങിക്കിടന്ന അനേകം പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തു. പ്രധാനമന്ത്രി തന്നെ ഈ പ്ലാറ്റ്ഫോമിലൂടെ വികസന പദ്ധതികൾ നിരീക്ഷിക്കുന്നു. ഈ പ്ലാറ്റ്ഫോമിലൂടെ തിരിച്ചറിഞ്ഞ പ്രശ്നങ്ങളിൽ ഏകദേശം 96 ശതമാനവും പരിഹരിക്കപ്പെട്ടു, ഇത് കാലതാമസവും ചെലവ് വർദ്ധനയും ഏകോപനത്തിലെ അന്തരങ്ങളും ഗണ്യമായി കുറച്ചു. ഈ പ്ലാറ്റ്ഫോം എല്ലാ വകുപ്പുകളുമായും ചർച്ചകൾ സുഗമമാക്കുക മാത്രമല്ല, പരിഹാരങ്ങൾ തൽക്ഷണം ലഭ്യമാക്കുകയും ചെയ്യുന്നു. പ്രധാനമന്ത്രി ഗുജറാത്തിൽ മുഖ്യമന്ത്രിയായിരുന്ന കാലത്തെ അനുഭവത്തെ അടിസ്ഥാനമാക്കിയാണ് ഈ പ്ലാറ്റ്ഫോം സ്ഥാപിതമായത്. അന്ന് അദ്ദേഹം 'സ്വാഗത്' എന്ന സാങ്കേതിക സംവിധാനം ആരംഭിച്ചിരുന്നു. മുഖ്യമന്ത്രിക്ക് നേരിട്ട് പരാതികൾ ലഭിക്കാനും സമയബന്ധിതമായി പരിഹാരം ഉറപ്പാക്കാനും ഇത് സഹായിച്ചു. സ്വാഗത് സുതാര്യതയുടെയും ഉത്തരവാദിത്തത്തിന്റെയും അടിത്തറപാകി. പ്രധാനമന്ത്രി ഈ അനുഭവം ദേശീയ തലത്തിലേക്ക് വ്യാപിപ്പിക്കുകയും ഒരു സംയോജിത മൾട്ടി-ഏജൻസി പ്ലാറ്റ്ഫോം സൃഷ്ടിക്കുകയും ചെയ്തു. ഫെഡറലിസത്തിന്റെ മികച്ച ഉദാഹരണമായി ഇത് മാറി. തുടർന്ന്, പരാതികൾ പരിഹരിക്കാനും കാലതാമസം ഒഴിവാക്കാനും എല്ലാ പ്രധാന പദ്ധതികളും ഒരേ മേൽക്കൂരയ്ക്ക് കീഴിൽ കൊണ്ടുവന്നു. ഇവിടെ മന്ത്രാലയങ്ങളും വകുപ്പുകളും വേറിട്ട് പ്രവർത്തിക്കാതെ ഒത്തൊരുമിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.

2014 മുതൽ, പ്രകടനവും ഉത്തരവാദിത്തവും സ്ഥാപനവൽക്കരിക്കാൻ ഗവണ്മെന്റ് പരിശ്രമിച്ചുവെന്നും, കൃത്യമായ തുടർനടപടികളിലൂടെയും നിശ്ചിത സമയത്തിനും ബജറ്റിനും ഉള്ളിൽ പദ്ധതികൾ പൂർത്തിയാക്കുന്നതിലൂടെയും പുരോഗതി ഉറപ്പാക്കുന്ന ഒരു സംവിധാനം സൃഷ്ടിച്ചുവെന്നും പ്രധാനമന്ത്രി മോദി വ്യക്തമാക്കുന്നു.

# പ്രഗതി പ്ലാറ്റ്ഫോമിന് കീഴിലുള്ള പ്രശ്നപരിഹാര ആവാസവ്യവസ്ഥ

7,735 പ്രശ്നങ്ങൾ | 7,156 പ്രശ്നങ്ങൾ പരിഹരിച്ചു




മുൻപ് ആരംഭിച്ച് അപൂർണ്ണമായി ഉപേക്ഷിക്കപ്പെട്ടതോ അല്ലെങ്കിൽ മറന്നുപോയതോ ആയ പദ്ധതികൾ പുനരുജ്ജീവിപ്പിക്കുകയും രാജ്യതാൽപ്പര്യാർത്ഥം പൂർത്തിയാക്കുകയും ചെയ്തുവെന്ന് അദ്ദേഹം പറയുന്നു. പതിറ്റാണ്ടുകളായി മുടങ്ങിക്കിടന്ന നിരവധി പദ്ധതികൾ പ്രഗതി പ്ലാറ്റ്ഫോമിന് കീഴിൽ കൊണ്ടുവന്നതോടെയാണ് പൂർത്തിയായത്.

**ടീം ഇന്ത്യയുടെ മഹത്തായ ഉദാഹരണം**

പദ്ധതികൾ പരാജയപ്പെടുന്നത് കേവലം ഇച്ഛാശക്തിയുടെ കുറവ് കൊണ്ടല്ലെന്ന് പ്രധാനമന്ത്രി മോദി വിശ്വസിക്കുന്നു. മറിച്ച്, ഏകോപനമില്ലായ്മയും വകുപ്പുകൾ ഒറ്റപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതുമാണ് പലപ്പോഴും പരാജയത്തിന് കാരണമാകുന്നത്. ഇത് പരിഹരിക്കുന്നതിനും പൊതുവായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുമായി പ്രഗതി ഫോറം എല്ലാ ഗുണഭോക്താക്കളെയും ഒരേ വേദിയിൽ എത്തിച്ചു. ഇന്ന്, കേന്ദ്രവും സംസ്ഥാനങ്ങളും ഒരു ടീമായി പ്രവർത്തിക്കുന്ന സഹകരണ ഫെഡറലിസത്തിന്റെ ഫലപ്രദമായ മാതൃകയാണ് പ്രഗതി.

തുടക്കം മുതൽ ഇതുവരെ ഏകദേശം 500 ഇന്ത്യാ ഗവൺമെന്റ് സെക്രട്ടറിമാരും സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാരും പ്രഗതി മീറ്റിംഗുകളിൽ പങ്കെടുത്തിട്ടുണ്ടെന്ന് അതിന്റെ 50-ാമത് മീറ്റിംഗിൽ പ്രധാനമന്ത്രി സൂചിപ്പിച്ചു. ദേശീയ മുൻഗണനകൾക്ക് ആവശ്യമായ വിഭവങ്ങളും വിവിധ മേഖലകളിൽ സുസ്ഥിരമായ നിക്ഷേപവും പ്രഗതി ഫോറം ഉറപ്പാക്കിയിട്ടുണ്ട്. പരിഷ്കരണം, പ്രകടനം, പരിവർത്തനം എന്ന മന്ത്രം മുറുകെ പിടിച്ചുകൊണ്ട് പ്രധാനമന്ത്രി ഇപ്പോൾ പ്രഗതിയിലൂടെ അടുത്ത ഘട്ടത്തിലേക്ക് കടന്നിരിക്കുന്നു: 'ലളിതമാക്കാൻ പരിഷ്കരിക്കുക, പൂർണ്ണതയ്ക്കായി പ്രവർത്തിക്കുക, പ്രതിഫലനങ്ങൾക്കായി പരിവർത്തനം ചെയ്യുക.'

**സാങ്കേതികവിദ്യയിലൂടെ 'പ്രഗതി'യിലേക്കൊരു പുതിയ പാത**

'പദ്ധതികൾക്ക് വേഗത കൈവരുമ്പോൾ രാജ്യം പുരോഗമിക്കുന്നു.' ധീരമായ പരിഷ്കരണവാദത്തിന്റെ മുൻനിരക്കാരനായി മാറിയ പ്രധാനമന്ത്രി മോദിയുടെ ഈ കാഴ്ചപ്പാട്, ആത്മവിശ്വാസത്തോടെയുള്ള ഒരു പുതിയ തുടക്കത്തിന്റെ പ്രതീകമായി മാറിയിരിക്കുന്നു. ഒരുകാലത്ത് അസാധ്യമെന്നോ നിസ്സാരമെന്നോ കരുതി വിധിക്കായി വിട്ടുകൊടുത്തിരുന്ന പ്രതീക്ഷകൾ ഇപ്പോൾ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. 'പ്രഗതി' എന്ന വിപ്ലവകരമായ ഉദ്യമം നവ ഇന്ത്യയുടെ മാറ്റത്തിനുള്ള പാതയൊരുക്കുന്നു; 2047-ൽ രാജ്യം സ്വാതന്ത്ര്യത്തിന്റെ നൂറാം വാർഷികം ആഘോഷിക്കുമ്പോൾ, ഈ ദൃഢനിശ്ചയങ്ങളുടെ പൂർത്തീകരണം ഭാരതത്തെ ലോകത്തിലെ ഏറ്റവും കരുത്തുറ്റ രാഷ്ട്രങ്ങളുടെ പട്ടികയിൽ എത്തിക്കും. ജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും മനസ്സിലാക്കി അതിവേഗത്തിൽ പ്രവർത്തിക്കുന്നതിലൂടെ മാത്രമേ നവ ഇന്ത്യ എന്ന ദർശനം സാക്ഷാത്കരിക്കാൻ കഴിയൂ. ഈ ദിശയിലുള്ള ശ്രദ്ധേയമായ ശ്രമമാണ് 'പ്രഗതി' എന്നറിയപ്പെടുന്ന കേന്ദ്രീകൃത സംവിധാനം. രാജ്യത്തുടനീളമുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിൽ പ്രഗതി പ്ലാറ്റ്ഫോം നിർണ്ണായക പങ്ക് വഹിക്കുന്നു

# ഓക്സ്ഫോർഡിലെ സെയ്ദ് ബിസിനസ് സ്കൂൾ നടത്തിയ പഠനം

ഉന്നത നേതൃത്വത്തിൽ നിന്നുള്ള ദിശാബോധം: പ്രഗതിയുടെ നിലവിലെ രൂപം നിർണ്ണായകവും സജീവവുമായ നേതൃത്വത്തിന്റെ ഫലമാണ്-പ്രത്യേകിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടേത്. കൃത്യമായ ഇടവേളകളിലുള്ള പ്രതിമാസ അവലോകനങ്ങളും ഉന്നതതലത്തിലെ നേരിട്ടുള്ള ഇടപെടലുകളും വ്യക്തമായ ഒരു ദിശാബോധം നൽകുക മാത്രമല്ല, പ്രശ്നപരിഹാരങ്ങൾ വേഗത്തിലാക്കുകയും ചെയ്തു. ഇത് എല്ലാ പങ്കാളികൾക്കിടയിലുമുള്ള ഒരു കൂട്ടായ പ്രവർത്തന മനോഭാവം ശക്തിപ്പെടുത്തി.

പ്രഗതിയുടെ സ്വാധീനം സാമ്പത്തിക വളർച്ചയിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല; അത് സാമൂഹിക പുരോഗതിയെയും പാരിസ്ഥിതിക സുസ്ഥിരതയെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. റോഡുകൾ, റെയിൽവേ, വെള്ളം, വൈദ്യുതി തുടങ്ങിയ അവശ്യ സേവനങ്ങൾ ലഭ്യമാക്കുന്ന പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിലൂടെ ദശലക്ഷക്കണക്കിന് ഇന്ത്യക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ പ്രഗതിക്ക് സാധിച്ചു. പാരിസ്ഥിതിക അനുമതികൾ വേഗത്തിലാക്കുന്നതിനും ഹരിത സാങ്കേതികവിദ്യകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും സഹായിച്ചുകൊണ്ട് സുസ്ഥിരതയെ ഈ പ്ലാറ്റ്ഫോം അതിന്റെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചു. ഈ സമഗ്രമായ സമീപനം ഇന്ത്യയുടെ വികസനം ഉൾച്ചേർന്നതും സുസ്ഥിരവുമാണെന്ന് ഉറപ്പാക്കുന്നു.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആൻഡ് പോളിസിയുടെയും (NIPFP) പഠനങ്ങൾ പറയുന്നത് അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവഴിക്കുന്ന ഓരോ രൂപയ്ക്കും രാജ്യം ഏകദേശം 2.5 മുതൽ 3.5 രൂപ വരെ മൊത്ത ആഭ്യന്തര ഉല്പാദനത്തിൽ നേട്ടമുണ്ടാക്കുന്നു എന്നാണ്.

പ്രധാനമന്ത്രി നരേന്ദ്ര മോദി നേതൃത്വം നൽകുന്ന ഈ അടിസ്ഥാന സൗകര്യ വിപ്ലവം 'വികസിത് ഭാരത് 2047' എന്ന ലക്ഷ്യത്തിന്റെ പ്രധാന സ്തംഭമാണ്. സ്വാതന്ത്ര്യത്തിന്റെ നൂറാം വാർഷികത്തോടെ ഇന്ത്യയെ 'വികസിത രാഷ്ട്രം' ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണിത്. അടിസ്ഥാന സൗകര്യ വികസനം, സാമ്പത്തിക വളർച്ച, സാമൂഹിക പുരോഗതി, സാങ്കേതിക മുന്നേറ്റം, സുസ്ഥിര വികസനം തുടങ്ങി വിപുലമായ ദേശീയ വികസന ലക്ഷ്യങ്ങൾ ഈ സംരംഭത്തിൽ ഉൾപ്പെടുന്നു. 2047-ഓടെ 30 ട്രില്യൺ ഡോളർ സമ്പദ്‌വ്യവസ്ഥ കൈവരിക്കാനാണ് ലക്ഷ്യമിടുന്നത്. 100% സാക്ഷരതയും സാർവത്രിക ആരോഗ്യ പരിരക്ഷയും ഉറപ്പാക്കുക, ഒപ്പം ഇന്ത്യയെ ഗവേഷണത്തിന്റെയും നൂതനാശയങ്ങളുടെയും ആഗോള കേന്ദ്രമാക്കി മാറ്റുക എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ.

പതിറ്റാണ്ടുകളായി മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പരിഹരിക്കുന്നതിന് പ്രഗതി യോഗങ്ങൾ എല്ലാ ഗുണഭോക്താക്കളുമായും നേരിട്ടുള്ള സംവാദം ഉറപ്പാക്കുന്നു. വർഷങ്ങളായി തടസ്സപ്പെട്ട പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നത് ദേശീയ വികസനത്തിന് ആക്കം കൂട്ടുന്നു. ഇന്ന്, ചെറുകിട ബിസിനസ്സുകൾക്ക്, പ്രത്യേകിച്ച് എംഎസ്എംഇകൾക്ക്, ലോകത്തിലെ ഏറ്റവും വലിയ വിപണികളിൽ മത്സരിക്കാനുള്ള ആത്മവിശ്വാസം ലഭിച്ചിട്ടുണ്ട്. പ്രമുഖ രാജ്യങ്ങളുടേതിന് സമാനമായ അടിസ്ഥാന സൗകര്യങ്ങൾ ഇന്ന് അവർക്കുണ്ട്.




സാങ്കേതികവിദ്യയെ ഏകോപിപ്പിക്കുന്നതിലും അതിനെ സദ്ഭരണത്തിനുള്ള സുപ്രധാന ഉപാധിയായി മാറ്റുന്നതിലും പ്രധാനമന്ത്രി നരേന്ദ്ര മോദി വിദഗ്ധനാണെന്ന കാര്യത്തിൽ സംശയമില്ല. അദ്ദേഹത്തിന് താഴെത്തട്ടിലുള്ള ആളുകളുമായി ശക്തമായ വ്യക്തിബന്ധം ഉണ്ടെന്ന് മാത്രമല്ല, ശക്തമായ സാമൂഹ്യ മാധ്യമ സാന്നിധ്യവുമുണ്ട്. ഇന്ത്യയുടെ ഏറ്റവും സാങ്കേതിക പരിജ്ഞാനമുള്ള നേതാവായും അദ്ദേഹം അറിയപ്പെടുന്നു. ജനങ്ങളിലേക്ക് എത്തിച്ചേരാനും അവരുടെ ജീവിതം മാറ്റിമറിക്കാനും അദ്ദേഹം സാമൂഹ്യ മാധ്യമത്തെ ഉപയോഗപ്പെടുത്തുന്നു. സാങ്കേതികവിദ്യയെ കൂട്ടിയിണക്കുന്നതിലൂടെ, ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന പദ്ധതികൾക്ക് പുതിയ ദിശാബോധം നൽകുന്ന പുരോഗതിയുടെ ഒരു വേദി അദ്ദേഹം സൃഷ്ടിച്ചു.

## ഓക്സ്ഫോർഡ് പഠനം ഇതിനെ വിപ്ലവകരമായ മാറ്റമായി അംഗീകരിക്കുന്നു

ഇന്ത്യയുടെ പ്രധാന പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിൽ 'പ്രഗതി'യുടെ പങ്ക് 2024 ഡിസംബറിൽ നടന്ന ഒരു ഓക്സ്ഫോർഡ് പഠനം എടുത്തുപറഞ്ഞു. ഗേറ്റ്സ് ഫൗണ്ടേഷന്റെ പിന്തുണയോടെ ഓക്സ്ഫോർഡിലെ സെയ്ദ് ബിസിനസ് സ്കൂളാണ് ഈ വിപ്ലവകരമായ പഠനം നടത്തിയത്. 'ഫ്രം ഗ്രിഡ്‌ലോക്ക് ടു ഗ്രോത്ത്: ഹൗ ലീഡർഷിപ്പ് എനേബിൾസ് ഇന്ത്യാസ് പ്രഗതി ഇക്കോസിസ്റ്റം ടു പവർ പ്രോഗ്രസ്' എന്ന തലക്കെട്ടിലുള്ള ഈ പഠനം, പ്രഗതിയെ ഇന്ത്യയുടെ ഡിജിറ്റൽ ഭരണരംഗത്തെ വിപ്ലവകരമായ മാറ്റമായി വിശേഷിപ്പിച്ചു. ഇന്ന്, പ്രഗതി പ്ലാറ്റ്ഫോം സാങ്കേതികവിദ്യയുടെയും ഭരണനിർവഹണത്തിന്റെയും സവിശേഷമായ സംയോജനമാണ്. തടസ്സങ്ങൾ നീക്കം ചെയ്യപ്പെടുന്നുവെന്നും പദ്ധതികൾ കൃത്യസമയത്ത് പൂർത്തിയാകുന്നുവെന്നും ഇത് ഉറപ്പാക്കുന്നു.

## പുതിയ പാരമ്പര്യങ്ങളുടെ ഉദയത്തിലൂടെ നേടിയ വേഗത

2047-ഓടെ ഇന്ത്യയെ വികസിത രാജ്യമാക്കാനുള്ള ദൃഢനിശ്ചയമായ അമൃത് മഹോത്സവം, ഒരു പുതിയ ഇന്ത്യയുടെ അടിത്തറയുടെ തുടക്കമായിരുന്നു. 25 വർഷത്തെ "അമൃത് കാൽ" യാത്രയ്ക്ക് തുടക്കം കുറിക്കുന്നതായാലും, ചെങ്കോട്ട യിൽ നിന്ന് ശുചിത്വത്തിനും സാനിറ്ററി പാഡുകൾക്കും പ്രാധാന്യം നൽകിക്കൊണ്ട് ഒരു ബോധവൽക്കരണ പ്രചാരണം നടത്തുന്നതായാലും ഇത് പ്രകടമാണ്.

## പ്രഗതി പ്ലാറ്റ്ഫോമിൽ പ്രധാനമന്ത്രി ഈ മേഖലകളിലെ പദ്ധതികൾ അവലോകനം ചെയ്തു




**ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഇന്ത്യ... വലിയ തീരുമാനങ്ങൾ എടുക്കുന്നു. വേഗത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നു. വലിയ ലക്ഷ്യങ്ങളുമായി അത് മുന്നോട്ട് കുതിക്കുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ ഫലങ്ങൾ കൈവരിച്ചതിനു ശേഷം മാത്രമേ അത് വിശ്രമിക്കൂ**

*- പ്രധാനമന്ത്രി നരേന്ദ്ര മോദി*

പൊതു ബജറ്റിന് പുതിയ ഉണർവ് നൽകുന്നതായാലും, 'പ്രഗതി' പോലുള്ള വേദികളിലൂടെ പതിറ്റാണ്ടുകളായുള്ള പദ്ധതികൾ വേഗത്തിലാക്കുന്നതായാലും, യുവജനങ്ങൾ, വിദ്യാർത്ഥികൾ, കായികതാരങ്ങൾ, ഗുണഭോക്താക്കൾ എന്നിവരുമായി നേരിട്ടുള്ള സംവാദം നടത്തുന്നതായാലും, ബിസിനസ്സ് എളുപ്പമാക്കുന്നതിൽ നിന്ന് ജീവിതം സുഗമമാക്കുന്നതിലേക്ക് മാറുന്നതായാലും, അല്ലെങ്കിൽ അവഗണിക്കപ്പെട്ട ദേശീയ നായകർക്ക് അർഹമായ ആദരവ് നൽകുന്നതായാലും; ഭരണസംവിധാനം കാര്യക്ഷമമാക്കുന്നതിലും അവസാനത്തെ വ്യക്തിയിലേക്കും സേവനങ്ങൾ കൃത്യസമയത്ത് എത്തുന്നുവെന്ന് ഉറപ്പാക്കുന്നതിലും, ഭരണപരിഷ്കാരങ്ങൾക്കും മന്ത്രാലയങ്ങളും വകുപ്പുകളും തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്തുന്നതിനുമുള്ള 'മിഷൻ കർമ്മയോഗി' എന്ന സംരംഭമായാലും; പതിറ്റാണ്ടുകളായുള്ള വിടവുകൾ നികത്തുന്നതിലും, 'ഒരു രാജ്യം, ഒരു നികുതി' (ജിഎസ്ടി) എന്ന രൂപത്തിൽ സാമ്പത്തിക വിപ്ലവം കൊണ്ടുവരുന്നതിലും, അല്ലെങ്കിൽ ജമ്മു കശ്മീരിലെ ആർട്ടിക്കിൾ 370 റദ്ദാക്കുന്നതിലും-ഒരിക്കൽ അസാധ്യമെന്നോ ചെറുതെന്നോ കരുതി വിധിക്ക് വിട്ടുകൊടുത്ത പ്രതീക്ഷകൾ ഇന്ന് യാഥാർത്ഥ്യമാവുകയാണ്. വഴിത്തിരിവാകുന്ന ഇത്തരം ഉദ്യമങ്ങളിലൂടെ നവ ഇന്ത്യ, മാറ്റത്തിന്റെ പാത ഒരുക്കുകയാണ്, 2047-ൽ രാജ്യം അതിന്റെ സ്വാതന്ത്ര്യത്തിന്റെ ശതാബ്ദി ആഘോഷിക്കുമ്പോൾ, ഈ തീരുമാനങ്ങളുടെ പൂർത്തീകരണം ലോകത്തിലെ ഏറ്റവും ശക്തമായ രാഷ്ട്രങ്ങളുടെ നിരയിൽ ഇന്ത്യയെ പ്രതിഷ്ഠിക്കും.

വാസ്തവത്തിൽ, വികസിത് ഭാരത് @ 2047 എന്നത് ഒരു ദേശീയ സങ്കൽപ്പം മാത്രമല്ല, നിശ്ചിത സമയപരിധിക്കുള്ളിലുള്ള ലക്ഷ്യം കൂടിയാണ്, ദേശീയ താൽപ്പര്യത്തിൽ അത് നേടിയെടുക്കുന്നതിനുള്ള ശക്തമായ സ്തംഭമായി 'പ്രഗതി' പ്രവർത്തിക്കുന്നു. പ്രഗതി യോഗം ഇന്ന് രാജ്യത്തെ ജനങ്ങൾക്ക് അവകാശങ്ങൾ നൽകുന്നതിനുള്ള മാർഗമായി മാറിയിരിക്കുന്നു. നേരത്തെ പല പദ്ധതികളും മൂന്നോ നാലോ പതിറ്റാണ്ടുകളായി മുടങ്ങിക്കിടക്കുകയായിരുന്നു. അവ പൂർത്തിയാക്കാൻ നിലവിലെ കേന്ദ്ര ഗവൺമെന്റ് മുൻകൈ എടുത്തു. പ്രഗതി പ്ലാറ്റ്ഫോം സുതാര്യത വർദ്ധിപ്പിക്കുകയും പ്രവർത്തന സംസ്കാരത്തിൽ മാറ്റം വരുത്തുകയും ചെയ്തു. പദ്ധതികൾ കൃത്യസമയത്ത് പൂർത്തീകരിക്കുക, നിശ്ചയിച്ച ലക്ഷ്യങ്ങൾ കൈവരിക്കുക, അടുത്ത തലമുറ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിന്റെ വേഗതയും വ്യാപ്തിയും എന്നിവയെല്ലാം പരിഷ്കരണ പ്രക്രിയകളിലൂടെയും അടിസ്ഥാന തലത്തിൽ സുതാര്യത ഉറപ്പാക്കുന്നതിലൂടെയും മാത്രമേ സാധ്യമാകൂ. ഈ മഹത്തായ പരിശ്രമങ്ങൾക്ക് പിന്നിൽ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഇന്ത്യയിലെ യുവാക്കളുടെ എണ്ണമറ്റ അഭിലാഷങ്ങളുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെയും സുരക്ഷയുടെയും അഭാവത്തിൽ നിറവേറ്റാൻ പ്രയാസമുള്ള ആഗ്രഹങ്ങൾ. പ്രഗതിയെപ്പോലെയുള്ള ഫലപ്രദമായ ഒരു പ്ലാറ്റ്ഫോമിലൂടെ, പുതിയ ഇന്ത്യ ഈ വെല്ലുവിളികളെ അഭിമുഖീകരിക്കുകയും യുവ സ്വപ്നങ്ങളെ ശാക്തീകരിക്കുകയും ചെയ്യുന്നു. ഇന്ത്യ അതിന്റെ ദൃഢനിശ്ചയം നിറവേറ്റാനുള്ള അചഞ്ചലമായ ഇച്ഛാശക്തിയിൽ -2047-ഓടെ വികസിത് ഭാരതം എന്ന സ്വപ്നം സാക്ഷാത്കരിക്കുകയും 1.4 ബില്യൺ പൗരന്മാരുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും നിറവേറ്റുകയും ചെയ്യുന്ന ഒരു കാഴ്ചപ്പാടാണിത്.

***വികസിത ഇന്ത്യയുടെ അടിത്തറ പാകിയ, പ്രഗതിയുടെ സഹായത്താൽ പൂർത്തിയാക്കിയ ചില പദ്ധതികളെക്കുറിച്ച് നമുക്ക് കൂടുതൽ മനസ്സിലാക്കാം...***

പദ്ധതി

# ബ്രഹ്മപുത്ര നദിക്ക് കുറുകെയുള്ള ബോഗിബീൽ റെയിൽ-കം-റോഡ് പാലം

| അനുമതി തീയതി | പ്രഗതി തീയതി |
|---|---|
| മാർച്ച് 1997 | മെയ് 27, 2015 |

| ചെലവ് | ഉദ്ഘാടനം |
|---|---|
| 5,920 കോടി രൂപ | പ്രധാനമന്ത്രി നരേന്ദ്ര മോദി ഡിസംബർ 25, 2018 |

**നേട്ടങ്ങൾ**

അസമിലെ ദിബ്രുഗഢ്, ധേമാജി ജില്ലകൾക്കിടയിൽ ബ്രഹ്മപുത്ര നദിക്ക് കുറുകെയുള്ള ഈ പാലം രാജ്യത്തിന് സാമ്പത്തികമായും തന്ത്രപരമായും വളരെ പ്രധാനപ്പെട്ടതാണ്.

> ഇത് വെറുമൊരു പാലമല്ല, മറിച്ച് ഈ മേഖലയിലെ ദശലക്ഷക്കണക്കിന് ആളുകളുടെ ജീവിതത്തെ ബന്ധിപ്പിക്കുന്ന ഒരു ജീവനാഡി കൂടിയാണ്. ഇത് അസമും അരുണാചൽ പ്രദേശും തമ്മിലുള്ള ദൂരം കുറയ്ക്കുകയും ജനങ്ങളെ നിരവധി ബുദ്ധിമുട്ടുകളിൽ നിന്ന് മോചിപ്പിക്കുകയും ചെയ്തു.
>
> *- പ്രധാനമന്ത്രി നരേന്ദ്ര മോദി*



## ബോഗിബീൽ പാലം: അസമിലെയും അരുണാചലിലെയും പുതിയ ജീവനാഡി

*അസമിലെ ബോഗിബീൽ പാലം പദ്ധതി 1997-ൽ അംഗീകരിച്ചുവെങ്കിലും, രണ്ട് പതിറ്റാണ്ടിന്റെ കാലതാമസത്തിനുശേഷം 2018-ലാണ് പൂർത്തിയായത്.*

- പൂർണ്ണമായും ഉരുക്കു കൊണ്ട് നിർമ്മിച്ച രാജ്യത്തെ ആദ്യത്തെ പാലമാണിത്. ജലനിരപ്പിൽ നിന്ന് 30 മീറ്ററിലധികം ഉയരത്തിൽ നിർമ്മിച്ച ഈ പാലം എൻജിനീയറിംഗിന്റെയും സാങ്കേതിക വൈദഗ്ധ്യത്തിന്റെയും ഉത്തമ ഉദാഹരണം കൂടിയാണ്.
- 4.94 കിലോമീറ്റർ നീളമുള്ള ബോഗിബീൽ പാലം ധേമാജിയിൽ നിന്ന് ദിബ്രുഗഢിലേക്കുള്ള ദൂരം വെറും 100 കിലോമീറ്ററായി കുറച്ചു. മുൻപ് ഇത് 500 കിലോമീറ്ററായിരുന്നു, യാത്ര സമയം 24 മണിക്കൂർ വരെ എടുക്കുമായിരുന്നു.
- മുകൾ ഭാഗത്ത് റോഡും താഴെ റെയിൽവേയും ഉള്ള രാജ്യത്തെ ഏറ്റവും നീളം കൂടിയ റെയിൽ-കം-റോഡ് പാലമാണിത്. 1965 മുതൽ ബോഗിബീൽ പാലത്തിന് വേണ്ടിയുള്ള ആവശ്യം ഉയർന്നിരുന്നു. 30 ലക്ഷം ബാഗ് സിമന്റ് ഉപയോഗിച്ച് നിർമ്മിച്ച ഈ പാലത്തിന് 125 മീറ്റർ വീതിയുള്ള 39 ഗർഡറുകൾ ഉണ്ട്.



**പദ്ധതി**

# സരയൂ കനാൽ ദേശീയ പദ്ധതി നാലു പതിറ്റാണ്ടുകൾക്ക് ശേഷം പൂർത്തീകരിച്ചു

അനുമതി തീയതി
വർഷം 1978

പദ്ധതി ദൈർഘ്യം:
318 കി.മീ., ലിങ്കേജുകൾ:
6,590 കി.മീ.

ജലസേചന
ലക്ഷ്യം: 1.4M
ഹെക്ടർ ഭൂമി

**ഉദ്ഘാടനം**

പ്രധാനമന്ത്രി നരേന്ദ്ര മോദി
ഡിസംബർ 11, 2021

**തടസ്സങ്ങൾ**

വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയും കൃത്യമായ നിരീക്ഷണത്തിന്റെ അഭാവവും പദ്ധതി വൈകുന്നതിന് കാരണമായി.

> അത് ഗവണ്മെന്റ് പണമാണെങ്കിൽ ഞാൻ എന്തിന് വിഷമിക്കണം? ഈ ചിന്താഗതി രാജ്യത്തിന്റെ സന്തുലിതവും സമഗ്രവുമായ വികസനത്തിന് വലിയൊരു തടസ്സമായി മാറിയിരുന്നു. ഈ ചിന്താഗതി തന്നെയാണ് സരയൂ കനാൽ പദ്ധതിയെയും പാതിവഴിയിൽ തകിടംമറിച്ചത്. അഞ്ച് പതിറ്റാണ്ടുകൊണ്ട് ചെയ്തതിനേക്കാൾ കൂടുതൽ ജോലികൾ സരയൂ കനാൽ പദ്ധതിയിൽ അഞ്ച് വർഷത്തിനുള്ളിൽ ഞങ്ങൾ ചെയ്തുതീർത്തു. പദ്ധതി കൃത്യസമയത്ത് പൂർത്തിയാക്കുക എന്നതിനാണ് ഞങ്ങളുടെ മുൻഗണന.
>
> *-പ്രധാനമന്ത്രി നരേന്ദ്ര മോദി*

- പദ്ധതിയുടെ തുടക്കം മുതൽ ആറ് തവണ ചെലവ് പുതുക്കി നിശ്ചയിച്ചു. നിർമ്മാണ സാമഗ്രികൾ, തൊഴിലാളികൾ, ഭൂമി ഏറ്റെടുക്കൽ എന്നിവയുടെ വർദ്ധിച്ച ചെലവുകൾക്ക് പദ്ധതി നീണ്ടുപോയത് കാരണമായി.
- 1988-89 വർഷത്തോടെ പദ്ധതി പൂർത്തിയാക്കാൻ 1982-ൽ തീരുമാനിച്ചിരുന്നു.
- 2014-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഗവണ്മെന്റ് പ്രവർത്തനം ആരംഭിച്ചപ്പോൾ നടത്തിയ അവലോകനത്തിൽ, രാജ്യത്തെ 99 പ്രധാന ജലസേചന പദ്ധതികൾ പതിറ്റാണ്ടുകളായി അപൂർണ്ണമായി കിടക്കുകയാണെന്ന് കണ്ടെത്തി. സരയൂ കനാൽ ദേശീയ പദ്ധതി അതിലൊന്നായിരുന്നു.
- പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ പ്രഗതി പ്ലാറ്റ്ഫോമിൽ പതിറ്റാണ്ടുകളായി മുടങ്ങിക്കിടക്കുന്ന പദ്ധതികൾ അവലോകനം ചെയ്തതിനെത്തുടർന്ന്, സരയൂ കനാൽ പദ്ധതി നേരിടുന്ന തടസ്സങ്ങൾ സമയബന്ധിതമായി പരിഹരിച്ചു.
- 2021 ഡിസംബർ 11-ന് ഉത്തർപ്രദേശിലെ ബൽറാംപൂരിൽ നിന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സരയൂ കനാൽ ദേശീയ പദ്ധതി ഉദ്ഘാടനം ചെയ്തു.
- കിഴക്കൻ ഉത്തർപ്രദേശിലെ ഒമ്പത് ജില്ലകളിലായി (ബഹ്റൈച്ച്, ശ്രാവസ്തി, ബൽറാംപൂർ, ഗോണ്ട, സിദ്ധാർത്ഥനഗർ, ബസ്തി, സന്ത് കബീർ നഗർ, ഗോരഖ്പൂർ, മഹാരാജ്ഗഞ്ച്) 29 ലക്ഷത്തിലധികം കർഷകർക്ക് പദ്ധതി പ്രയോജനപ്പെടും.
- 100 കോടി രൂപയിൽ താഴെ ചെലവിലാണ് പദ്ധതി ആരംഭിച്ചത്. എന്നാൽ പദ്ധതി പൂർത്തിയായപ്പോഴേക്കും അതിന്റെ ചെലവ് 10,000 കോടി രൂപയിലധികമായി വർദ്ധിച്ചിരുന്നു..



പദ്ധതി

# പട്ന ഗംഗ റെയിൽ-കം-റോഡ് പാലം

**അനുമതി**
നവംബർ 5, 2001

**പ്രഗതി തീയതി**
മാർച്ച് 25, 2015

**ചെലവ്**
3,774 കോടി രൂപ

**പദ്ധതി പൂർത്തീകരണം**
മാർച്ച് 3, 2022

**തടസ്സങ്ങൾ**
ഭൂമി ഏറ്റെടുക്കൽ, നഷ്ടപരിഹാരം, പുനരധിവാസം, സമ്പൂർണ്ണ നടപ്പാക്കൽ

## പ്രധാനമന്ത്രിയുടെ നിർദ്ദേശങ്ങൾ

- പദ്ധതി നീണ്ടുപോയത് കാരണം അതിന്റെ ചിലവ് അഞ്ചിരട്ടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. റെയിൽവേ ലൈനിന്റെ ഇരുവശങ്ങളിലുമുള്ള അപ്രോച്ച് റോഡുകൾക്ക് ആവശ്യമായ ഭൂമി റെയിൽവേയ്ക്ക് കൈമാറേണ്ടതുണ്ട്. ബന്ധപ്പെട്ട ആളുകൾക്ക് ഉടൻ തന്നെ നഷ്ടപരിഹാരം നൽകണം. പുനരധിവാസ പ്രക്രിയ വേഗത്തിൽ പൂർത്തിയാക്കേണ്ടതുണ്ട്.
- നിർദ്ദേശത്തെത്തുടർന്ന്, വടക്ക്, തെക്ക് റെയിൽവേ അപ്രോച്ചുകളുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും 2015 മെയ് മാസത്തോടെ പരിഹരിക്കപ്പെട്ടു.



## പദ്ധതിയുടെ പ്രയോജനങ്ങൾ

- പട്ന-ഗംഗാ റെയിൽ-കം-റോഡ് പാലം (പുതിയ ലൈൻ), ജെപി സേതു എന്നും അറിയപ്പെടുന്നു. ഇത് ദക്ഷിണ ബിഹാറിനും ഉത്തര ബിഹാറിനും ഇടയിൽ തുടർച്ചയായതും ഉയർന്ന ശേഷിയുള്ളതുമായ റെയിൽ-റോഡ് ബന്ധം ഉറപ്പാക്കുന്നു.
- ഏകദേശം 4.55 കിലോമീറ്റർ നീളമുള്ള ഈ സംയോജിത റെയിൽ-റോഡ് പാലത്തിന്റെ നിർമ്മാണം ഇവിടുത്തെ വർഷങ്ങളായുള്ള തിരക്ക് കുറയ്ക്കാൻ സഹായിച്ചു. യാത്രാദൂരം ഏകദേശം 20–25 കിലോമീറ്റർ വരെ കുറഞ്ഞു.
- പട്ന നഗരത്തിനുള്ളിലെ ഗതാഗതക്കുരുക്കും കുറഞ്ഞു. റെയിൽവേ മേഖലയിൽ, ഈ പുതിയ പാലം പഴയ പാലങ്ങളുടെ ബുദ്ധിമുട്ട് ലഘൂകരിച്ചു. ഇത് കൂടുതൽ പാസഞ്ചർ, ചരക്ക് തീവണ്ടികളുടെ നീക്കം സാധ്യമാക്കി, പ്രതിവർഷം ഏകദേശം 27.8 ദശലക്ഷം ടൺ ചരക്ക് നീക്കത്തിന് ഇത് സഹായകമായി.
- കിഴക്കൻ, വടക്കൻ, വടക്കുകിഴക്കൻ ഇന്ത്യയെ ബന്ധിപ്പിക്കുന്ന പ്രധാന റെയിൽ പാതകളിൽ ട്രെയിനുകളുടെ സമയനിഷ്ഠ മെച്ചപ്പെട്ടു. കൂടാതെ, ഗംഗാനദിയുടെ ഇരുതീരങ്ങളും തമ്മിലെ നേരിട്ടുള്ള ബന്ധം തൊഴിൽ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, വിപണികൾ എന്നിവയിലേക്കുള്ള പ്രവേശനം മെച്ചപ്പെടുത്തി.
- പുതിയ പാലം ഏകദേശം 1.49 ബില്യൺ കിലോഗ്രാം കാർബൺ ബഹിർഗമനം കുറച്ചു. ഇത് ഏകദേശം 6 കോടി മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് തുല്യമായ പാരിസ്ഥിതിക നേട്ടമാണ്.

> **വികസിത ഭാരതം... എന്നാൽ വേഗതയും പുരോഗതിയുമുള്ള, പൊതുതാൽപര്യത്തിന് പരമപ്രാധാന്യം നൽകുന്ന ഒരു രാജ്യം എന്നാണ് അർത്ഥമാക്കുന്നത്... അവിടെ ഗവൺമെന്റ് പദ്ധതികൾ ജനജീവിതം കൂടുതൽ സുഗമമാക്കുന്നു.**
>
> *- പ്രധാനമന്ത്രി നരേന്ദ്ര മോദി*





## പദ്ധതി

# കോസി റെയിൽ മഹാസേതു

**അനുമതി**
**വർഷം 2003–04**

**പ്രോജക്റ്റ് ദൈർഘ്യം**
**1.9 കിലോമീറ്റർ**

**ചെലവ്**
**516 കോടി രൂപ**

**ഉദ്ഘാടനം**
**സെപ്റ്റംബർ 18, 2020**

നേട്ടങ്ങൾ

- യാത്രാ ദൂരം വെറും 22 കിലോമീറ്ററായി കുറഞ്ഞു. എട്ട് മണിക്കൂർ എടുത്തിരുന്ന യാത്രയ്ക്ക് ഇപ്പോൾ അരമണിക്കൂർ മതിയാകും.
- സുപോൾ, അരാരിയ, സഹർസ ജില്ലകളിലെ ജനങ്ങൾക്ക് ഈ പാത അത്യന്തം ഗുണകരമാണ്. ഈ പദ്ധതി യാത്രകൾ കൂടുതൽ എളുപ്പമാക്കി മാറ്റി.

- ഈ മേഖലയിലുള്ളവരുടെ 86 വർഷത്തെ സ്വപ്നമാണ് ഇപ്പോൾ യാഥാർത്ഥ്യമായിരിക്കുന്നത്. 1887-ൽ നിർമാലിക്കും ഭപ്തിയാഹിക്കും (സാരാഗഡ്) ഇടയിൽ മീറ്റർ ഗേജ് ലൈൻ നിലവിലുണ്ടായിരുന്നു. എന്നാൽ 1934-ലെ വിനാശകരമായ വെള്ളപ്പൊക്കത്തിലും ഇന്ത്യ-നേപ്പാൾ ഭൂകമ്പത്തിലും ആ റെയിൽപാത തകർന്നുപോയി.
- അടൽ ബിഹാരി വാജ്പേയി പ്രധാനമന്ത്രിയും നിതീഷ് കുമാർ കേന്ദ്ര റെയിൽവേമന്ത്രിയുമായിരുന്ന 2003-ലാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. എന്നാൽ പിന്നീട് വന്ന ഭരണസംവിധാനങ്ങളിലെ മാറ്റങ്ങൾ കാരണം പദ്ധതിയുടെ വേഗത കുറയുകയായിരുന്നു.



## പദ്ധതി

# കിഴക്കൻ-പടിഞ്ഞാറൻ പെരിഫറൽ എക്സ്പ്രസ് വേ പദ്ധതി

***കിഴക്കൻ-പടിഞ്ഞാറൻ പെരിഫറൽ പദ്ധതി 2006-ലാണ് അംഗീകരിച്ചത്. ഒരു പതിറ്റാണ്ട് നീണ്ട കാലതാമസത്തിന് ശേഷം 2016-ലും 2018-ലുമായാണ് പദ്ധതി പൂർത്തിയായത്.***

**കിഴക്കൻ-പടിഞ്ഞാറൻ പെരിഫറൽ എക്സ്പ്രസ് വേ**

**ശിലാസ്ഥാപനം**
**2015 നവംബർ 5**

**ഉദ്ഘാടനം**
**മെയ് 27, 2018**

**ചെലവ്: 11,000 കോടി രൂപ**

പദ്ധതിയെക്കുറിച്ചുള്ള അവലോകനത്തിൽ നിരവധി പോരായ്മകൾ വെളിപ്പെട്ടു. നിരന്തര തുടർനടപടികളിലൂടെ പ്രവൃത്തിക്ക് വേഗത കൈവരിക്കുകയും വർഷങ്ങൾ നീണ്ട കാത്തിരിപ്പിന് അറുതിയാവുകയും ചെയ്തു.

**പദ്ധതിയുടെ ദൈർഘ്യം: 270 കിലോമീറ്റർ**

- കുണ്ഡ്ലി-മനേസർ-പൽവാൾ (കെഎംപി) പടിഞ്ഞാറൻ പെരിഫറൽ എക്സ്പ്രസ് വേയുടെ, കുണ്ഡ്ലി-മനേസർ ഭാഗം 2018 നവംബർ 19-ന് ഉദ്ഘാടനം ചെയ്തു.
- തറക്കല്ലിടൽ ചടങ്ങിന് ശേഷം 910 ദിവസമായിരുന്നു പദ്ധതി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്നത്, എന്നാൽ വെറും 500 ദിവസത്തിനുള്ളിൽ ഇത് കൈവരിക്കാൻ സാധിച്ചു.
- കിഴക്കൻ പെരിഫറൽ എക്സ്പ്രസ് വേയ്ക്കായി ഏകദേശം 5,900 കോടി രൂപ ചിലവിൽ മൊത്തം 1,700 ഹെക്ടർ ഭൂമി ഏറ്റെടുത്തു.
- 135 കിലോമീറ്റർ കിലോമീറ്റർ ഇടനാഴിയിലുട നീളം സൗരോർജ്ജം ഉപയോഗിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ അതിവേഗ പാതയാണ് കിഴക്കൻ പെരിഫറൽ എക്സ്പ്രസ് വേ.
- ഡൽഹിക്ക് ചുറ്റുമുള്ള പെരിഫറൽ എക്സ്പ്രസ് വേ പദ്ധതി ദേശീയ തലസ്ഥാന മേഖലയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനും മലിനീകരണ തോത് കുറയ്ക്കാനും ലക്ഷ്യമിടുന്നു.

പദ്ധതി

# അടൽ ടണൽ - തന്ത്രപരവും സാമ്പത്തികവുമായ കരുത്തിന്റെ പ്രതീകം

*മണാലി– ലേ ഹൈവേയിൽ ഒരു പതിറ്റാണ്ടിലേറെയായി മുടങ്ങിക്കിടന്ന റോഹ്താങ് തുരങ്കം, നിലവിലെ കേന്ദ്ര ഗവൺമെന്റിന്റെ മുന്തിയ പരിഗണനയിലൂടെ വെറും ആറ് വർഷത്തിനുള്ളിൽ പൂർത്തിയായി. സ്വയംപര്യാപ്തമാകാനുള്ള ഇന്ത്യയുടെ ദൃഢനിശ്ചയത്തിന്റെ ഉജ്ജ്വല ഉദാഹരണമായി ഈ തുരങ്കം മാറിയിരിക്കുന്നു...*

**2002 മെയ് 26 ന്** തറക്കല്ലിട്ടു അന്തരിച്ച പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി അപ്രോച്ച് റോഡിന്റെ തറക്കല്ലിടലിനൊപ്പം

2002-ൽ തറക്കല്ലിട്ടതു മുതൽ 2013-14 വരെ വെറും 1,300 മീറ്റർ തുരങ്കം പണി മാത്രമേ പൂർത്തിയായിരുന്നുള്ളൂ. അതേ വേഗതയിൽ തന്നെ പണി തുടർന്നിരുന്നെങ്കിൽ, ഇത് പൂർത്തിയാകാൻ 2040 വരെ കാത്തിരിക്കണമായിരുന്നു.

ചെലവ് - 950 കോടി രൂപ, കാലതാമസം കാരണം 3,200 കോടി രൂപയായി.

**ഉദ്ഘാടനം**

പ്രധാനമന്ത്രി നരേന്ദ്ര മോദി

2020 ഒക്ടോബർ 3

**തടസ്സങ്ങൾ**

**അടൽ ടണലിന്റെ നിർമ്മാണം എളുപ്പമായിരുന്നില്ല. മിനിറ്റിൽ 8,000 ലിറ്റർ വെള്ളം ഒഴുകുന്ന 587 മീറ്റർ നീളമുള്ള ഒരു നീർച്ചാൽ നിർമ്മാണത്തിന് തടസ്സമായി. ഈ പ്രശ്നം തന്നെ വലിയൊരു വെല്ലുവിളിയായിരുന്നു. ജോലി കൃത്യസമയത്ത് പൂർത്തിയാക്കാൻ 3,000 തൊഴിലാളികളും 650 ബി.ആർ.ഒ ഉദ്യോഗസ്ഥരും മൂന്ന് ഷിഫ്റ്റുകളിലായി പ്രവർത്തിച്ചു.**

## എന്തുകൊണ്ടാണ് അടൽ ടണൽ സവിശേഷമാകുന്നത്?

- അടൽ ടണലിന്റെ നിർമ്മാണം ലഡാഖിൽ വിന്യസിച്ചിരിക്കുന്ന ഇന്ത്യൻ സൈന്യത്തിന് വളരെ സഹായകമാണ്. ഇപ്പോൾ ശീതകാലത്ത് പോലും ആയുധങ്ങളും സാധന സാമഗ്രികളും എളുപ്പത്തിൽ വിതരണം ചെയ്യാൻ സാധിക്കുന്നു.
- 10,171 അടി ഉയരത്തിലാണ് അടൽ ടണൽ നിർമ്മിച്ചിരിക്കുന്നത്. ഇത് റോഹ്താങ് പാസുമായി ബന്ധിപ്പിക്കുന്നു. ലോകത്തിലെ ഏറ്റവും ഉയരത്തിലുള്ളതും നീളമേറിയതുമായ ഹൈവേ തുരങ്ക പാതയാണിത്. കുതിരലാടത്തിന്റെ ആകൃതിയുള്ള, സിംഗിൾ ട്യൂബ്, ഡബിൾ ലൈൻ ടണലിന് 5.525 മീറ്റർ ഓവർഹെഡ് ക്ലിയറൻസ് ഉണ്ട്.
- സെമി-ട്രാൻസ്‌വേഴ്സ് സിസ്റ്റം, സ്കാഡ (SCADA) നിയന്ത്രിത അഗ്നിശമന സംവിധാനം, ലൈറ്റിംഗ്, മോണിറ്ററിംഗ് സിസ്റ്റങ്ങൾ എന്നിവയുൾപ്പെടെ അത്യാധുനിക ഇലക്ട്രോ-മെക്കാനിക്കൽ സംവിധാനങ്ങൾ ഈ ടണലിൽ സജ്ജീകരിച്ചിട്ടുണ്ട്.



പദ്ധതി

# മുംബൈ ട്രാൻസ്-ഹാർബർ ലിങ്ക് അടൽ സേതു

| | |
|---|---|
| ശിലാസ്ഥാപനം | 2016, ഡിസംബർ 24 |
| പദ്ധതി പൂർത്തീകരിച്ചത് | 2023, ഡിസംബർ 31 |
| ചെലവ്: 20,550 കോടി രൂപ | ഉദ്ഘാടനം 2024, ജനുവരി 12 |

- ഏകദേശം 21.8 കിലോമീറ്റർ നീളവും 6 വരിപ്പാതയുമുള്ള ഈ പാലത്തിന്റെ 16.5 കിലോമീറ്റർ ദൂരം കടലിന് മുകളിലൂടെയും 5.5 കിലോമീറ്റർ കരയിലൂടെയുമാണ് നിർമ്മിച്ചിരിക്കുന്നത്.
- 'പ്രഗതി' പ്ലാറ്റ്ഫോമിലൂടെയുള്ള കൃത്യമായ നിരീക്ഷണത്തിന് കീഴിൽ, വളരെ അച്ചടക്കത്തോടെയും സമയബന്ധിതമായും പൂർത്തിയാക്കിയ ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ കടൽപ്പാലമാണിത്.
- മുംബൈ അന്താരാഷ്ട്ര വിമാനത്താവളത്തിനും നവി മുംബൈ അന്താരാഷ്ട്ര വിമാനത്താവളത്തിനും ഇടയിൽ ഇത് അതിവേഗ കണക്റ്റിവിറ്റി നൽകുകയും മുംബൈയിൽ നിന്ന് പൂനെ, ഗോവ, ദക്ഷിണേന്ത്യ എന്നിവിടങ്ങളിലേക്കുള്ള യാത്രാസമയം കുറയ്ക്കുകയും ചെയ്യുന്നു.
- മുംബൈ തുറമുഖവും ജവഹർലാൽ നെഹ്റു തുറമുഖവും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നു.
- അടൽ സേതുവിന്റെ നിർമ്മാണ വേളയിൽ ഏകദേശം 17,000 തൊഴിലാളികൾക്കും 1,500 എഞ്ചിനീയർമാർക്കും നേരിട്ട് തൊഴിൽ ലഭിച്ചു.
- അടൽ സേതുവിൽ ഉപയോഗിച്ചിരിക്കുന്ന കമ്പികൾ കൂട്ടിയോജിപ്പിച്ചാൽ ഭൂമിയെ രണ്ട് തവണ ചുറ്റാൻ സാധിക്കും. ഈ പദ്ധതിക്കായി ഉപയോഗിച്ച ഇരുമ്പും ഉരുക്കും ഉപയോഗിച്ച് നാല് ഹൗറ പാലങ്ങളോ ആറ് ഏകതാ പ്രതിമകളോ നിർമ്മിക്കാൻ കഴിയുമായിരുന്നു.





**2014-ന് ശേഷം ഉണ്ടായ മറ്റൊരു പ്രധാന മാറ്റം, വർഷങ്ങളായി മുടങ്ങിക്കിടന്ന പദ്ധതികൾ കണ്ടെത്തി അവ ദൗത്യാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നു എന്നതാണ്. പകുതിവഴിയിൽ നിലച്ചുപോയ പദ്ധതികൾ നമ്മുടെ സത്യസന്ധരായ നികുതിദായകരുടെ പണം നശിപ്പിക്കുക മാത്രമല്ല, പദ്ധതിയുടെ ചെലവ് വർദ്ധിപ്പിക്കുകയും ചെയ്യുന്നു; മാത്രമല്ല, ജനങ്ങൾക്ക് ലഭിക്കേണ്ട സൗകര്യങ്ങൾ യഥാസമയം ലഭിക്കാതെ വരികയും ചെയ്യുന്നു. ഇത് നമ്മുടെ നികുതിദായകരോട് ചെയ്യുന്ന വലിയ അനീതിയാണ്.**

*- പ്രധാനമന്ത്രി നരേന്ദ്ര മോദി*

പദ്ധതി

## കൊല്ലം ബൈപാസ്

**അനുമതി**
1972

**കേന്ദ്ര ഗവൺമെന്റിൽനിന്നുള്ള അംഗീകാരം**
2015, ജനുവരി

**പദ്ധതി ദൈർഘ്യം**
NH-66 ൽ 13 കി.മീ.



**ഉദ്ഘാടനം**
2019, ജനുവരി 15

**ചെലവ്**
352 കോടി രൂപ

**പ്രഗതി തീയതി**
അനുമതികളും സാമ്പത്തിക ബുദ്ധിമുട്ടുകളും ഉൾപ്പെടെ നാല് പതിറ്റാണ്ടുകളോളം മുടങ്ങിക്കിടന്നിരുന്ന എല്ലാ തടസ്സങ്ങളും പ്രഗതി പ്ലാറ്റ്ഫോം പരിഹരിച്ചു.

**നേട്ടങ്ങൾ**
ഈ രണ്ടുവരി ബൈപാസ് പദ്ധതി ആലപ്പുഴയ്ക്കും തിരുവനന്തപുരത്തിനും ഇടയിലുള്ള യാത്രാ സമയം കുറച്ചു. കൊല്ലം നഗരത്തിലെ ഗതാഗതക്കുരുക്കും കുറഞ്ഞു.

പദ്ധതി

## നവി മുംബൈ അന്താരാഷ്ട്ര വിമാനത്താവളം

**അനുമതി**
2007, ജൂലൈ 6

**ചെലവ്**
19,646 കോടി രൂപ

**പ്രഗതി തീയതി**
2015, മാർച്ച് 25
2021, സെപ്റ്റംബർ 29

**പൂർത്തീകരണം**
2025, ഡിസംബർ 25

**നേട്ടങ്ങൾ**
മഹാരാഷ്ട്രയിലെ കർഷകർ മധ്യ കിഴക്കൻ വിപണികളുമായി ബന്ധിപ്പിക്കപ്പെട്ടു.





പദ്ധതി

## ജമ്മു-ഉധംപൂർ-ശ്രീനഗർ-ബാരാമുള്ള റെയിൽ ലിങ്ക്

സ്വതന്ത്ര ഇന്ത്യ ഏറ്റെടുത്തിട്ടുള്ള ഏറ്റവും വലിയ റെയിൽ പദ്ധതികളിൽ ഒന്നാണ് ഉധംപൂർ-ശ്രീനഗർ-ബാരാമുള്ള റെയിൽ ലിങ്ക് (USBRL). ദുർഘടമായ ഹിമാലയൻ പർവ്വതനിരകളിലൂടെ 272 കിലോമീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്ന ഈ പദ്ധതിയിൽ 119 കിലോമീറ്റർ തുരങ്കങ്ങളാണ്. താഴ്വരകളെയും പർവ്വതപാതകളെയും ബന്ധിപ്പിക്കുന്ന 38 തുരങ്കങ്ങളും 943 പാലങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഈ റെയിൽ ശൃംഖല ജമ്മു കശ്മീരിലെ ഗതാഗതം, വ്യാപാരം, ടൂറിസം എന്നീ മേഖലകളിൽ ഒരു പുതിയ യുഗത്തിന് തുടക്കം കുറിക്കുന്നു.

**അനുമതി**
1994, മാർച്ച് 31

**ചെലവ്**
43,780 കോടി രൂപ

**റെയിൽവേ പാതയുടെ ദൈർഘ്യം**
272 കി.മീ

**ഉദ്ഘാടനം**
2025, ജൂൺ 6

**സവിശേഷതകൾ**
38 തുരങ്കങ്ങൾ (119 കിലോമീറ്റർ നീളം),
943 പാലങ്ങൾ

**പ്രഗതി തീയതി**
2015, ജൂൺ 24
2019, നവംബർ 6
2020, ഡിസംബർ 30

- ലോകത്തിലെ ഏറ്റവും ഉയരം കൂടിയ റെയിൽവേ ആർച്ച് പാലം, 359 മീറ്റർ ഉയരത്തിൽ ചെനാബിന് മുകളിൽ നിർമ്മിച്ചു.
- കശ്മീർ മുതൽ കന്യാകുമാരി വരെ റെയിൽവേ കണക്റ്റിവിറ്റി.



## പദ്ധതി

### ഖുർദ-ബലങ്കിർ ന്യൂ സീവുഡ്-ബേലാപൂർ-ഉറാൻ ലൈൻ ബ്രോഡ് ഗേജ് റെയിൽ ലിങ്ക്

**അനുമതി**
1994, മാർച്ച് 31

**പണി ആരംഭിച്ചത്**
2001, മാർച്ച് 8

**ദൈർഘ്യം**
301 കി.മീ.

**പ്രഗതി തീയതി**
2015, സെപ്റ്റംബർ 30
2020, ജനുവരി 22

**ലക്ഷ്യ പൂർത്തീകരണം**
2026, ഡിസംബർ 31

**ചെലവ്**
5,089 കോടി രൂപ

**നേട്ടങ്ങൾ**

പ്രാദേശിക വ്യാപാരത്തിന് ഉണർവ്വേകും, ഭുവനേശ്വർ-ബലാംഗീർ തമ്മിലുള്ള ദൂരവും കുറയും.

**തടസ്സങ്ങൾ:** വനം വകുപ്പിന്റെ അനുമതി/ഭൂമി ഏറ്റെടുക്കൽ

ഈ റെയിൽ പാതയിലെ 7 തുരങ്കങ്ങളും പൂർത്തിയായി

## പദ്ധതി

### അഗർത്തല-സബ്രൂം പുതിയ റെയിൽവേ പാത

**ശിലാസ്ഥാപനം**
2008, ഒക്ടോബർ

**പ്രഗതി തീയതി**
ജൂൺ 24, 2015

**ചെലവ്:**
5138.51 കോടി രൂപ

**തടസ്സങ്ങൾ :** വനം, വന്യജീവികൾ, പരിസ്ഥിതി

**പണി ആരംഭിച്ചത്**
2009, ജൂലൈ 29

**ഉദ്ഘാടനം**
2019, ഒക്ടോബർ

**നേട്ടങ്ങൾ**

ധാന്യങ്ങൾ, ഇന്ധനം തുടങ്ങിയ അത്യാവശ്യ സാധനങ്ങളുടെ ഗതാഗതച്ചെലവ് കുറഞ്ഞു. ഇത് ത്രിപുരയിലെ വിപണികളിൽ തടസ്സമില്ലാത്ത വിതരണം ഉറപ്പാക്കുകയും വില നിയന്ത്രിക്കാൻ സഹായിക്കുകയും ചെയ്തു.

## പദ്ധതി

### സീവുഡ്സ്-ബേലാപൂർ-യുറാൻ ലൈൻ

**അനുമതി**
1997, ജൂലൈ 11

**പ്രഗതി തീയതി**
2017, ഫെബ്രുവരി 22

**ചെലവ്**
2,980.41 കോടി രൂപ

**പൂർത്തീകരിച്ചത്**
2023, മാർച്ച് 11

**നേട്ടങ്ങൾ**

നവി മുംബൈയുടെ ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള തന്ത്രപ്രധാന നഗരപ്രാന്ത റെയിൽവേ അടിസ്ഥാന സൗകര്യ പദ്ധതിയാണ് ബേലാപൂർ-യുറാൻ റെയിൽവേ ലൈൻ.

**തടസ്സങ്ങൾ:** വനം, വന്യജീവികൾ, പരിസ്ഥിതി

## പദ്ധതി

### ഹരിദാസ്പൂർ-പാരദീപ് പുതിയ റെയിൽ ലൈൻ

**അനുമതി**
1997, ജനുവരി 1

**പ്രഗതി തീയതി**
2018, ഓഗസ്റ്റ് 29

**തടസ്സങ്ങൾ:** ഭൂമി ഏറ്റെടുക്കലും മറ്റ് പ്രശ്നങ്ങളും

**ചെലവ്**
11,186 കോടി രൂപ

**പൂർത്തീകരിച്ചത്**
ജൂലൈ 31, 2020

**നേട്ടങ്ങൾ**

പാരദ്വീപ് തുറമുഖത്തു നിന്നും 40 കിലോമീറ്റർ ദൈർഘ്യമുള്ള റെയിൽ ലിങ്ക്, റെയിൽ യാത്രാ ദൂരം കുറയ്ക്കുകയും ചരക്ക് നീക്കത്തിന്റെ കാര്യക്ഷമത 25 മുതൽ 30 ശതമാനം വരെ വർദ്ധിപ്പിക്കുകയും പ്രതിദിനം 20 മുതൽ 25 വരെ അധിക ചരക്ക് ട്രെയിനുകൾ കൂട്ടിച്ചേർക്കുകയും ചെയ്തു.



## പദ്ധതി

### ഹൈദരാബാദ് മെട്രോ റെയിൽ (72 കി.മീ)



**അനുമതി**
2012

**പ്രഗതി തീയതി**
2015, ഡിസംബർ 31

**ചെലവ്**
18,975 കോടി രൂപ

**പൂർത്തീകരിച്ചത്**
2020, ഫെബ്രുവരി 07

**തടസ്സങ്ങൾ**
വൈദ്യുതി തീരുവ ഉൾപ്പെടെയുള്ള സാമ്പത്തിക പരിമിതികൾ

**നേട്ടങ്ങൾ**
പി.പി.പി മാതൃകയിൽ വികസിപ്പിച്ച ലോകത്തിലെ ഏറ്റവും വലിയ മെട്രോ പദ്ധതിയാണിത്. നഗര ഗതാഗതത്തിലും സാമ്പത്തിക വികസനത്തിലും വലിയ സ്വാധീനം ചെലുത്തുന്ന ഇത് വിവിധ തലത്തിലുള്ള ഗതാഗത മാർഗ്ഗങ്ങളെയും വൻതോതിലുള്ള ഗതാഗതാധിഷ്ഠിത വികസനത്തെയും സംയോജിപ്പിക്കുന്നു.

## പദ്ധതി

### അഹമ്മദാബാദ് മെട്രോ റെയിൽ (ഒന്നാം ഘട്ടം)

**അനുമതി**
2014, നവംബർ 17

**ചെലവ്**
12,924.5 കോടി രൂപ

**പ്രഗതി തീയതി**
2018 ഏപ്രിൽ 25, 2020 ഡിസംബർ 30

**പൂർത്തീകരണം**
ജനുവരി, 2026

**തടസ്സങ്ങൾ:** ധനകാര്യ പ്രശ്നങ്ങൾ, ഭൂമി ഏറ്റെടുക്കൽ

**നേട്ടങ്ങൾ**
ഇന്ധന ഉപഭോഗം കുറഞ്ഞതിനൊപ്പം യാത്രാ സമയം ലാഭിക്കുകയും ചെയ്തു. വായുവിന്റെ ഗുണനിലവാരവും മെച്ചപ്പെട്ടു, ഗതാഗത സുരക്ഷയും തിരക്കും കുറഞ്ഞു.

## പദ്ധതി

### ഡൽഹി എംആർടിഎസ് - മൂന്നാം ഘട്ടം

**അനുമതി**
2011, ഡിസംബർ 26

**പ്രഗതി തീയതി**
2015, മെയ് 27

**ചെലവ്**
38,585 കോടി രൂപ

**പൂർത്തീകരിച്ചത്**
2022, ഓഗസ്റ്റ് 6

**നേട്ടങ്ങൾ**
മെട്രോ കണക്റ്റിവിറ്റി ശക്തിപ്പെടുത്തി, ഡൽഹി-എൻസിആർ മേഖലയിലെ യാത്ര സുഗമമാക്കി.

**തടസ്സങ്ങൾ:** ഭൂമി ഏറ്റെടുക്കൽ, ചെലവ് പങ്കിടൽ, നിർമ്മാണ പ്രശ്നങ്ങൾ



## പദ്ധതി

# ഗാദർവാര സൂപ്പർ തെർമൽ പവർ

അനുമതി
2008

ശിലാസ്ഥാപനം
2014

രണ്ട് 800 മെഗാ വാട്ട് യൂണിറ്റുകൾ ഉൾക്കൊള്ളുന്നു

**രാഷ്ട്രത്തിന് സമർപ്പിച്ചത്**
2025, ഒക്ടോബർ

കാലതാമസത്തിനുള്ള കാരണങ്ങൾ
ഭൂമി, ഇന്ധന ലഭ്യത, നടപ്പാക്കൽ പ്രശ്ന ങ്ങൾ

**നേട്ടങ്ങൾ**
മധ്യപ്രദേശ് ഉൾപ്പെടെയുള്ള പടിഞ്ഞാറൻ സംസ്ഥാനങ്ങളിലേക്ക് തടസ്സമില്ലാത്ത വൈദ്യുതി വിതരണം.

- പ്രഗതി പ്ലാറ്റ്ഫോമിലെ വിലയിരുത്തലിന് ശേഷം പദ്ധതിക്ക് വേഗത ലഭിച്ചു.
- പ്രസ്തുത എൻപിസി പദ്ധതി മധ്യപ്രദേശിലെ നർസിംഗ്പൂർ ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്.



## പദ്ധതി

# കുഡ്ഗി-1 സൂപ്പർ തെർമൽ പവർ പ്ലാന്റ്, 3x800 മെഗാവാട്ട്, എൻ.ടി.പി.സി

അനുമതി
2012, മാർച്ച് 1

പ്രഗതി തീയതി
2015, ജൂൺ 24

ചെലവ്
18,382 കോടി രൂപ

**പൂർത്തീകരിച്ചത്**
2018, ഡിസംബർ 3

**നേട്ടങ്ങൾ**
ദക്ഷിണേന്ത്യയിലെ വ്യവസായ മേഖലകളിലേക്കുള്ള വൈദ്യുതി വിതരണവും ഗ്രിഡ് സുസ്ഥിരതയും

തടസ്സങ്ങൾ: ഭൂമി ഏറ്റെടുക്കൽ, ഉപയോഗാവകാശം

## പദ്ധതി

# സോളാപൂർ സൂപ്പർ തെർമൽ പവർ സ്റ്റേഷൻ

അനുമതി
2012, മാർച്ച് 1

പ്രഗതി തീയതി
2015 ഡിസംബർ 30

ചെലവ്
11,406 കോടി രൂപ

**പൂർത്തീകരിച്ചത്**
2019, മാർച്ച് 29

**നേട്ടങ്ങൾ**
വിശ്വസനീയമായ വൈദ്യുതി വിതരണം ഉറപ്പാക്കുന്നതിലൂടെയും ഊർജ്ജ സുരക്ഷ ശക്തമാക്കുന്നതിലൂടെയും പ്രാദേശിക സാമ്പത്തിക വികസനത്തെ പിന്തുണയ്ക്കുന്നതിലൂടെയും സോലാപൂർ സൂപ്പർ തെർമൽ പവർ സ്റ്റേഷൻ ഗണ്യമായ സാമൂഹിക-സാമ്പത്തിക നേട്ടം കൈവരിച്ചിട്ടുണ്ട്.

**തടസ്സങ്ങൾ:** ഉപയോഗാവകാശം/വഴി സൗകര്യത്തിനുള്ള അവകാശം, വൈദ്യുതി, ഇന്ധനം, ഭൂമി ഏറ്റെടുക്കൽ



## പദ്ധതി

### കമെങ് ജലവൈദ്യുത പദ്ധതി

**അനുമതി**
2004, നവംബർ

**പ്രഗതി തീയതി**
2015, ജൂൺ 24

**തടസ്സങ്ങൾ:** ഭൂമി ഏറ്റെടുക്കൽ, വനങ്ങൾ, വന്യജീവികൾ, പരിസ്ഥിതി.

**ചെലവ്**
8,458.95 കോടി രൂപ

**പൂർത്തീകരിച്ചത്**
2021, ഫെബ്രുവരി 10

**നേട്ടങ്ങൾ**
കാമെങ് ജലവൈദ്യുത പദ്ധതി അരുണാചൽ പ്രദേശിനെ രാജ്യത്തെ വൈദ്യുതി മിച്ച സംസ്ഥാനമാക്കി മാറ്റി. കൂടാതെ, ഇത് പ്രാദേശിക, ദേശീയ ഗ്രിഡുകളിലേക്ക് അധിക വൈദ്യുതി വിതരണം ചെയ്യാനും തുടങ്ങി.



## പദ്ധതി

### പാരെ ജലവൈദ്യുത പദ്ധതി (110 മെഗാവാട്ട്) NEEPCO ലിമിറ്റഡ്

**അനുമതി**
2008, നവംബർ 26

**പ്രഗതി തീയതി**
ഡിസംബർ 27, 2015

**തടസ്സങ്ങൾ:** വനം, വന്യജീവി, പരിസ്ഥിതി, വഴി സൗകര്യം സംബന്ധിച്ച പ്രശ്നങ്ങൾ

**ചെലവ്**
1656.74 കോടി രൂപ

**പൂർത്തീകരിച്ചത്**
2018, മെയ് 24

**നേട്ടങ്ങൾ**
വടക്കുകിഴക്കൻ മേഖലയിലെ സപ്തസോദരി സംസ്ഥാനങ്ങളുടെ ജലവൈദ്യുത സാധ്യതകൾ വലിയ മാറ്റത്തിന് വിധേയമായിരിക്കുന്നു. ഇന്ത്യയുടെ അഭിലാഷമായ ഹരിത ഊർജ്ജ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഇത് സഹായിക്കുന്നു.

## പദ്ധതി

### ജയ്പൂർ-സിക്കാർ-ചുരു ഗേജ് മാറ്റം

**അനുമതി**
2008-09

**പ്രഗതി തീയതി**
2016, സെപ്റ്റംബർ 28

തടസ്സങ്ങൾ: വനം, വന്യജീവികൾ, പരിസ്ഥിതി

**ചെലവ്**
1,222 കോടി രൂപ

**പൂർത്തീകരിച്ചത്**
2019 ഏപ്രിൽ 25

**നേട്ടങ്ങൾ**
1,500 മീറ്റർ വരെ നീളമുള്ള ട്രെയിനുകളുടെ പ്രവർത്തനം സാധ്യമാക്കി. ഓരോ ട്രെയിനിന്റെയും ചരക്ക് വാഹക ശേഷി 5,000 മെട്രിക് ടണ്ണിൽ നിന്ന് ഏകദേശം 13,000 മെട്രിക് ടണ്ണായി വർദ്ധിച്ചു.

## പദ്ധതി

### ജബൽപൂർ-ഗോണ്ടിയ 285 കിലോമീറ്റർ ഗേജ് മാറ്റം

**അനുമതി**
2003, ജനുവരി 17

**പ്രഗതി തീയതി**
2016, മാർച്ച് 23

തടസ്സങ്ങൾ: ഭൂമി ഏറ്റെടുക്കൽ, വനങ്ങൾ, വന്യജീവികൾ, പരിസ്ഥിതി അനുമതി എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

**ചെലവ്**
1,990.98 കോടി രൂപ

**പൂർത്തീകരിച്ചത്**
2021, മാർച്ച് 21

**നേട്ടങ്ങൾ**
ട്രാൻസ്ഷിപ്പ്മെന്റ് ഇല്ലാതെ തന്നെ ജബൽപൂരിൽ നിന്ന് പ്രധാന മെട്രോ നഗരങ്ങളിലേക്ക് എളുപ്പത്തിലുള്ള യാത്രാ-ചരക്ക് കണക്റ്റിവിറ്റി പദ്ധതി ലഭ്യമാക്കുന്നു, ഇതിലൂടെ യാത്രാ സമയവും ചരക്കുനീക്ക ചെലവുകളും കുറയ്ക്കുന്നു. കൂടാതെ, കിഴക്കൻ മധ്യപ്രദേശിലെ ഗോത്രവർഗ- വനമേഖലകൾക്ക് വിപണികൾ, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, ജില്ലാ കേന്ദ്രങ്ങൾ എന്നിവയിലേക്കുള്ള പ്രവേശനം ഇത് വർദ്ധിപ്പിക്കുന്നു.





## പദ്ധതി

### 2.5 MMT പാദൂർ തന്ത്രപ്രധാന അസംസ്കൃത എണ്ണ സംഭരണം

**അനുമതി തീയതി**
ജനുവരി 7, 2004

**പ്രഗതി തീയതി**
ഏപ്രിൽ 22, 2015,
മാർച്ച് 23, 2016

**തടസ്സങ്ങൾ:** ഉപയോഗിക്കാനുള്ള അവകാശവും വഴിയുടെ അവകാശവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും

**ചെലവ്**
7,581 കോടി രൂപ

**പൂർത്തീകരിച്ചത്**
2018, ഡിസംബർ 31

**നേട്ടങ്ങൾ**
പാദൂർ SPR കമ്മീഷൻ ചെയ്യുന്നത് സാമൂഹിക-സാമ്പത്തിക നേട്ടങ്ങൾ മാത്രമല്ല, തന്ത്രപരമായ പ്രാധാന്യവും കൊണ്ടുവന്നു. അസംസ്കൃത എണ്ണ വിതരണ തടസ്സങ്ങളോടും അടിയന്തര ഘട്ടങ്ങളോടും പ്രതികരിക്കാനുള്ള ഇന്ത്യയുടെ കഴിവിനെ ഇത് ശക്തിപ്പെടുത്തി.

## പദ്ധതി

### കൂടംകുളം-എപിപി ട്രാൻസ്മിഷൻ സംവിധാനം

**അനുമതി തീയതി**
മെയ് 12, 2005

**പ്രഗതി തീയതി**
നവംബർ 4, 2015

തടസ്സങ്ങൾ: വഴിയുമായും, ഉപയോഗവുമായി ബന്ധപ്പെട്ടതുൾപ്പെടെയുള്ളവ

**ചെലവ്**
2,577.23 കോടി രൂപ

**പൂർത്തീകരിച്ചത്**
ഡിസംബർ 31, 2019

**നേട്ടങ്ങൾ**
ശുദ്ധമായ ആണവോർജ്ജം പ്രോത്സാഹിപ്പിച്ചും കൂടിയ വിലയ്ക്കുള്ള വൈദ്യുതി വാങ്ങലുകൾ കുറച്ചും പവർ ഗ്രിഡിന്റെ വിശ്വാസ്യതയും ഊർജ്ജ സുരക്ഷയും മെച്ചപ്പെടുത്തി. ഇന്ത്യയുടെ കാർബൺ ഉദ്വമന ലക്ഷ്യങ്ങളെ പിന്തുണച്ചു. അതോടൊപ്പം പ്രാദേശിക സാമ്പത്തിക വികസനം വർദ്ധിപ്പിക്കുകയും സമൂഹത്തിലെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്തു.

## പദ്ധതി

### ബെംബ്ല ജലസേചനപദ്ധതി

**അനുമതി തീയതി**
ഏപ്രിൽ 2, 2007

**പ്രഗതി തീയതി**
ഒക്ടോബർ 25, 2023

തടസ്സങ്ങൾ: ഭൂമി ഏറ്റെടുക്കൽ, സാമ്പത്തിക പ്രശ്നങ്ങൾ

**ചെലവ്**
2,685.41 കോടി രൂപ

**പൂർത്തീകരിച്ചത്**
ജൂൺ 30, 2025

**നേട്ടങ്ങൾ**
വരൾച്ച സാധ്യതയുള്ള പ്രദേശത്തെ കാർഷിക അനിശ്ചിതത്വം ഈ പദ്ധതി കുറച്ചു. വിള ഉത്പാദനം വർദ്ധിച്ചു, മഴയെ ആശ്രയിക്കുന്നത് കുറഞ്ഞു.






# നഗര കണക്ടിവിറ്റിയും സ്റ്റാർട്ടപ്പുകളും : അർബൻ ചലഞ്ച് ഫണ്ടിന് അംഗീകാരം നൽകി

***റെയിൽ, റോഡ്, മെട്രോ തുടങ്ങി എല്ലാ മേഖലകളിലും ഗതാഗത സംവിധാനങ്ങൾക്ക് പുതിയ പ്രചോദനം നൽകിക്കൊണ്ട് കേന്ദ്ര ഗവൺമെന്റ് 'വികസിത ഇന്ത്യ'ക്ക് ശക്തമായ അടിത്തറ പാകുകയാണ്. ഇക്കാര്യത്തിൽ, ഡൽഹി, ഹരിയാന, മഹാരാഷ്ട്ര, കർണാടക എന്നിവിടങ്ങളിലെ റെയിൽവേ പാതകളുടെ വികസനത്തിനുള്ള നിർദ്ദേശങ്ങൾ; ഗുജറാത്തിൽ NH-56, മഹാരാഷ്ട്രയിൽ NH-160A, തെലങ്കാനയിൽ NH-167 എന്നിവയുടെ വീതി കൂട്ടൽ; നോയിഡ സെക്ടർ-142 മുതൽ ബൊട്ടാണിക്കൽ ഗാർഡൻ വരെയുള്ള മെട്രോ വിപുലീകരണം എന്നിവയ്ക്കുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ചു. ഒരു സ്റ്റാർട്ടപ്പ് ഫണ്ട്, ഒരു ലക്ഷം കോടിരൂപയുടെ ഒരു അർബൻ ചലഞ്ച് ഫണ്ട്, ബ്രഹ്മപുത്ര ജലാന്തർ തുരങ്കം എന്നിവയുൾപ്പെടെ നിരവധി പ്രധാന നിർദ്ദേശങ്ങൾക്കും അംഗീകാരം ലഭിച്ചു...***

**തീരുമാനം: അസമിലെ ബ്രഹ്മപുത്ര നദിക്കടിയിൽ ഒരു ജലാന്തർ തുരങ്കം നിർമ്മിക്കുന്നതിനുള്ള അംഗീകാരം. രണ്ട് വരി ഇരട്ട-ട്യൂബ് TBM റോഡും ഒരു ട്യൂബിൽ റെയിൽവേ അടിസ്ഥാന സൗകര്യങ്ങളും. ഇതിന്റെ ആകെ നീളം 33.7 കിലോമീറ്ററായിരിക്കും.**

**ഗുണഫലം :** ഇത് ലോകത്തിലെ രണ്ടാമത്തെയും ഇന്ത്യയിലെ ഇത്തരത്തിൽ ആദ്യത്തേതുമാണ്. വെള്ളത്തിനടിയിലെ റോഡ്-കം-റെയിൽ തുരങ്കമാണ് ഇത്. ഈ പദ്ധതി അസം, അരുണാചൽ പ്രദേശ്, നാഗാലാൻഡ്, മറ്റ് വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവയ്ക്ക് ഗണ്യമായി പ്രയോജനം ചെയ്യും. ഇത് ചരക്ക് ഗതാഗത കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെലവ് കുറയ്ക്കുകയും മേഖലയിലെ സാമൂഹിക-സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുകയും ചെയ്യും. പൂർത്തിയായിക്കഴിയുമ്പോൾ, പദ്ധതി തന്ത്രപരമായി പ്രാധാന്യം നേടും. പ്രാദേശിക സാമ്പത്തിക വികസനം, പ്രധാന സാമ്പത്തിക കേന്ദ്രങ്ങൾ തമ്മിലുള്ള ബന്ധം, വ്യാപാര, വ്യാവസായിക വളർച്ച എന്നിവയ്ക്കുള്ള പുതിയ വഴികൾ തുറക്കുകയും ചെയ്യും. പദ്ധതി ഏകദേശം 80 ലക്ഷം തൊഴിൽ ദിനങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും സൃഷ്ടിക്കും.

**തീരുമാനം: ഡൽഹി, ഹരിയാന, മഹാരാഷ്ട്ര, കർണാടക എന്നിവിടങ്ങളിൽ 12 ജില്ലകളിലായി അധിക ട്രാക്കുകൾ സ്ഥാപിക്കുന്നതിനുള്ള മൂന്ന് പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു.**

**ഗുണഫലം:** ഇന്ത്യൻ റെയിൽവേയുടെ നിലവിലുള്ള ശൃംഖല ഏകദേശം 389 കിലോമീറ്റർ വികസിപ്പിക്കും. പദ്ധതിയുടെ ചെലവ് ഏകദേശം 18,509 കോടിരൂപയാണ്. 2030-31 ആകുമ്പോഴേക്കും ഇത് പൂർത്തിയാകും. ഈ കാലയളവിൽ ഏകദേശം 26.5 ദശലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടും. ഈ സംരംഭം യാത്ര സുഗമമാക്കുകയും ചരക്ക് നീക്കച്ചെലവുകൾ കുറയ്ക്കുകയും എണ്ണ ഇറക്കുമതിയും കാർബൺ ഉദ്വമനവും കുറയ്ക്കുകയും സുസ്ഥിരവും കാര്യക്ഷമവുമായ റെയിൽ പ്രവർത്തനങ്ങൾക്ക് സംഭാവന നൽകുകയും ചെയ്യും.

**തീരുമാനം: വിപണി അടിസ്ഥാനമാക്കിയുള്ള നഗര പരിവർത്തനം ത്വരിതപ്പെടുത്തുന്നതിന് ഒരു ലക്ഷം കോടിരൂപയുടെ അർബൻ ചലഞ്ച് ഫണ്ടിന് അംഗീകാരം ലഭിച്ചു.**

**ഗുണഫലം :** അർബൻ ചലഞ്ച് ഫണ്ട്, വിപണി ധനസഹായം , സ്വകാര്യ പങ്കാളിത്തം, പൗര കേന്ദ്രീകൃത പരിഷ്കരണങ്ങൾ എന്നിവ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഉന്നത നിലവാരമുള്ള നഗര അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കും.



**തീരുമാനം:** **സ്റ്റാർട്ടപ്പ് ഇന്ത്യ ഫണ്ട് ഓഫ് ഫണ്ട്സ് 2.0 (സ്റ്റാർട്ടപ്പ് ഇന്ത്യ എഫ്ഒഎഫ് 2.0) സ്ഥാപിക്കുന്നതിനുള്ള അംഗീകാരം. ഇത് ഇന്ത്യയുടെ വളർന്നുവരുന്ന സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയ്ക്ക് വലിയ ഉത്തേജനം നൽകുന്നു.**

*ഗുണഫലം* : ഈ സംരംഭത്തിനായി ആകെ 10,000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. രാജ്യത്തിന്റെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയ്ക്കായി വെഞ്ചർ മൂലധനം സമാഹരിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ദീർഘകാല ആഭ്യന്തര മൂലധനം സമാഹരിച്ചുകൊണ്ട് വെഞ്ചർ മൂലധന ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്താനും രാജ്യത്തുടനീളമുള്ള നൂതനാശയ അധിഷ്ഠിത സംരംഭകത്വത്തെ പിന്തുണച്ചുകൊണ്ട് ഇന്ത്യയുടെ സ്റ്റാർട്ടപ്പ് യാത്രയുടെ അടുത്ത ഘട്ടം ത്വരിതപ്പെടുത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ലോകത്തെ മുൻനിര സ്റ്റാർട്ടപ്പ് രാജ്യങ്ങളിലൊന്നായി ഇന്ത്യയെ സ്ഥാപിക്കാനുള്ള ഏകദേശം ഒരു ദശാബ്ദക്കാലത്തെ സുസ്ഥിര ശ്രമങ്ങളുടെ പരിസമാപ്തിയാണ്, സ്റ്റാർട്ടപ്പ് ഇന്ത്യ സംരംഭത്തിന് കീഴിൽ ആരംഭിച്ച സ്റ്റാർട്ടപ്പ് ഇന്ത്യ എഫ്ഒഎഫ് 2.0.

രാജ്യത്തിന്റെ അടുത്ത ഘട്ട സാമ്പത്തിക വളർച്ചയുടെ പ്രധാന ചാലകശക്തികളാകാൻ കഴിയുന്ന, പ്രതിരോധശേഷിയുള്ളതും, ഉൽപ്പാദനക്ഷമവും, എല്ലാവരെയും ഉൾക്കൊള്ളുന്നതും, കാലാവസ്ഥാമാറ്റത്തെ പ്രതിരോധിക്കുന്നതുമായ നഗരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഫണ്ട് വഴി ലക്ഷ്യമിടുന്നത്. 2025-26 സാമ്പത്തിക വർഷം മുതൽ 2030-31 സാമ്പത്തിക വർഷം വരെ ഫണ്ട് പ്രവർത്തനക്ഷമമായിരിക്കും. 2033-34 സാമ്പത്തിക വർഷം വരെ പരമാവധി ഇത് ദീർഘിപ്പിക്കും.

“

**ഗോഹ്പൂരിനും നുമലിഗഢിനും ഇടയിലുള്ള നിയന്ത്രിത പ്രവേശനമുള്ള നാല് വരി ഗ്രീൻഫീൽഡ് ഇടനാഴിക്കും മന്ത്രിസഭ അംഗീകാരം നൽകി. ബ്രഹ്മപുത്രയ്ക്ക് കീഴിലുള്ള ഇന്ത്യയിലെ ആദ്യത്തെ ജലാന്തർ റോഡ്-കം-റെയിൽ തുരങ്കവും ഇതിൽ ഉൾപ്പെടുന്നു. ഈ പരിവർത്തനാത്മക പദ്ധതി അസമിലും വടക്കുകിഴക്കൻ മേഖലയിലാകെയും കണക്റ്റിവിറ്റി വർദ്ധിപ്പിക്കുകയും ചരക്ക് നീക്കത്തിന്റെ ചെലവ് കുറയ്ക്കുകയും വികസനം ത്വരിതപ്പെടുത്തുകയും ചെയ്യും.**

***നരേന്ദ്രമോദി, പ്രധാനമന്ത്രി***

**തീരുമാനം:** **നോർത്ത്, സൗത്ത് ബ്ലോക്കുകളുടെ പ്രവർത്തനം അവിടെ നിന്നും 'സേവാ തീർത്ഥ്', 'കർതവ്യ ഭവൻ' എന്നിവയിലേക്ക് മാറുന്നതിനുള്ള നിർദ്ദേശത്തിന് മന്ത്രിസഭ അംഗീകാരം നൽകി: 'യുഗേ യുഗീൻ ഭാരത്' ദേശീയ മ്യൂസിയത്തിന് വഴിയൊരുക്കുന്നു.**

*ഗുണഫലം* : 2026 ഫെബ്രുവരി 13 ന്, പ്രധാനമന്ത്രി നരേന്ദ്ര മോദി, പ്രധാനമന്ത്രിയുടെ പുതിയ ഓഫീസ് (നിലവിൽ 'സേവാ തീർത്ഥ' എന്നറിയപ്പെടുന്നു) രാഷ്ട്രത്തിന് സമർപ്പിച്ചു. ഫെബ്രുവരി 13 ന് സൗത്ത് ബ്ലോക്കിലെ മുറിയിൽ കേന്ദ്ര മന്ത്രിസഭ അവസാനമായി യോഗം ചേർന്നു. ഇത് സ്ഥലം മാറ്റത്തിന്റെ മാത്രമല്ല, ചരിത്രത്തിന്റെയും ഭാവിയുടെയും സംഗമത്തിന്റെ ഒരു നിമിഷം കൂടിയായിരുന്നു. ആയിരക്കണക്കിന് വർഷങ്ങൾ പഴക്കമുള്ള നമ്മുടെ പുരാതന നാഗരികതയുടെ പ്രതീകമായ ഇത്, തലമുറകൾക്ക് പ്രചോദനം നൽകുന്ന വിധത്തിൽ 'യുഗേ യുഗീൻ ഭാരത് ദേശീയ മ്യൂസിയത്തിന്റെ' ഭാഗമാക്കാനും മന്ത്രിസഭ തീരുമാനിച്ചു. ഈ മ്യൂസിയം നമ്മുടെ കാലാതീതവും അനശ്വരവുമായ സാംസ്കാരിക പൈതൃകത്തെ ആഘോഷിക്കുകയും നമ്മുടെ മഹത്തായ ഭൂതകാലത്തെ, സമ്പന്നമായ ഭാവിയുമായി ബന്ധിപ്പിക്കുകയും ചെയ്യും.

**തീരുമാനം:** **നോയിഡ സെക്ടർ 142 മുതൽ ബൊട്ടാണിക്കൽ ഗാർഡൻ (നോയിഡ) വരെയുള്ള 11.56 കിലോമീറ്റർ നീളത്തിൽ 8 സ്റ്റേഷനുകളുള്ള വിപുലീകരണ ഇടനാഴിക്ക് അംഗീകാരം.**

*ഗുണഫലം* : ഇതിന് 8 എലവേറ്റഡ് സ്റ്റേഷനുകൾ ഉണ്ടാകും. കമ്മീഷൻ ചെയ്തുകഴിഞ്ഞാൽ, ഈ ഇടനാഴി വഴി നോയിഡയിലേക്കും ഗ്രേറ്റർ നോയിഡയിലേക്കും 1.62 കിലോമീറ്റർ സജീവ മെട്രോ റെയിൽ ശൃംഖല കൂട്ടിച്ചേർക്കും.

**തീരുമാനം: മഹാരാഷ്ട്രയിലെ NH160A യിലെ ഘോട്ടിട്രിംബക് (മൊഖഡ)-ജവഹർമാനൂർ-പാൽഘർ ഭാഗത്തിന്റെ പുനർവികസനത്തിനും നവീകരണത്തിനും അംഗീകാരം. ഇത് 2-വരി/4-വരി പാതയായി ടാർ ചെയ്ത ഉപ-റോഡായി നിർമ്മിക്കും.**

ഗുണഫലം : മൊത്തം നീളം 154.635 കിലോമീറ്ററാണ്. മൊത്തം മൂലധന ചെലവ് 3,320 രൂപ. എഞ്ചിനീയറിംഗ്, സംഭരണം, നിർമ്മാണം എന്ന രീതിയിലൂടെ നിർമ്മാണം പൂർത്തിയാക്കും. പൂർത്തിയാകുമ്പോൾ, പദ്ധതി സുഗമവും സുരക്ഷിതവുമായ ഗതാഗതം ഉറപ്പാക്കും. കൂടാതെ, യാത്രാ സമയം ഗണ്യമായി കുറയും. പദ്ധതി നടപ്പിലാക്കുന്നത് ഗോത്ര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തും. പദ്ധതി ഏകദേശം 19.98 ലക്ഷം നേരിട്ടുള്ള തൊഴിൽ ദിനങ്ങളും 24.86 ലക്ഷം പരോക്ഷ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുമെന്ന് കണക്കാക്കപ്പെടുന്നു.

*മന്ത്രിസഭായോഗ തീരുമാനങ്ങളെ കുറിച്ചുള്ള വാർത്താസമ്മേളനം കാണാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ*

കൂടാതെ, ബൊട്ടാണിക്കൽ ഗാർഡൻ (ബ്ലൂ ലൈൻ), മജന്ത ലൈൻ എന്നിവയുമായുള്ള ഇന്റർ ചെയ്ഞ്ച് ഉൾപ്പെടെ ഉയർന്ന ആവശ്യകതയുള്ള ഇടനാഴികളിലേക്ക് നേരിട്ട് കണക്റ്റിവിറ്റി നൽകാൻ ഈ ഇടനാഴി സഹായിക്കും.

**തീരുമാനം: ഗുജറാത്തിലെ ദേശീയപാത 56 ലെ ധമാസിയ-ബിറ്റാഡ/മോവി, നസർപൂർ-മലോത്ത ഭാഗങ്ങൾ നാലുവരിയാക്കുന്നതിനുള്ള അംഗീകാരം.**

ഗുണഫലം : ആകെ 107.67 കിലോമീറ്റർ നീളമുള്ള പദ്ധതിക്ക് മൊത്തം മൂലധനച്ചെലവ് 4583.64 കോടി രൂപയാണ്. ഈ പദ്ധതി ദേശീയ പാത (എൻഎച്ച്) 56 ന്റെ ഭാഗമാണ്. മണിക്കൂറിൽ 100 കിലോമീറ്റർ വേഗതയിൽ സഞ്ചരിക്കാൻ രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ പദ്ധതിയുടെ ശരാശരി വേഗത മണിക്കൂറിൽ 70 കിലോമീറ്ററായിരിക്കും. യാത്രാ സമയം 40 ശതമാനം - അതായത് 2.5 മണിക്കൂറിൽ നിന്ന് 1.5 മണിക്കൂറായി കുറയും. ഇത് ഏകദേശം 19.38 ലക്ഷം നേരിട്ടുള്ള തൊഴിലൽ ദിനങ്ങളും 22.82 ലക്ഷം പരോക്ഷ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കും.

**തീരുമാനം: തെലങ്കാനയിലെ ഹൈദരാബാദ്-പനജി സാമ്പത്തിക ഇടനാഴിയിൽ ഗുഡെബെല്ലൂർ മുതൽ മഹ്ബൂബ് നഗർ വരെയുള്ള ദേശീയ പാത 167 ന്റെ നാലുവരി വീതി കൂട്ടലിന് അംഗീകാരം.**

ഗുണഫലം : പദ്ധതിയുടെ ആകെ ദൈർഘ്യം 80.01 കിലോമീറ്ററാണ്. അതിന്റെ മൊത്തം മൂലധന ചെലവ് 3,175.08 കോടിരൂപയാണ്. ദേശീയ പാത (മറ്റുള്ളവ) പദ്ധതി പ്രകാരം ഹൈബ്രിഡ് ആന്വിറ്റി മോഡിലാണ് പദ്ധതി നടപ്പിലാക്കുക. NH-167 നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ പ്രാദേശിക സാമ്പത്തിക വളർച്ചയിൽ നിർണായക പങ്ക് വഹിക്കും. പ്രധാന മത, സാമ്പത്തിക കേന്ദ്രങ്ങൾ തമ്മിലുള്ള ഗതാഗത ബന്ധം ശക്തിപ്പെടുത്തുകയും വ്യാപാര, വ്യാവസായിക വികസനത്തിന് പുതിയ പാതകൾ തുറക്കുകയും ചെയ്യും.





പരീക്ഷ പേ ചർച്ച 2026 പരിപാടിയുടെ രണ്ടാം അധ്യായം

# പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മന്ത്രം- പഠനവും കലയും ഉപയോഗപ്രദമാണ്

*ഇത്തവണത്തെ പരീക്ഷ പേ ചർച്ച 2026 പരിപാടി അതുല്യവും സവിശേഷവുമായിരുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പിപിസിയുമായി ബന്ധപ്പെട്ട പരിപാടികൾ നടത്തണമെന്ന് നിരവധി വിദ്യാർത്ഥികൾ പ്രധാനമന്ത്രി നരേന്ദ്ര മോദിയോട് ആവശ്യപ്പെട്ടിരുന്നു. അതുകൊണ്ടാണ് ഇത്തവണ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുമായി അദ്ദേഹം പരീക്ഷകളെക്കുറിച്ച് ചർച്ച ചെയ്തത്. ഫെബ്രുവരി 9 ന് നടന്ന പരീക്ഷ പേ ചർച്ചയുടെ രണ്ടാമത്തെ പ്രത്യേക അധ്യായത്തിൽ , കോയമ്പത്തൂർ, റായ്പൂർ, ദേവമോഗ്, ഗുവാഹത്തി എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുമായി അദ്ദേഹം സംവദിക്കുകയും നിരവധി വിജയ മന്ത്രങ്ങൾ പങ്കുവെക്കുകയും ചെയ്തു...*

### നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും ഒരു സ്റ്റാർട്ടപ്പ് ആരംഭിക്കാം

ഒരു സ്റ്റാർട്ടപ്പ് ആരംഭിക്കാൻ നിങ്ങൾക്ക് 25 വയസ്സ് തികയേണ്ടതില്ല; നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും ആരംഭിക്കാം. ചെറിയ സ്റ്റാർട്ടപ്പുകൾക്ക് പോലും വിജയിക്കാനാകും .

### പ്രധാനമന്ത്രി മോദിയുടെ പഠന മന്ത്രം

പഠനവും വിനോദവും ഉപയോഗപ്രദമാണ്. അവ പരസ്പരം പൂരകമാണ്. കലയ്ക്ക് സർഗ്ഗാത്മകതയെയും പഠനത്തെയും സഹായിക്കാനും ക്ഷീണം കുറയ്ക്കാനും കഴിയും. വിദ്യാഭ്യാസത്തിന് മുൻഗണന നൽകുമ്പോൾ, നിങ്ങളുടെ വ്യക്തി താൽപ്പര്യങ്ങൾക്കായി സമയം ചെലവഴിക്കേണ്ടതും പ്രധാനമാണ്.

### വികസിത ഇന്ത്യയ്ക്ക് യുവാക്കളുടെ സംഭാവന

എവിടെയും മാലിന്യം വലിച്ചെറിയുന്നത് അംഗീകരിക്കാനാവില്ല. അത് ഒരു ചുവന്ന സിഗ്നലാണ്, അതിനാൽ ഞാൻ എന്റെ സ്കൂട്ടർ നിർത്തണം. ഭക്ഷണം പാഴാക്കില്ലെന്ന് നാം കുടുംബങ്ങൾക്കുള്ളിൽ ദൃഢനിശ്ചയം ചെയ്യണം. വോക്കൽ ഫോർ ലോക്കലിന്റെ കീഴിൽ, ഞങ്ങൾ ഞങ്ങളുടെ രാജ്യത്ത് നിന്ന് ഉൽപ്പന്നങ്ങൾ വാങ്ങും. ഈ രാജ്യത്തെ എല്ലാ പൗരന്മാരും ഇത്തരം ചെറിയ കാര്യങ്ങൾ ചെയ്താൽ, ഒരു വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിനായി നമുക്ക് തീർച്ചയായും നമ്മുടെ ഉത്തരവാദിത്വം നിറവേറ്റാൻ കഴിയും.

### പ്രചോദനവും അച്ചടക്കവും

ജീവിതത്തിൽ പ്രചോദനവും അച്ചടക്കവും പ്രധാനമാണ്. അച്ചടക്കമില്ലെങ്കിൽ, ഒരു തരത്തിലുമുള്ള പ്രചോദനവും പ്രയോജനപ്പെടില്ല. അത്പോലെ ജീവിതത്തിൽ അച്ചടക്കം അത്യാവശ്യമാണ്; അത് പ്രചോദനമെന്ന കേക്കിലെ ഐസിംഗായി പ്രവർത്തിക്കുന്നു.

### സാങ്കേതികവിദ്യയെ മനസ്സിലാക്കൽ

സാങ്കേതികവിദ്യയുടെ അടിമകളാകാതിരിക്കാൻ നാം പരിശ്രമിക്കണം. എല്ലാ സാങ്കേതികവിദ്യയെയും നമുക്ക് കൂടുതലായി പ്രയോജനപ്പെടുത്താൻ കഴിയും. നാം സ്വയം വികസിപ്പിക്കുകയും സാങ്കേതികവിദ്യയുടെ ശക്തി നമ്മുടെ ജോലിയിൽ സമന്വയിപ്പിക്കുകയും വേണം.

നമ്മുടെ ജോലിക്ക് മൂല്യം നൽകുക. അങ്ങനെ ചെയ്താൽ സാങ്കേതികവിദ്യ എത്ര പുരോഗമിച്ചാലും, നാം ഭയപ്പെടേണ്ടതില്ല.

### യാത്രകളിലൂടെ ഇന്ത്യയുടെ വൈവിധ്യത്തിൽ നിന്ന് പഠിക്കുക

നാം എവിടെ പോയാലും, വിദ്യാർത്ഥികളായി പോകണം. അപ്പോൾ ടൂറിസം രസകരമാണ്. ഒരു ട്രെയിൻ കമ്പാർട്ടുമെന്റിൽ യാത്ര ചെയ്യുന്നത്, പ്രത്യേകിച്ച് ഭക്ഷണം കൊണ്ടുപോകുന്നത്, ഒരു മികച്ച അനുഭവമാണ്. ആൾക്കൂട്ടം , സംഭവിക്കുന്ന കാര്യങ്ങൾ, മനുഷ്യരുടെ സംഭാഷണങ്ങൾ, അവർ ചെയ്യുന്ന കാര്യങ്ങൾ എന്നിവ അനുഭവിക്കാൻ സാധിക്കുന്നത് സന്തോഷകരമാണ്. ജീവിതം പഠിക്കേണ്ടതാണ്. ഇന്ത്യ വൈവിധ്യത്താൽ സമ്പന്നമാണ്. അത് മുഴുവൻ കാണാൻ ഒരു ജീവിതകാലം പോലും മതിയാകില്ല.

### നിങ്ങൾ പഠിച്ചത് പാഴാവുകയില്ല .

നിങ്ങൾ കേട്ടതും വായിച്ചതും പാഴായിട്ടില്ല. അത് എവിടെയോ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ശാന്തമായി ഇരിക്കുക, വിഷമിക്കേണ്ട. പേപ്പർ കിട്ടുമ്പോൾ ശാന്തമായി വായിക്കുക. രണ്ടാമതായി, നിങ്ങൾക്ക് വിഷയത്തിൽ ഒരു ഗ്രാഹ്യം ഉണ്ടായിരിക്കണം; അപ്പോൾ മാത്രമേ നിങ്ങൾ ഒരു നല്ല വിദ്യാർത്ഥിയാകൂ.

### കായിക വിനോദത്തിനും വിദ്യാഭ്യാസത്തിനും ഇടയിലുള്ള സന്തുലിതാവസ്ഥ നിലനിർത്തൽ

ജീവിതത്തിനും സമൂഹത്തിനും, വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണ്. അതിനെ കുറച്ചുകാണരുത്.

## പ്രധാനമന്ത്രി മോദിയുടെ ജീവിതത്തിൽ അധ്യാപകരുടെ പങ്ക്

പ്രധാനമന്ത്രി മോദിയുടെ ജീവിതത്തിൽ അധ്യാപകരുടെ പങ്കിനെക്കുറിച്ചുള്ള ഒരു വിദ്യാർത്ഥിയുടെ ചോദ്യത്തിന് മറുപടിയായി, അധ്യാപകർ തന്റെ ജീവിതത്തിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട് എന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. എല്ലാ ദിവസവും ലൈബ്രറിയിൽ പോകാനും, ടൈംസ് ഓഫ് ഇന്ത്യയിൽ എഡിറ്റോറിയലുകൾ വായിക്കാനും, അവ എഴുതാനും, അടുത്ത ദിവസം അവയെക്കുറിച്ച് ചർച്ച ചെയ്യാനും അധ്യാപകർ തന്നെ പ്രോത്സാഹിപ്പിച്ചതെങ്ങനെയെന്ന് അദ്ദേഹം ഓർമ്മിച്ചു. ഇത് അച്ചടക്കവും ജിജ്ഞാസയും വളർത്തി. ശാരീരിക ക്ഷമതയ്ക്ക് വലിയ പ്രാധാന്യം നൽകുകയും യോഗയും മല്ലകംബ് അഭ്യാസവും പഠിപ്പിക്കുകയും ചെയ്ത തന്റെ പ്രാഥമിക സ്കൂൾ കാലഘട്ടത്തിലെ പാർമർ എന്ന അദ്ധ്യാപകന്റെ സ്മരണകൾ അദ്ദേഹം പങ്കുവെച്ചു. ഒരു പ്രൊഫഷണൽ അത്‌ലറ്റായി മാറിയില്ലെങ്കിലും, ആരോഗ്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ ഇത് പ്രധാനമന്ത്രിയെ സഹായിച്ചു. മഹാനായ ഓരോ വ്യക്തിയുടെയും ജീവിതത്തിൽ രണ്ട് പ്രധാന സ്വാധീന ശക്തികൾ എപ്പോഴും ഓർമ്മിക്കപ്പെടുമെന്ന് അദ്ദേഹം പറഞ്ഞു: ഒന്ന് അവരുടെ അമ്മയാണ്, മറ്റൊന്ന് അവരുടെ അധ്യാപകരാണ്.

## ഓരോ വിദ്യാർത്ഥിയിൽ നിന്നും കേൾക്കൽ, മനസ്സിലാക്കൽ, പഠിക്കൽ

പരീക്ഷകളെക്കുറിച്ചുള്ള ചർച്ചകൾക്കൊപ്പം, പ്രാദേശിക സംഗീതം, അസമീസ് ചായ എന്നിവയും പരീക്ഷാ പേ ചർച്ചയുടെ അവിസ്മരണീയ ഭാഗങ്ങളായി മാറി. ഓരോ അധ്യായത്തിലും വ്യത്യസ്തമായ പശ്ചാത്തലം, വൈവിധ്യമാർന്ന പശ്ചാത്തലങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ, വ്യതിരിക്തമായ അനുഭവങ്ങൾ എന്നിവ ഉണ്ടായിരുന്നു. എന്നാൽ ഓരോ ചർച്ചയുടെയും ലക്ഷ്യം ഒന്നുതന്നെയായിരുന്നു: ഒരുമിച്ച്ചേർന്ന് ഓരോ വിദ്യാർത്ഥിയിൽ നിന്നും കേൾക്കൽ, മനസ്സിലാക്കൽ, പഠിക്കൽ.

*പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണരൂപം കാണാൻ ഝഞ കോഡ് സ്കാൻ ചെയ്യൂ*



ഞാൻ സ്പോർട്സിൽ വളരെ മിടുക്കനായത് കാരണം എനിക്ക് പഠിക്കേണ്ട ആവശ്യമില്ല എന്ന് ഒരിക്കലും ചിന്തിക്കരുത്. എന്നാൽ വിദ്യാഭ്യാസം മാത്രമായി പരിഹാരമല്ല. നിങ്ങൾക്ക് കഴിവുണ്ട്; നിങ്ങൾ അത് വികസിപ്പിക്കണം. ഒരു കായികതാരമാകാൻ സ്പോർട്സ് അനിവാര്യമാണ്. എന്നാൽ പൊതുവായ ജീവിതത്തിലും സ്പോർട്സ് അത്യാവശ്യമാണ്.

### പരിസ്ഥിതി സംരക്ഷണം നമ്മുടെ സ്വഭാവമായിരിക്കണം. പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നത് നമ്മിൽ അന്തർലീനമായിരിക്കണം,

ക്രമേണ നാം ആളുകളുമായി ബന്ധപ്പെടണം. നാം മാനുഷികമായി പെരുമാറിയാൽ, മാറ്റം ആരംഭിക്കുന്നു.

### നേതൃപാടവത്തിനായി തയ്യാറെടുക്കുക

കൈയിലുള്ള ജോലിക്കായി നിങ്ങളുടെ മനസ്സ് ഉറപ്പിക്കുക. മറ്റാരെങ്കിലും ചെയ്താലും ഇല്ലെങ്കിലും ഞാൻ അത് ചെയ്യും. ഞാൻ എന്നിൽ നിന്ന് ആരംഭിക്കും. ഇതിലൂടെ സ്വാഭാവികമായി നേതൃത്വ ശേഷി വികസിക്കുമെന്ന് നിങ്ങൾക്ക് കാണാനാവും. നാം എപ്പോഴും ഒരു നേതൃചുമതലയ്ക്ക് സ്വയം തയ്യാറാകണം. എന്നാൽ ഒരു നേതാവാകുക എന്നാൽ തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുക, രാഷ്ട്രീയ പാർട്ടി രൂപീകരിക്കുക, ഒരു പാർട്ടിയിൽ ചേരുക, അനർഗള പ്രസംഗം നടത്തുക എന്നല്ല അർത്ഥമാക്കുന്നത്. ഒരു നേതാവ് എന്നാൽ നിങ്ങളുടെ കാഴ്ചപ്പാട് പത്ത് പേർക്ക് മനസ്സിലാക്കാൻ കഴിയുന്ന വിധത്തിലുള്ള നേതൃപ്രവർത്തന ശേഷിയാണ്.

### ഗുജറാത്തിലെ ഗോത്ര മേഖലകളുടെ വികസനം

ഗുജറാത്തിലെ പൽ-ചിതാരിയയിലെ ഗോത്ര സമൂഹം വലിയൊരു പോരാട്ടം നടത്തി. ഒരിക്കൽ, ഒരു കടുത്ത ക്ഷാമകാലത്ത്, ഞാൻ ആ പ്രദേശത്ത് വളരെക്കാലം താമസിക്കുകയും ജോലി ചെയ്യുകയും ചെയ്തു. അക്കാലത്ത്, ഇവിടെ വിദ്യാഭ്യാസത്തിന് ശ്രദ്ധ നൽകണമെന്ന് എനിക്ക് തോന്നി. പിന്നീട്, എനിക്ക് അവസരം ലഭിക്കുകയും മുഖ്യമന്ത്രിയാകുകയും ചെയ്തപ്പോൾ, ഞാൻ അവിടം ശ്രദ്ധിക്കാൻ തുടങ്ങി. നിങ്ങൾ അത്ഭുതപ്പെടും: ഉമർഗാവ് മുതൽ അംബാജി വരെ ഒരു സയൻസ് സ്കൂൾ പോലും ഇല്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇപ്പോൾ രണ്ട് സർവകലാശാലകളും സയൻസ് സ്കൂളുകളും ഒരു ഐടിഐ സ്ഥാപനവുമുണ്ട്. ധാരാളം മാറ്റങ്ങൾ സംഭവിച്ചു. അതിന് വലിയ ഗുണങ്ങളുണ്ടായി.

### മാതാപിതാക്കൾ താരതമ്യം ഒഴിവാക്കണം

കുടുംബത്തിലെ ആരെയും വളരെയധികം പ്രശംസിക്കുന്നത് ഒഴിവാക്കണമെന്ന് ഞാൻ എല്ലാ മാതാപിതാക്കളോടും അഭ്യർത്ഥിക്കുന്നു. അത് കുട്ടിയുടെ ശീലങ്ങളെ നശിപ്പിക്കും. ഒരു കുട്ടിയെ മറ്റേ കുട്ടിക്ക് വിഷമം തോന്നുന്ന തരത്തിൽ വളരെയധികം പ്രശംസിക്കരുത്. 'നോക്കൂ, അവർ എപ്പോഴും അവനെക്കുറിച്ച് സംസാരിക്കുന്നു, പക്ഷേ ഒരിക്കലും അവർ എന്നെക്കുറിച്ച് സംസാരിക്കുന്നില്ല.'എന്ന് അവക്ക് തോന്നരുത്.





### നിങ്ങൾക്ക് എന്തും ചെയ്യാൻ കഴിയും

നിങ്ങൾ സ്വയം വിശ്വസിക്കുന്നുവെങ്കിൽ, നിങ്ങൾക്ക് എന്തും മറികടക്കാൻ കഴിയും. സ്വയം വിശ്വസിക്കുന്ന ഒരാൾക്ക് എന്തുചെയ്യാൻ കഴിയും? അയാൾ തന്റെ മനസ്സിൽ സാഹചര്യത്തെ മുഴുവൻ പഠിക്കുന്നു. നമ്മൾ സാഹചര്യം നിരീക്ഷിക്കണം. സാഹചര്യമാകെ വിലയിരുത്തണം. എന്താണ് സംഭവിച്ചത് എന്ന് നോക്കണം. ഇപ്പോൾ നിങ്ങൾക്ക് തോന്നും, 'അതെ, കുഴപ്പമില്ല, ഞാൻ അത് ചെയ്യും'. ആത്മവിശ്വാസം എന്ന വാക്കിന്റെ അർത്ഥം ജീവിതത്തിൽ ശരിക്കും മനസ്സിലാക്കണം. അത് , നമ്മുടെ ആത്മാവിന്റെ തന്നെ കാര്യമാണ്. മറ്റാർക്കും അത് പരിഹരിക്കാൻ കഴിയില്ല; നാം തന്നെ അത് ചെയ്യണം.





രാജ്യസഭയിലെ നന്ദി പ്രമേയത്തിന് പ്രധാനമന്ത്രി മോദി മറുപടി നല്കുന്നു

# ഇന്ത്യ ഇനി നയിക്കും മുന്നിൽ നിന്ന്

**ഇന്ന് എന്റെ രാജ്യം അതിന്റെ പൂർണ്ണമായ കഴിവ് പ്രകടിപ്പിക്കുകയാണ്. നിങ്ങൾക്ക് സാമ്പത്തിക കരുത്തുണ്ടാകുമ്പോഴും, നിങ്ങളുടെ പൗരന്മാർ ഊർജ്ജസ്വലരായിരിക്കുമ്പോഴും, നിർമ്മാണ മേഖലയ്ക്ക് ശക്തമായ ഒരു ആവാസവ്യവസ്ഥ ഉണ്ടാകുമ്പോഴും മാത്രമേ ഇത് സംഭവിക്കൂ. അപ്പോൾ ലോകം നിങ്ങളുമായി ഇടപഴകാൻ മുന്നോട്ട് വരും.**

***-നരേന്ദ്ര മോദി, പ്രധാനമന്ത്രി***

***ഫെബ്രുവരി 5 – ന് രാജ്യസഭയിൽ രാഷ്ട്രപതിയുടെ പ്രസംഗത്തിനുള്ള നന്ദി പ്രമേയത്തിന് മറുപടി പറയവേ, സമ്പദ് വ്യവസ്ഥയും വ്യാപാര കരാറുകളും ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സംസാരിച്ചു. ഏകദേശം ഒന്നര മണിക്കൂർ നീണ്ട തന്റെ പ്രസംഗത്തിൽ, രാഷ്ട്രപതിയുടെ പ്രസംഗത്തിന് പ്രധാനമന്ത്രി നന്ദി രേഖപ്പെടുത്തുകയും ഇന്ത്യ ഇനി പിന്നിലാകില്ലെന്നും മുന്നിൽ നിന്ന് നയിക്കുമെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്നുള്ള എഡിറ്റ് ചെയ്ത ഭാഗങ്ങൾ താഴെ നല്കുന്നു...***

### കഴിഞ്ഞ വർഷത്തിൽ പുരോഗതി ദ്രുതഗതിയിൽ

വികസിത രാജ്യം എന്ന ലക്ഷ്യത്തിലേക്കുള്ള ഇന്ത്യയുടെ പ്രയാണത്തിൽ കഴിഞ്ഞ വർഷം ദ്രുതഗതിയിലുള്ള പുരോഗതിയുടെ വർഷമായിരുന്നു. എല്ലാ മേഖലകളിലും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലും ദൃശ്യമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. രാജ്യം ശരിയായ ദിശയിൽ അതിവേഗം മുന്നേറുകയാണ്. വളരെ സംവേദനക്ഷമതയോടും വ്യക്തതയോടും കൂടിയാണ് രാഷ്ട്രപതി ഇത് അവതരിപ്പിച്ചത്. മധ്യവർഗം, താഴ്ന്ന മധ്യവർഗം, പാവപ്പെട്ടവർ, ഗ്രാമങ്ങൾ, കർഷകർ, സ്ത്രീകൾ, ശാസ്ത്രം, സാങ്കേതികവിദ്യ, കൃഷി എന്നിങ്ങനെ എല്ലാ വിഷയങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് ഇന്ത്യയുടെ പുരോഗതിയുടെ സമഗ്രമായ വിവരണം രാഷ്ട്രപതി പാർലമെന്റിൽ അവതരിപ്പിച്ചു. രാജ്യത്തെ യുവജനങ്ങൾ ഇന്ത്യയുടെ സാധ്യതകളെ എങ്ങനെ മുന്നോട്ട് കൊണ്ടുപോകുന്നു എന്നതിനെക്കുറിച്ചും അവർ വിശദമായി ചർച്ച ചെയ്തു.

### നാം അതിവേഗം മുന്നേറി നമ്മുടെ ലക്ഷ്യങ്ങൾ കൈവരിക്കണം

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യ പാദം അവസാനിച്ചു. കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാം പാദം ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ എത്രത്തോളം നിർണ്ണായകമായിരുന്നുവോ, അതുപോലെ തന്നെ വികസിത ഇന്ത്യയെ കെട്ടിപ്പടുക്കുന്നതിൽ ഈ രണ്ടാം പാദവും തുല്യ ശക്തിയുള്ളതും വേഗതയേറിയതുമായിരിക്കും. രാജ്യം ഒരു നിർണ്ണായക ഘട്ടത്തിൽ എത്തിയിട്ടുണ്ടെന്ന് ഓരോ പൗരനും അനുഭവപ്പെടുന്നു, അവിടെ നിർത്തുന്നതിനോ പിന്തിരിയുന്നതിനോ ചോദ്യമുദിക്കുന്നില്ല; ദ്രുതഗതിയിലുള്ള പുരോഗതി മാത്രമാണ് അനിവാര്യം. ലക്ഷ്യം കൈവരിക്കണം, അത് നേടിയ ശേഷം മാത്രമേ നമുക്ക് ദീർഘനിശ്വാസം ഉതിർക്കാൻ കഴിയൂ. ഈ ദിശയിലാണ് രാജ്യം മുന്നോട്ട് നീങ്ങുന്നത്.



## യുവജനസംഖ്യയുള്ള ഒരു രാജ്യം

നിലവിൽ, ഇന്ത്യ ഒരേസമയം നിരവധി അനുകൂല സാഹചര്യങ്ങളാൽ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. ഇത് തീർച്ചയായും അപൂർവ്വവും ഭാഗ്യകരവുമായ ഒരു സംഗമമാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, ലോകത്തിലെ ഏറ്റവും സമ്പന്നമായ രാജ്യങ്ങൾ വാർദ്ധക്യത്തിലേക്ക് നീങ്ങുകയും അവരുടെ ജനസംഖ്യ മുതിർന്ന ഘട്ടങ്ങളിൽ എത്തുകയും ചെയ്യുമ്പോൾ, നമ്മുടെ രാജ്യം വികസനത്തിന്റെ പുതിയ ഉയരങ്ങൾ കീഴടക്കുന്നതിനോടൊപ്പം തന്നെ കൂടുതൽ യുവത്വമുള്ളതായും മാറുന്നു എന്നതാണ്. ഇന്ത്യ യുവജനങ്ങളുടെ രാജ്യമാണ്, ഇതൊരു വലിയ നേട്ടമാണ്. ഇന്ത്യയോടുള്ള ലോകത്തിന്റെ ആകർഷണം വർദ്ധിച്ചു. കൂടാതെ, ഇന്ത്യയുടെ പ്രതിഭയുടെ പ്രാധാന്യം ലോകം തിരിച്ചറിയുന്നു. ഇന്ന് ലോകത്തിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട പ്രതിഭാ ശേഖരം നമുക്കുണ്ട്: സ്വപ്നങ്ങളും നിശ്ചയദാർഢ്യവും കഴിവുമുള്ള യുവ പ്രതിഭകളുടെ കൂട്ടം.

## ആത്മവിശ്വാസമുള്ള ഇന്ത്യ

ഇന്ന് ഏത് മേഖലയെടുത്താലും – ശാസ്ത്രമോ ബഹിരാകാശമോ കായികമോ ആകട്ടെ – ഇന്ത്യ എല്ലാ രംഗത്തും ആത്മവിശ്വാസത്താൽ നിറഞ്ഞുനിൽക്കുകയാണ്. ഒരു വിശ്വമിത്രം എന്ന നിലയിൽ, ഇന്ത്യ പല രാജ്യങ്ങളുടേയും വിശ്വസ്ത പങ്കാളിയായി മാറി. ആഗോള ക്ഷേമത്തിനായി നാം മറ്റ് രാജ്യങ്ങൾക്കൊപ്പം തോളോട് തോൾ ചേർന്ന് അനുയോജ്യമായ പങ്ക് വഹിക്കുന്നു.

## പരിഷ്കരണം, പ്രവർത്തനം, പരിവർത്തനം എന്ന മന്ത്രം

പരിഷ്കരണം, പ്രവർത്തനം, പരിവർത്തനം എന്ന മന്ത്രവുമായാണ് ഞങ്ങൾ മുന്നോട്ട് നീങ്ങിയത്. ഇന്ന് രാജ്യം പരിഷ്കരണ എക്സ്പ്രസ്സിൽ കയറിയിരിക്കുകയാണ്. ഘടനാപരവും പ്രക്രിയാപരവും നയപരവുമായ പരിഷ്കാരങ്ങൾ ഞങ്ങൾ നടപ്പിലാക്കി. നമ്മുടെ ഉത്പാദന മേഖലയെ ശാക്തീകരിക്കാനും സംരംഭകരെ ശാക്തീകരിക്കാനും ഇന്ത്യ ഉത്പാദിപ്പിക്കുന്ന എല്ലാത്തിനും മൂല്യം വർദ്ധിപ്പിക്കാനും ഞങ്ങൾ ശ്രമിച്ചു.

## മൂന്നാമത്തെ വലിയ സമ്പദ് വ്യവസ്ഥയാകാൻ ഇന്ത്യ മുന്നോട്ട്

ഇന്ന് ലോകത്ത് ഉയർന്നുവരുന്ന വെല്ലുവിളികൾക്ക് പരിഹാരം നല്കുന്ന പ്രതീക്ഷയുടെ ഒരു കിരണമായി ഇന്ത്യ നിലകൊള്ളുന്നു. ജനങ്ങൾ ഞങ്ങളെ സേവിക്കാൻ അനുവദിച്ചപ്പോൾ, ഈ രാജ്യം 'ദുർബലമായ അഞ്ച്' രാജ്യങ്ങളിൽ ഒന്നായാണ് അറിയപ്പെട്ടിരുന്നത്. സ്വാതന്ത്ര്യസമയത്ത് നാം ലോകത്തിലെ ആറാമത്തെ വലിയ സമ്പദ് വ്യവസ്ഥയായിരുന്നു, എന്നാൽ സാഹചര്യം നമ്മെ പതിനൊന്നാം സ്ഥാനത്തേക്ക് തള്ളിയിട്ടു. ഇന്ന് നാം അതിവേഗം ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ് വ്യവസ്ഥയാകാൻ ഒരുങ്ങുകയാണ്.



## ചെറുകിട കർഷകരുടെ അക്കൗണ്ടുകളിൽ 4 ലക്ഷം കോടി രൂപ നിക്ഷേപിച്ചു

ചെറുകിട കർഷകരോട് ഞങ്ങൾക്ക് അഗാധമായ അനുകമ്പയുണ്ട്. താഴെത്തട്ടിലെ യാഥാർത്ഥ്യങ്ങളെക്കുറിച്ച് ഞങ്ങൾ ബോധവാന്മാരായിരുന്നു. അതുകൊണ്ടാണ് ഞങ്ങൾ പിഎം കിസാൻ സമ്മാൻ നിധി യോജന അവതരിപ്പിച്ചത്. ഇത്രയും കുറഞ്ഞ സമയത്തിനുള്ളിൽ ചെറുകിട കർഷകരുടെ അക്കൗണ്ടുകളിലേക്ക് ഞങ്ങൾ 4 ലക്ഷം കോടി രൂപ നിക്ഷേപിച്ചു. ഇത് നമ്മുടെ ചെറുകിട കർഷകർക്ക് പുതിയ കരുത്ത് നല്കി. പുതിയ സ്വപ്നങ്ങൾ കാണാനുള്ള കഴിവ് അത് അവർക്ക് നല്കി. ഇന്ത്യയുടെ പ്രതീക്ഷകൾക്കും ആഗ്രഹങ്ങൾക്കും അനുസൃതമായി നമ്മുടെ കർഷകർ മുന്നേറുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.




ഇന്ന് ഇന്ത്യ ലോകവുമായി മത്സരിക്കാൻ പൂർണ്ണ സജ്ജമാണെന്ന് എനിക്ക് ആത്മവിശ്വാസത്തോടെ പറയാൻ കഴിയും.

### എംഎസ്എംഇ ശൃംഖലയിലുള്ള ആഗോള വിശ്വാസം വർദ്ധിക്കുന്നു

ഒരു വലിയ എംഎസ്എംഇ ശൃംഖല എത്രത്തോളം ശക്തമാണോ, അത്രത്തോളം അത് ദീർഘകാലാടിസ്ഥാനത്തിൽ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നു. ഞങ്ങൾ ഇതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും നിരവധി പരിഷ്കാരങ്ങൾ നടപ്പിലാക്കുകയും ചെയ്തു. ഇന്ന് നമ്മുടെ എംഎസ്എംഇ ശൃംഖലയിലുള്ള ആഗോള വിശ്വാസം വർദ്ധിക്കുകയാണ്. നമ്മൾ ഒരു വിമാനം മുഴുവനായി നിർമ്മിക്കുന്നുണ്ടാകില്ല, എന്നാൽ വിമാനത്തിന്റെ പല ഭാഗങ്ങളും ഇന്ത്യയിലെ ഏറ്റവും ചെറിയ എംഎസ്എംഇകളാണ് നിർമ്മിക്കുന്നത്.

### ബാങ്കുകളുടെ സ്ഥിതി മെച്ചപ്പെട്ടു

ബാങ്കുകളുടെ സാമ്പത്തിക ആരോഗ്യം മെച്ചപ്പെടുകയും അത് ദ്രുതഗതിയിൽ മുന്നേറുകയും ചെയ്യുന്നു. മുദ്ര പദ്ധതിയിലൂടെ രാജ്യത്തെ യുവജനങ്ങൾക്കായി ഞങ്ങൾ 30 ലക്ഷം കോടിയിലധികം രൂപ വായ്പയായി വിതരണം ചെയ്തു. ഞങ്ങൾ സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾ വിപുലീകരിക്കുകയും 10 കോടി സ്ത്രീകൾക്ക് നേരിട്ട് സാമ്പത്തിക സഹായം നല്കുകയും ചെയ്തു. ഇന്ന്, നിഷ്ക്രിയ ആസ്തികൾ ഒരു ശതമാനത്തിന് താഴെയാണ്, ഇത് ബാങ്കുകളുടെ ആരോഗ്യത്തിന് വലിയൊരു ഉത്തേജനമാണ്. കൂടാതെ, ബാങ്ക് ലാഭം റെക്കോർഡ് നിലവാരത്തിലാണ്. ഇത് രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നു. ബാങ്കിംഗ് സംവിധാനം ശക്തിപ്പെടുമ്പോൾ സമ്പദ് വ്യവസ്ഥയുടെ ബാക്കി ഭാഗങ്ങളും ശക്തമാകും. ഞങ്ങൾ അത് സാധ്യമാക്കി. പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിലും ഞങ്ങൾ പരിഷ്കാരങ്ങൾ കൊണ്ടുവന്നു. ഇന്ന് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് രാജ്യത്തിനകത്തുനിന്നും വിദേശത്തുനിന്നും വലിയ ഓർഡറുകൾ ലഭിക്കുന്നുണ്ട്.

“

**ആഗോള വിപണി ഇപ്പോൾ അവർക്കായി തുറന്നുകിടക്കുകയാണ്, അനന്തമായ അവസരങ്ങളാണ് അത് മുന്നോട്ടുവെക്കുന്നത്. എനിക്ക് അവരോട് പറയാനുള്ളത് ഇതാണ്: സുഹൃത്തുക്കളേ, മുന്നോട്ട് വരൂ! ഞാൻ നിങ്ങളോടൊപ്പം തോളോട് തോൾ ചേർന്ന് നിൽക്കുന്നു. ധൈര്യമായിരിക്കൂ, മുന്നോട്ട് നീങ്ങൂ! രാജ്യം നിങ്ങൾക്കൊപ്പമുണ്ട്, നിങ്ങളെ സ്വാഗതം ചെയ്യാൻ ലോകം കാത്തിരിക്കുന്നു.**

*-നരേന്ദ്ര മോദി, പ്രധാനമന്ത്രി*

### നമുക്ക് 140 കോടി പരിഹാരങ്ങളുണ്ട്

വെല്ലുവിളികൾക്ക് പരിഹാരം കാണാൻ 140 കോടി പൗരന്മാർ പ്രാപ്തരാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇതാണ് ഞങ്ങളുടെ വിശ്വാസം. നമ്മുടെ പൗരന്മാരിലും അവരുടെ കഴിവിലും ഞങ്ങൾക്ക് ആത്മവിശ്വാസമുണ്ട്, ഇതാണ് ജനാധിപത്യത്തിന്റെ യഥാർത്ഥ കരുത്ത്. ഓരോ പൗരനും ഇന്ത്യയുടെ ശോഭനമായ ഭാവി കെട്ടിപ്പടുക്കുന്ന സ്രഷ്ടാവും നിർമ്മാതാവും കാവൽക്കാരനുമാണ്.

### 2047-ഓടെ വികസിത ഭാരതം

വികസിത ഭാരതം എന്ന സ്വപ്നവുമായാണ് ഞങ്ങൾ യാത്ര തുടങ്ങിയത്. ഇന്ന് രാജ്യത്തെ ജനങ്ങളുടെ ഊർജ്ജത്താൽ ആ സ്വപ്നം ഒരു ദൃഢനിശ്ചയമായി മാറിയിരിക്കുന്നു. ഇന്ന് നിങ്ങൾ എവിടെ പോയാലും, 2047-ഓടെ ഇന്ത്യ വികസിതമാകണമെന്ന് എല്ലാവരും പറയുന്നു. മുൻപ്, നഷ്ടപ്പെട്ട അവസരങ്ങളുടെ പ്രതീകമായി ഇന്ത്യയ്ക്ക് അവസരം നഷ്ടപ്പെട്ടു എന്ന വാചകം സാധാരണമായിരുന്നു.





**ഇന്ത്യ: ആഗോള വേദികളിൽ ഗ്ലോബൽ സൗത്തിന്റെ കരുത്തുറ്റ ശബ്ദം**

ഇന്ന് ലോകം മുഴുവൻ ഗ്ലോബൽ സൗത്തിനെക്കുറിച്ച് ചർച്ച ചെയ്യുന്നു, എന്നാൽ ആ ചർച്ചകളുടെ മുന്നോടിയായി ആഗോള വേദികളിൽ ഗ്ലോബൽ സൗത്തിന്റെ ശക്തമായ ശബ്ദമായി ഇന്ത്യ മാറി. ഇന്ന് ഇന്ത്യ പല രാജ്യങ്ങളുമായും ഭാവിയിലേക്കായുള്ള വ്യാപാര കരാറുകളിൽ ഏർപ്പെടുകയാണ്. സമീപകാലത്ത് യൂറോപ്യൻ യൂണിയനിലെ 27 രാജ്യങ്ങളുമായുള്ള ഏറ്റവും വലിയ കരാർ ഉൾപ്പെടെ ഒമ്പത് പ്രധാന രാജ്യങ്ങളുമായി നമ്മൾ വ്യാപാര കരാറുകളിൽ ഒപ്പുവെച്ചു.

എന്നാൽ ഇന്ന് ഇന്ത്യ ഒരവസരവും പാഴാക്കുന്നില്ല, മറിച്ച് മുന്നിൽ നിന്ന് നയിക്കുകയാണ്.

**എന്റെ രാജ്യം അനശ്വരമാണ്**

നമുക്ക് രാജ്യത്തിന്റെ ഭാവി ശോഭനമാക്കണം. വർത്തമാനകാലം മികച്ചതാക്കാനും നിരന്തരമായ പരിശ്രമം ആവശ്യമാണ്. നമ്മൾ അഞ്ച് വർഷത്തേക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും ഓരോ വർഷവും ബജറ്റ് തയ്യാറാക്കി വ്യക്തമായ ദിശ നിശ്ചയിക്കുകയും ചെയ്യുന്നു. കാരണം രാജ്യം അനശ്വരമാണ്. രാജ്യത്തെ യുവതലമുറയ്ക്ക് ഐശ്വര്യപൂർണ്ണമായ ഒരു ഇന്ത്യയെ കൈമാറുക എന്ന കാഴ്ചപ്പാടാണ് ഞങ്ങൾക്കുള്ളത്. വീട്ടിലെ കുട്ടികളെ നോക്കുമ്പോൾ ഞാൻ ചിന്തിക്കാറുണ്ട്, 'നമ്മുടെ പ്രവർത്തനങ്ങളിൽ സംതൃപ്തി നല്കുന്ന അത്തരമൊരു ഇന്ത്യയെ അവർക്കായി എനിക്ക് കരുതിവെക്കണം.'

**പുതിയ നേട്ടങ്ങളുമായി രാജ്യം മുന്നോട്ട്**

ബഹിരാകാശം, ശാസ്ത്രം, സാങ്കേതികവിദ്യ, സമുദ്രത്തിന്റെ ആഴങ്ങൾ, ഭൂമി, ജലം, ആകാശം തുടങ്ങിയ എല്ലാ മേഖലകളിലും ഇന്ന് നമ്മൾ സ്വീകരിച്ചിട്ടുള്ള സംരംഭങ്ങൾ പുതിയ ദൃഢനിശ്ചയത്തോടും ഊർജ്ജത്തോടും പുതിയ നേട്ടങ്ങളുമായും മുന്നോട്ട് നീങ്ങുകയാണ്. നമ്മൾ ഹരിത ഹൈഡ്രജനിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. വരാനിരിക്കുന്ന കാലഘട്ടത്തെ നമ്മൾ മനസ്സിലാക്കുന്നു. ക്വാണ്ടം കമ്പ്യൂട്ടിംഗിനെക്കുറിച്ച് നമ്മൾ സംസാരിക്കുന്നു. എഐ ദൗത്യവുമായി നമ്മൾ മുന്നോട്ട് പോകുന്നു. ഇന്ന് ലോകത്ത് രാഷ്ട്രീയ ആയുധമായി മാറിയിരിക്കുന്ന നിർണ്ണായക ധാതുക്കളിൽ നമ്മൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**വരുന്നത് ഇന്ത്യയ്ക്ക് അവസരങ്ങളുടെ കാലം**

വരുന്ന കാലം ഇന്ത്യയ്ക്കും ഇവിടുത്തെ യുവജനങ്ങൾക്കും അവസരങ്ങൾ നിറഞ്ഞതാണ്. എനിക്കിത് കാണാൻ കഴിയുന്നുണ്ട്, ആ ദിശയിൽ നയങ്ങൾ രൂപീകരിച്ചുകൊണ്ട് നമ്മൾ മുന്നോട്ട് നീങ്ങുകയാണ്. ഗുണനിലവാരത്തിന്റെ കാര്യത്തിൽ എന്നെ പിന്തുണയ്ക്കാൻ ഞാൻ ഇന്ന് എന്റെ രാജ്യത്തെ പൗരന്മാരോട് അഭ്യർത്ഥിക്കുന്നു. ഗുണനിലവാരത്തിൽ ഒത്തുതീർപ്പ് ചെയ്യരുത്. ലോകം മെയ്ഡ് ഇൻ ഇന്ത്യ, മെയ്ഡ് ഇൻ ഭാരത് എന്നിവയെ പുകഴ്ത്താൻ തുടങ്ങുന്നത് നിങ്ങൾക്ക് കാണാൻ സാധിക്കും.

*രാജ്യസഭയിൽ രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയത്തിന് പ്രധാനമന്ത്രി നല്കിയ മറുപടി കാണുന്നതിനായി ഈ ക്യുആർ കോഡ് സ്കാൻ ചെയ്യുക.*




ഇന്ത്യ പരിഷ്കരണ എക്സ്പ്രസ്സിൽ കുതിക്കുന്നു

# ...അതുകൊണ്ടാണ് മുഴുവൻ സംവിധാനത്തേയും മാറ്റാൻ ഞങ്ങൾ പരിശ്രമിച്ചത്

*ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഈ പതിറ്റാണ്ട് അഭൂതപൂർവ്വമായ വളർച്ചയുടേയും മെച്ചപ്പെട്ട പ്രകടനത്തിന്റെയും കരുത്തുറ്റ ജനാധിപത്യത്തിന്റെയും കാലഘട്ടമാണ്. ഇതൊന്നും യാദൃശ്ചികമായി സംഭവിച്ചതല്ല. തങ്ങൾ ഒരു വിദേശ വികസന മാതൃകയും സ്വീകരിക്കില്ലെന്നും മറിച്ച് സ്വന്തം ആവശ്യങ്ങളും അനുഭവങ്ങളും അടിസ്ഥാനമാക്കി ഒരു പാത വെട്ടിത്തെളിക്കുമെന്നും 2015 – ലെ നീതി ആയോഗ് രേഖയിലൂടെ ഇന്ത്യ വ്യക്തമാക്കിയിരുന്നു. അടിച്ചേൽപ്പിക്കുന്ന പരിഷ്കാരങ്ങൾ ഒരിക്കലും ആഗ്രഹിച്ച ഫലം നല്കില്ലെന്നും അതിനാൽ മുഴുവൻ സംവിധാനത്തേയും മാറ്റാനാണ് സർക്കാർ ശ്രമിച്ചതെന്നും ഫെബ്രുവരി 13 – ന് നടന്ന 2026 – ലെ ഇ. ടി നൗ ഗ്ലോബൽ ബിസിനസ് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.*

നവ ഇന്ത്യ പിന്തുടരുന്ന വികസന സമീപനം രാജ്യത്തിന് സ്വന്തം ആവശ്യങ്ങളും താൽപ്പര്യങ്ങളും അടിസ്ഥാനമാക്കി തീരുമാനങ്ങൾ എടുക്കാനുള്ള ആത്മവിശ്വാസം നല്കിയിട്ടുണ്ട്. അതുകൊണ്ടാണ് പ്രക്ഷുബ്ധമായ ഈ പതിറ്റാണ്ടിലും ഇന്ത്യയുടെ സമ്പദ് വ്യവസ്ഥ ദുർബലമാകാതെ കരുത്താർജ്ജിച്ചുകൊണ്ടിരിക്കുന്നത്. 'ഒരു പതിറ്റാണ്ടിന്റെ മാറ്റങ്ങൾ, ഒരു നൂറ്റാണ്ടിന്റെ പരിവർത്തനം' എന്ന പ്രമേയത്തിൽ നടന്ന ഇ.ടി നൗ ഗ്ലോബൽ ഉച്ചകോടിയിൽ സംസാരിക്കവെ മുൻകാലങ്ങളിലെ ക്യാബിനറ്റ് കുറിപ്പുകളെ പ്രധാനമന്ത്രി ഉദാഹരണമായി ചൂണ്ടിക്കാട്ടി. പണ്ട് ഇവ തയ്യാറാക്കാൻ ആഴ്ചകളോ മാസങ്ങളോ എടുക്കുമായിരുന്നുവെന്നും അത് പുരോഗതിയെ മന്ദഗതിയിലാക്കിയിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഫയലുകൾ അനിശ്ചിതകാലത്തേക്ക് കെട്ടിക്കിടക്കാതിരിക്കാൻ തന്റെ സർക്കാർ തീരുമാനമെടുക്കൽ പ്രക്രിയയെ സമയബന്ധിതവും സാങ്കേതികവിദ്യാധിഷ്ഠിതവുമാക്കി മാറ്റി, അതിന്റെ ഫലങ്ങൾ ഇന്ന് വ്യക്തമായി ദൃശ്യമാണ്.



## പ്രസംഗത്തിലെ ചില പ്രധാന കാര്യങ്ങൾ

- ഇന്ത്യയുടെ സാമ്പത്തിക ശക്തിയുടെ വളർച്ചയ്ക്കൊപ്പം സർക്കാർ സംസ്ഥാനങ്ങളേയും ശാക്തീകരിച്ചു. 2004 മുതൽ 2014 വരെ സംസ്ഥാനങ്ങൾക്ക് നികുതി വിഹിതമായി ലഭിച്ചത് ഏകദേശം 18 ലക്ഷം കോടി രൂപയായിരുന്നു. എന്നാൽ 2014 മുതൽ 2025 വരെ ഇത് 84 ലക്ഷം കോടി രൂപയായി വർദ്ധിച്ചു. ഈ വർഷത്തെ ബജറ്റ് കൂടി ചേർത്താൽ സംസ്ഥാനങ്ങൾക്കുള്ള ആകെ നികുതി വിഹിതം ഏകദേശം 100 ലക്ഷം കോടി രൂപയിൽ എത്തും.
- 21-ാം നൂറ്റാണ്ടിന്റെ ഈ പതിറ്റാണ്ടിൽ ഇന്ത്യ പരിഷ്കരണ എക്സ്പ്രസ്സിൽ കുതിക്കുകയാണ്. നിർബന്ധം കൊണ്ടല്ല... മറിച്ച് ബോധ്യത്തോടും പരിഷ്കരണത്തോടുള്ള പ്രതിബദ്ധതയോടും കൂടിയാണ് ഞങ്ങൾ ഈ പരിഷ്കരണ എക്സ്പ്രസ്സിന് വേഗത കൂട്ടുന്നത്.
- ബജറ്റ് വെറും ചെലവുകൾക്ക് മാത്രമുള്ളതല്ല, മറിച്ച് ഫലങ്ങളിൽ അധിഷ്ഠിതമാണ്. 2014-ന് മുൻപ് ബജറ്റിന് പുറത്തുള്ള കടമെടുപ്പിനെക്കുറിച്ച് വലിയ ചർച്ചകൾ നടന്നിരുന്നു, എന്നാൽ ഇപ്പോൾ ചർച്ചകൾ നടക്കുന്നത് ബജറ്റിന് പുറത്തുള്ള പരിഷ്കാരങ്ങളെക്കുറിച്ചാണ്.
- ബജറ്റിന് പുറത്തും നിരവധി പരിഷ്കാരങ്ങൾ നടപ്പിലാക്കി; അടുത്ത തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ, പ്ലാനിംഗ് കമ്മീഷന് പകരം നീതി ആയോഗ്, അനുച്ഛേദം 370 എന്നതിൽ പൊളിച്ചുനീക്കൽ, മുത്തലാഖിനെതിരെയുള്ള നിയമം, നാരീശക്തി വന്ദൻ നിയമം എന്നിവ അവയിൽ ചിലതാണ്. ബജറ്റിൽ പ്രഖ്യാപിച്ചതായാലും പുറത്തായാലും, പരിഷ്കരണ എക്സ്പ്രസ് ക്രമാനുഗതമായി വേഗത കൈവരിക്കുകയാണ്.
- കഴിഞ്ഞ പതിറ്റാണ്ടിൽ സാങ്കേതികവിദ്യയേയും നവീകരണത്തേയും വളർച്ചയുടെ പ്രധാന ചാലകശക്തികളായി ഞങ്ങൾ കണക്കാക്കിയിട്ടുണ്ട്. ഈ ചിന്താഗതിയോടെ രാജ്യത്ത് സ്റ്റാർട്ടപ്പ് സംസ്കാരവും ഹാക്കത്തോൺ സംസ്കാരവും പ്രോത്സാഹിപ്പിക്കപ്പെട്ടു.

“

**ഇന്നത്തെ തലമുറ 2047 വരെ ഉണ്ടാകുമോ ഇല്ലയോ എന്നതല്ല കാര്യം, രാജ്യവും അതിന്റെ ഭാവി തലമുറകളും ഉണ്ടാകും. അതിനാൽ ഭാവി സുരക്ഷിതവും ശോഭനവുമാക്കുന്നതിന് ഇന്നത്തെ തലമുറ സ്വയം സമർപ്പിക്കേണ്ടത് കടമയാണ്.**

***നരേന്ദ്ര മോദി, പ്രധാനമന്ത്രി***

21-ാം നൂറ്റാണ്ടിന്റെ കഴിഞ്ഞ പതിറ്റാണ്ട് ആഗോള മഹാമാരി, വിവിധ പ്രദേശങ്ങളിലെ സംഘർഷങ്ങളും യുദ്ധങ്ങളും, ആഗോള സന്തുലിതാവസ്ഥയെ തകിടം മറിച്ച വിതരണ ശൃംഖലയിലെ തകർച്ചകൾ എന്നിവയുൾപ്പെടെ അഭൂതപൂർവ്വമായ തടസ്സങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ഈ വെല്ലുവിളികൾക്കിടയിലും, ഇന്ത്യയിൽ ശ്രദ്ധേയമായ വളർച്ചയും മികച്ച പ്രകടനവും ജനാധിപത്യത്തിന്റെ ശക്തിപ്പെടലും ദൃശ്യമായി. കഠിനമായ സമയങ്ങളിലാണ് ഒരു രാജ്യത്തിന്റെ യഥാർത്ഥ കരുത്ത് പുറത്തുവരുന്നത് എന്ന് പ്രധാനമന്ത്രി അഭിമാനപൂർവ്വം പറഞ്ഞു. കഴിഞ്ഞ പതിറ്റാണ്ട് തുടങ്ങുമ്പോൾ ഇന്ത്യ 11-ാമത്തെ വലിയ സമ്പദ് വ്യവസ്ഥയായിരുന്നു, എന്നാൽ ഇന്ന് ലോകത്തിലെ മൂന്നാമത്തെ വലിയ ശക്തിയാകാൻ നാം അതിവേഗം മുന്നേറുകയാണ്. നിലവിൽ ആഗോള വളർച്ചയിൽ 16 ശതമാനത്തിലധികം ഇന്ത്യയുടെ സംഭാവനയാണ്. ഈ വിഹിതം വർഷം തോറും വർദ്ധിക്കുമെന്ന് പ്രധാനമന്ത്രി ആത്മവിശ്വാസം പ്രകടിപ്പിച്ചു.

ഇന്ത്യയുടെ സ്വതന്ത്ര വ്യാപാര കരാറുകൾ ഇന്ന് ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടുന്നു, എന്നാൽ എന്തുകൊണ്ടാണ് 2014-ന് മുൻപ് ഇത്തരം കരാറുകൾ സാധ്യമാകാതിരുന്നത്? രാജ്യം പഴയത് തന്നെ, യുവശക്തിയും ഭരണസംവിധാനവും പഴയത് തന്നെ, പിന്നെ എന്താണ് മാറ്റം വന്നത്? മാറ്റം വന്നത് സർക്കാരിന്റെ കാഴ്ചപ്പാടിലും നയങ്ങളിലും ലക്ഷ്യങ്ങളിലുമാണ്, ഒപ്പം ഇന്ത്യയുടെ കഴിവിലുമാണ്. കഴിഞ്ഞ 11 വർഷത്തിനിടയിൽ 38 രാജ്യങ്ങളുമായി വിവിധ മേഖലകളിൽ ഇന്ത്യ വ്യാപാര കരാറുകളിൽ ഒപ്പുവെച്ചു. ഇന്നത്തെ ഇന്ത്യ ആത്മവിശ്വാസം നിറഞ്ഞതും ആഗോളതലത്തിൽ മത്സരിക്കാൻ തയ്യാറുമാണ്. കഴിഞ്ഞ 11 വർഷത്തിനിടയിൽ ശക്തമായ ഒരു നിർമ്മാണ സംവിധാനം ഇന്ത്യയിൽ വികസിപ്പിച്ചെടുത്തു. ഇത് ഇന്ത്യയുടെ വ്യാപാര നയത്തിൽ വലിയ മാറ്റത്തിന് കാരണമാവുകയും വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയിലെ അനിവാര്യമായ സ്തംഭമായി മാറുകയും ചെയ്തു. ഇന്ന് രാജ്യം ശക്തമാണ്, അതിനാൽ ലോകം ഇന്ത്യയിൽ വിശ്വസിക്കുന്നു. ●

*പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണുന്നതിനായി ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*

പ്രധാനമന്ത്രി മോദിയുടെ അസം സന്ദർശനം

# ഒരു പുതിയ അധ്യായം സുരക്ഷയിലും വികസനത്തിലും

***വടക്കുകിഴക്കൻ സംസ്ഥാനങ്ങളെ കേന്ദ്രസർക്കാർ അഷ്ടലക്ഷ്മിമാരായാണ് കണക്കാക്കുന്നത്. അതു കൊണ്ടാണ് വടക്കുകിഴക്കൻ മേഖലയെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിന് കേന്ദ്ര ബജറ്റിൽ പ്രത്യേക ശ്രദ്ധ നല്കിയിരിക്കുന്നത്. ഈ വർഷം, നികുതി വിഹിതമായി അസമിന് ഏക ദേശം 50,000 കോടി രൂപ ലഭിക്കും. സുരക്ഷയ്ക്കും വികസനത്തിനും പുതിയ ഉത്തേജനം നല്കു ന്നതിനായി, ഫെബ്രുവരി 14-ന് അസമിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി സംസ്ഥാനത്തിനായി സുപ്രധാനമായ നിരവധി വികസന പദ്ധതികൾ പ്രഖ്യാപിച്ചു.***

ഇന്ന് രാജ്യം അതിന്റെ സായുധ സേനയെ ശക്തിപ്പെടുത്തുകയാണ്. ഇന്ത്യ അതിർത്തികളിലുടനീളം മനോഹരമായ ഹൈവേകളും തുരങ്കങ്ങളും വമ്പൻ പാലങ്ങളും ആധുനിക എയർഫീൽഡുകളും നിർമ്മിച്ച് ദേശീയ സുരക്ഷ വർദ്ധിപ്പിക്കുന്നു. അസം സന്ദർശനത്തിനിടെ എമർജൻസി ലാൻഡിംഗ് ഫെസിലിറ്റിയിൽ വിമാനമിറങ്ങിയ പ്രധാനമന്ത്രി പറഞ്ഞു, ഇന്ന് രാജ്യത്തിന് മറ്റൊരു അടിയന്തിര ലാൻഡിംഗ് സ്ട്രിപ്പ് കൂടി ലഭിച്ചു എന്നത് മാത്രമല്ല ഇതിന്റെ പ്രാധാന്യം; പുതിയ ഇന്ത്യ അതിന്റെ സുരക്ഷയ്ക്കായി എല്ലാവിധത്തിലും സജ്ജമാകുന്നു എന്നതിന്റെ തെളിവ് കൂടിയാണിത്. ഇന്നത്തെ ഇന്ത്യ അതിർത്തികൾ ശക്തിപ്പെടുത്തുക മാത്രമല്ല, ശത്രുക്കളുടെ താവളങ്ങളിൽ കടന്നുചെന്ന് അവർക്ക് ഉചിതമായ മറുപടി നല്കുകയും ചെയ്യുന്നു.

## കുമാർ ഭാസ്കർ വർമ്മ സേതുവിന്റെ ഉദ്ഘാടനം

- ബ്രഹ്മപുത്ര നദിക്ക് കുറുകെ ഏകദേശം 3,030 കോടി രൂപ ചെലവിൽ നിർമ്മിച്ച കുമാർ ഭാസ്കർ വർമ്മ സേതു പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു.
- ഗുവാഹത്തിയെ നോർത്ത് ഗുവാഹത്തിയുമായി ബന്ധിപ്പിക്കുന്ന ഈ 6-വരി എക്സ്ട്രാഡോസ്ഡ് പ്രീസ്ട്രെസ്ഡ് കോൺക്രീറ്റ് പാലം വടക്കുകിഴക്കൻ ഇന്ത്യയിലെ ആദ്യത്തെ എക്സ്ട്രാഡോസ്ഡ് പാലമാണ്.
- ഗുവാഹത്തിക്കും വടക്കൻ ഗുവാഹത്തിക്കും ഇടയിലുള്ള യാത്രാ സമയം വെറും 7 മിനിറ്റായി ഇത് കുറയ്ക്കും.
- ഈ മേഖലയിലെ ഉയർന്ന ഭൂകമ്പ സാധ്യത കണക്കിലെടുത്ത്, പാലത്തിൽ ഫ്രിക്ഷൻ പെൻഡുലം ബെയറിംഗുകൾ ഉപയോഗിച്ചുള്ള ബേസ് ഐസൊലേഷൻ സാങ്കേതികവിദ്യ ഉൾപ്പെടുത്തിയിട്ടുണ്ട്.
- പാലത്തിലെ സ്ഥിരതയും ദീർഘകാല ഈടും ഉറപ്പാക്കാൻ ഉയർന്ന ഗുണനിലവാരമുള്ള സ്റ്റേ കേബിളുകൾ ഉപയോഗിച്ചിരിക്കുന്നു.
- കൂടാതെ, തത്സമയ നിരീക്ഷണം, കേടുപാടുകൾ നേരത്തെ കണ്ടെത്തൽ, സുരക്ഷ വർദ്ധിപ്പിക്കൽ എന്നിവയ്ക്കായി ഒരു ബ്രിഡ്ജ് ഹെൽത്ത് നിരീക്ഷണ സംവിധാനവും ഇതിൽ സജ്ജീകരിച്ചിട്ടുണ്ട്.




പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണുന്നതിനായി ക്യൂആർ കോഡ് സ്കാൻ ചെയ്യുക.




**വടക്കുകിഴക്കൻ മേഖലയ്ക്ക് ഒരു അടിയന്തര ലാൻഡിങ് സൗകര്യം ലഭിക്കുന്നത് ഏറെ അഭിമാനകരമായ കാര്യമാണ്. തന്ത്രപ്രധാന കാഴ്ചപ്പാടിലും പ്രകൃതി ദുരന്തങ്ങളുടെ സമയത്തും ഈ സൗകര്യത്തിന് വലിയ പ്രാധാന്യമുണ്ട്.**

**- നരേന്ദ്ര മോദി, പ്രധാനമന്ത്രി**

## അടിയന്തര ലാൻഡിങ് സൗകര്യം: വടക്കുകിഴക്കൻ ഇന്ത്യയിൽ ഇത്തരത്തിലെ ആദ്യ സംവിധാനം

വടക്കുകിഴക്കൻ ഇന്ത്യയിലെ ആദ്യ അടിയന്തര ലാൻഡിങ് സൗകര്യമാണ് അസമിൽ ഒരുക്കിയിരിക്കുന്നത്. അടിയന്തര സാഹചര്യങ്ങളിൽ സൈനിക, സിവിൽ വിമാനങ്ങൾക്ക് പറന്നുയരാനും ഇറങ്ങാനും ഇന്ത്യൻ വ്യോമസേനയുമായി ഏകോപനത്തോടെയാണ് ഈ സൗകര്യം രൂപകല്പന ചെയ്തിരിക്കുന്നത്. അടിയന്തര സാഹചര്യങ്ങളിലെ പ്രതിരോധ പ്രവർത്തനങ്ങളിൽ ഈ സൗകര്യം നിർണായക പങ്കുവഹിക്കും. പ്രകൃതി ദുരന്തങ്ങളുടെയോ തന്ത്രപ്രധാന ആവശ്യങ്ങളുടെയോ സാഹചര്യത്തിൽ വടക്കുകിഴക്കൻ മേഖലയിൽ അതിവേഗ രക്ഷാദൗത്യങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളും ഏകോപിപ്പിക്കാൻ ഇത് സഹായിക്കും. സൈനിക, സിവിലിയൻ ആവശ്യങ്ങൾക്കായി വിഭാവനം ചെയ്തിരിക്കുന്ന ഇഎൽഎഫിൽ 40 ടൺ വരെ ഭാരവുമായി യുദ്ധവിമാനങ്ങൾക്കും 74 ടൺ വരെ ഭാരവുമായി ചരക്കുവിമാനങ്ങൾക്കും ഇറങ്ങാനും പറന്നുയരാനും സാധിക്കും.

## വടക്കുകിഴക്കൻ മേഖലയിലെ ദേശീയ ഡാറ്റാ സെന്ററിന്റെ ഉദ്ഘാടനം

- അസമിലെ കാംരൂപ് ജില്ലയിലെ അമിംഗാവോണിൽ വടക്കുകിഴക്കൻ മേഖലയ്ക്കായി സ്ഥാപിച്ച ദേശീയ ഡാറ്റാ സെന്റർ ഉദ്ഘാടനം ചെയ്തു.
- ആകെ 8.5 മെഗാവാട്ട് ശേഷിയിൽ ഓരോ റാക്കിനും ശരാശരി 10 കിലോവാട്ട് ശേഷിയോടെ സജ്ജീകരിച്ച അത്യാധുനിക ഡാറ്റാ സെന്റർ വിവിധ സർക്കാർ വകുപ്പുകളുടെ അതീവ പ്രാധാന്യമേറിയ ആപ്ലിക്കേഷനുകളുടെ ആസ്ഥാനമാകും.
- മറ്റ് ദേശീയ ഡാറ്റാ സെന്ററുകളുടെ ദുരന്തസാഹചര്യങ്ങളിലെ വീണ്ടെടുക്കൽ കേന്ദ്രമായും ഇത് പ്രവർത്തിക്കും.
- വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ സർക്കാരുകൾക്ക് പൗരകേന്ദ്രീകൃത സേവനങ്ങൾ ഡിജിറ്റലായി ലഭ്യമാക്കാൻ കേന്ദ്രം സഹായിക്കും.
- ഈ മേഖലയിലെ ഐ.സി.ടി അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്താനും സുരക്ഷിതവും സുസ്ഥിരവുമായ ഡിജിറ്റൽ സംവിധാനം ഉറപ്പാക്കാനുമാണ് ഈ ഡാറ്റാ സെന്റർ വിഭാവനം ചെയ്തിരിക്കുന്നത്.
- വടക്കുകിഴക്കൻ മേഖലയിലെ ഉന്നത വിദ്യാഭ്യാസത്തെയും മാനേജ്മെന്റ് വിദ്യാഭ്യാസത്തെയും പുതിയ ഉയരങ്ങളിലെത്തിക്കുന്ന ഐ.ഐ.എം ഗുവാഹത്തിയും പ്രധാനമന്ത്രി മോദി ഉദ്ഘാടനം ചെയ്തു.

## ഇലക്ട്രിക് ബസുകൾ ഫ്ളാഗ് ഓഫ് ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി

- പിഎം ഇ-ബസ് സേവ പദ്ധതിയ്ക്ക് കീഴിൽ ഗുവാഹത്തി (100), നാഗ്പൂർ (50), ഭാവ്നഗർ (50), ചണ്ഡീഗഡ് (25) എന്നിവിടങ്ങളിലായി ആകെ 225 ഇലക്ട്രിക് ബസുകൾ ഫ്ലാഗ് ഓഫ് ചെയ്തു.
- ഈ നാല് നഗരങ്ങളിൽ പിഎം ഇ-ബസ് സേവ ആരംഭിക്കുന്നതോടെ 50 ലക്ഷത്തിലധികം പൗരന്മാർക്ക് മലിനീകരണമില്ലാത്തതും ചെലവ് കുറഞ്ഞതും വിശ്വസനീയവുമായ പൊതുഗതാഗത സൗകര്യം ലഭ്യമാകും.
- നഗര ഗതാഗത സംവിധാനങ്ങൾ മെച്ചപ്പെടുത്താനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താനും ഈ സംരംഭം ഗണ്യമായ സംഭാവന നൽകും.

ഈ വർഷത്തെ ബജറ്റ് വടക്കുകിഴക്കൻ മേഖലയുടെ ഗതാഗതസൗകര്യങ്ങളെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഗതാഗത സൗകര്യങ്ങൾ വർധിക്കുന്നതോടെ തൊഴിലവസരങ്ങളും കൂടുന്നു. അസമിലെ ഹൈവേകൾക്കും മറ്റ് റോഡ് പദ്ധതികൾക്കും ആയിരക്കണക്കിന് കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ബജറ്റ് പ്രഖ്യാപനങ്ങൾ അസമിലെ വിനോദസഞ്ചാര മേഖലയെയും വിപുലീകരിക്കും. 2014 മുതൽ വടക്കുകിഴക്കൻ മേഖലയിലെ 125-ലേറെ പ്രമുഖ വ്യക്തികൾക്ക് പത്മ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി മോദി അഭിസംബോധനയിൽ പറഞ്ഞു. അസമിന്റെയും വടക്കുകിഴക്കൻ മേഖലയുടെയും വലിയ സാധ്യതകളാണ് ഇത് കാണിക്കുന്നത്. വടക്കുകിഴക്കൻ മേഖലയുടെ ഈ കരുത്ത് ഇപ്പോൾ 'വികസിത ഭാരത'ത്തിന്റെ വലിയൊരു ശക്തിയായി മാറിയിരിക്കുകയാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ●




**ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടി – പ്രദർശനം 2026**

# നവീന ആശയങ്ങളുടെയും നൂതന സംരംഭങ്ങളുടെയും നിശ്ചയദാർഢ്യത്തിന്റെയും കരുത്തുറ്റ സമന്വയം

*നിർമിതബുദ്ധി രംഗത്ത് ആഗോള നേതൃത്വത്തിലേക്ക് ഇന്ത്യ അതിവേഗം കുതിച്ചുകൊണ്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ രാജ്യത്തിന്റെ സാങ്കേതിക ശേഷിയും നൂതനാശയങ്ങളും ഡിജിറ്റൽ പരിവർത്തന പ്രതിബദ്ധതയും തെളിയിക്കുന്നതാണ് ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടിയും പ്രദർശനവും. നാം ഒരുമിച്ച് ഇന്ത്യയ്ക്ക് മാത്രമല്ല, ലോകത്തിനാകെ പ്രയോജനപ്പെടുന്ന പരിഹാരങ്ങൾ സൃഷ്ടിക്കുമെന്ന് 2026 ഫെബ്രുവരി 16 മുതൽ 20 വരെ ഭാരത് മണ്ഡപത്തിൽ സംഘടിപ്പിച്ച ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.*

ദക്ഷിണാർധഗോള രാഷ്ട്രങ്ങൾക്കിടയിൽ സംഘടിപ്പിക്കുന്ന പ്രഥമ ആഗോള എഐ സമ്മേളനം അഭൂതപൂർവമായ പങ്കാളിത്തത്തിനാണ് സാക്ഷ്യം വഹിച്ചത്. ആരോഗ്യ സംരക്ഷണം, കൃഷി, വിദ്യാഭ്യാസം, ഉല്പാദനം, കളിപ്പാട്ട നിർമാണം, സദ്ഭരണം തുടങ്ങിയ മേഖലകളിൽ നിർമിതബുദ്ധി എങ്ങനെ യഥാർത്ഥ മാറ്റങ്ങൾ കൊണ്ടുവരുന്നുവെന്ന് ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടിയും പ്രദർശനവും കാണിക്കുന്നു. 'വികസിത ഭാരത'മെന്ന ലക്ഷ്യത്തിലൂന്നി പ്രതിജ്ഞാബദ്ധതയോടെ എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനത്തിനും സുതാര്യതയ്ക്കും പൗരശാക്തീകരണത്തിനും സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ കാഴ്ചപ്പാടാണ് പ്രദർശനം എടുത്തുകാട്ടുന്നത്. കേവലം പ്രദർശനത്തിലുപരി നിർമ്മിതബുദ്ധിയുടെ പ്രായോഗിക ഉപയോഗത്തിന്റെ വേദികൂടിയാണിത്. ഇവിടെ നയങ്ങൾ നടപ്പാക്കപ്പെടുന്നു; നൂതനാശയങ്ങൾ വൻതോതിൽ വിന്യസിക്കപ്പെടുന്നു; സാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ സാധാരണ പൗരനിലേക്ക് എത്തിച്ചേരുന്നു.



AI IMPACT SUMMIT

## എഐ പ്രദർശനത്തിന്റെയും ഉച്ചകോടിയുടെയും പ്രധാന ആകർഷണങ്ങൾ

**20** -ലധികം രാഷ്ട്രത്തലവന്മാർ **60** മന്ത്രിമാരും 500 ആഗോള എഐ നേതാക്കളും

- ജനങ്ങൾ, ഭൂമി, പുരോഗതി എന്നീ മൂന്ന് അടിസ്ഥാന സ്തംഭങ്ങളെ അഥവാ 'സൂത്രങ്ങളെ' ആസ്പദമാക്കിയാണ് എഐ ഇംപാക്ട് ഉച്ചകോടി സംഘടിപ്പിച്ചത്.
- 70,000 ചതുരശ്ര മീറ്ററിലധികം വിസ്തൃതിയിൽ 10 വേദികളിലായി സംഘടിപ്പിച്ച പ്രദർശനത്തിൽ സാങ്കേതിക കമ്പനികൾ, സ്റ്റാർട്ടപ്പുകൾ, അക്കാദമിക-ഗവേഷണ സ്ഥാപനങ്ങൾ, കേന്ദ്ര മന്ത്രാലയങ്ങൾ, സംസ്ഥാന സർക്കാരുകൾ, അന്താരാഷ്ട്ര പങ്കാളികൾ എന്നിവർ അണിനിരന്നു.
- എഐ ആവാസവ്യവസ്ഥയിലെ അന്താരാഷ്ട്ര സഹകരണം അടയാളപ്പെടുത്തുന്ന 13 രാജ്യങ്ങളുടെ പവലിയനുകൾ പ്രദർശനത്തിലുണ്ടായിരുന്നു. ഓസ്ട്രേലിയ, ജപ്പാൻ, റഷ്യ, യുകെ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി, നെതർലാൻഡ്സ്, സ്വിറ്റ്സർലാൻഡ്, സെർബിയ, എസ്റ്റോണിയ, താജിക്കിസ്ഥാൻ എന്നീ രാജ്യങ്ങളും ആഫ്രിക്കൻ രാജ്യങ്ങളും ഇതിലുൾപ്പെടുന്നു.
- മുന്നൂറിലേറെ പ്രദർശന പവലിയനുകളും തത്സമയ മാതൃകകളും പ്രദർശനത്തിന്റെ ഭാഗമായി.
- ആഗോളതലത്തിൽ പ്രസക്തമായ ബഹുജന ആശയ വിനിമയ പരിഹാരങ്ങൾ വികസിപ്പിക്കുന്ന 600-ലധികം മുൻനിര സ്റ്റാർട്ടപ്പുകൾ പ്രദർശനത്തിൽ പങ്കെടുത്തു. നിലവിൽ പ്രായോഗികമായി ഉപയോഗിക്കുന്ന നൂതന പരിഹാരങ്ങൾ ഈ സ്റ്റാർട്ടപ്പുകൾ പ്രദർശിപ്പിച്ചു.
- അന്താരാഷ്ട്ര പ്രതിനിധികൾ ഉൾപ്പെടെ 2.5 ലക്ഷത്തിലധികം സന്ദർശകർ ഇന്ത്യ എഐ ഇംപാക്ട് പ്രദർശനത്തിനെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.
- ആഗോള എഐ ആവാസവ്യവസ്ഥയിൽ പുതിയ പങ്കാളിത്തം വളർത്താനും വ്യാപാര അവസരങ്ങൾ സൃഷ്ടിക്കാനും പരിപാടി ലക്ഷ്യമിടുന്നു.
- ഉച്ചകോടിയുടെ ഭാഗമായി നടന്ന 500-ലധികം സെഷനുകളിൽ 3,250-ലേറെ പ്രമുഖ വക്താക്കളും പാനലിസ്റ്റുകളും പങ്കെടുത്തു.

> **ഇന്ത്യയിലെ 140 കോടി ജനങ്ങൾക്ക് നന്ദി. എഐ പരിവർത്തനത്തിൽ നമ്മുടെ രാജ്യം നേതൃനിരയിൽ അതിന്റെ പങ്ക് അടയാളപ്പെടുത്തുകയാണ്. ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ മുതൽ സജീവ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയും അത്യാധുനിക ഗവേഷണങ്ങളും വരെ നീളുന്ന എഐ രംഗത്തെ രാജ്യത്തിന്റെ പുരോഗതി ഇന്ത്യയുടെ ലക്ഷ്യബോധത്തെയും ഉത്തരവാദിത്തത്തെയും പ്രതിഫലിപ്പിക്കുന്നു.**
>
> **- നരേന്ദ്ര മോദി, പ്രധാനമന്ത്രി**

*പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.*

ഈ പ്രദർശനം നിർമിതബുദ്ധിയുടെ കരുത്തിനെയും ഇന്ത്യൻ പ്രതിഭാശേഷിയെയും നൂതനാശയങ്ങളെയുമാണ് അവതരിപ്പിക്കുന്നതെന്ന് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. എഐ രംഗത്തെ ഇന്ത്യയുടെ പുരോഗതി രാജ്യത്തിന് നൂതനവും പരിവർത്തനപരവുമായ പരിഹാരങ്ങൾ സൃഷ്ടിക്കുമെന്നും ആഗോള വികസനത്തിന് ഗണ്യമായ സംഭാവന നൽകുമെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തെ പ്രതിഭകൾക്ക് നിർമിതബുദ്ധിയുടെ ഭാവി രൂപപ്പെടുത്താനാകുമെന്ന് പരിപാടി ഒരിക്കൽ കൂടി ലോകത്തിനുമുന്നിൽ തെളിയിച്ചതായി പ്രധാനമന്ത്രി പറഞ്ഞു. ഉത്തരവാദിത്തത്തോടെയും എല്ലാവരെയും ഉൾക്കൊള്ളുന്ന തരത്തിലും മാനുഷിക ക്ഷേമത്തിനായി വൻ തോതിൽ എഐ ഉപയോഗിക്കാൻ രാജ്യം പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.




# ജനസംഖ്യയുടെ പാതി രാജ്യവികസനത്തിന് നേതൃത്വം നൽകട്ടെ

***സ്ത്രീ സുരക്ഷയ്ക്കും ശാക്തീകരണത്തിനും ഇന്ന് കേന്ദ്ര സർക്കാർ പ്രഥമ മുൻഗണന നൽകുന്നു. സ്ത്രീകളോട് ആദരവ് പ്രകടിപ്പിക്കാനും അവരുടെ സാമ്പത്തിക, രാഷ്ട്രീയ, സാമൂഹ്യ ശാക്തീകരണം സാധ്യമാക്കാനും ലക്ഷ്യമിടുന്നതാണ് ഓരോ സർക്കാർ പദ്ധതിയും. രാജ്യത്തിന്റെ അതിവേഗ സുസ്ഥിര വികസനത്തിന് ജനസംഖ്യയുടെ പാതി വരുന്ന സ്ത്രീകളുടെ തുല്യ പങ്കാളിത്തം നിർണായകമാണെന്ന് സർക്കാർ തിരിച്ചറിയുന്നു. തൊഴിൽ രംഗത്ത് കൂടുതൽ സ്ത്രീകളുടെ പങ്കാളിത്തമുള്ള രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ കൂടുതൽ കരുത്തുറ്റതായിരിക്കും.***

സ്ത്രീകളുടെ തുല്യ പങ്കാളിത്തവും അവകാശങ്ങളും ഉറപ്പാക്കാൻ മാർച്ച് 8-ന് ലോകം അന്താരാഷ്ട്ര വനിതാ ദിനം ആഘോഷിക്കുന്നു. 'അവകാശങ്ങൾ; നീതി; നടപടി - എല്ലാ സ്ത്രീകൾക്കും പെൺകുട്ടികൾക്കും വേണ്ടി' എന്നതാണ് 2026-ലെ അന്താരാഷ്ട്ര വനിതാ ദിന പ്രമേയം. ആരും പിന്നിലാകാൻ പാടില്ലെന്ന കാഴ്ചപ്പാടോടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ കേന്ദ്ര സർക്കാർ സ്ത്രീകളുടെയും പെൺകുട്ടികളുടെയും അവകാശങ്ങൾ ഉയർത്തിപ്പിടിക്കുകയും അവർക്ക് നീതി ഉറപ്പാക്കുന്നതിന് എല്ലാ തലങ്ങളിലും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സ്ത്രീകളുടെയും പെൺകുട്ടികളുടെയും സാമ്പത്തികവും സാമൂഹ്യവുമായ പങ്കാളിത്തം വർധിപ്പിക്കാൻ കഴിഞ്ഞ പതിറ്റാണ്ടിൽ നിരവധി പുതിയ പദ്ധതികളും സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. 2047-ഓടെ വികസിത ഭാരതമെന്ന ലക്ഷ്യവുമായി മുന്നേറുന്ന രാജ്യത്ത് സ്ത്രീകളുടെ പങ്കാളിത്തം ഏറെ പ്രധാനമാണ്. ഇതിനായി ബജറ്റിൽ തുക വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

രാജ്യത്തെ ഐ.ടി.ഐ-കളിലെ 30% സീറ്റുകൾ പെൺകുട്ടികൾക്കായി സംവരണം ചെയ്തു. സൈനിക വിദ്യാലയങ്ങളുടെ വാതിലുകൾ പെൺകുട്ടികൾക്കായി തുറന്നു. ദേശീയ പ്രതിരോധ അക്കാദമിയിൽ പെൺകുട്ടികൾക്ക് പ്രവേശനം നൽകി. കൂടാതെ, 2025-ലെ വികസിത് ഭാരത്-ഗ്യാരന്റി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ (വിബി-ജി റാം ജി) നിയമ പ്രകാരം പദ്ധതിക്ക് കീഴിലെ ജോലികളിൽ മൂന്നിലൊന്ന് സ്ത്രീകൾക്ക് നൽകുന്നത് അവരുടെ തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നു. സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തം വർധിപ്പിക്കുന്ന 2023-ലെ 'നാരി ശക്തി വന്ദൻ' നിയമം, പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് കീഴിൽ സ്ത്രീകൾക്ക് വീടുകൾ തുടങ്ങിയ നടപടികളെല്ലാം സ്ത്രീകളുടെ അവകാശങ്ങളെ ശക്തിപ്പെടുത്തുന്നു. സർക്കാരിന്റെ പരിശ്രമഫലമായി വിദ്യാഭ്യാസം, ആരോഗ്യം, ഡിജിറ്റൽ ഉൾച്ചേർക്കൽ, ഭരണനേതൃത്വം എന്നിവയുൾപ്പെടെ രാജ്യത്തിന്റ സാമൂഹ്യ-സാമ്പത്തിക മേഖലകളെ രൂപപ്പെടുത്തുന്നതിൽ സ്ത്രീകൾ നിർണായക പങ്കുവഹിക്കുന്നു.

## സ്ത്രീകളുടെ അവകാശങ്ങൾ മെച്ചപ്പെടുത്തിയ സർക്കാർ നടപടികൾ

- രാഷ്ട്രീയത്തിൽ ഉയർന്ന പങ്കാളിത്തം: നാരി ശക്തി വന്ദൻ നിയമം-2023 (ഭരണഘടനയുടെ 106-ാം ഭേദഗതി) വിജ്ഞാപനം ചെയ്തു. ഈ നിയമപ്രകാരം ലോക്സഭയിലും ഡൽഹി ദേശീയ തലസ്ഥാനമേഖല ഉൾപ്പെടെ എല്ലാ സംസ്ഥാനങ്ങളിലെയും നിയമസഭകളിൽ 33% സീറ്റുകൾ സ്ത്രീകൾക്കായി സംവരണം ചെയ്യും.
- തൊഴിൽ മേഖല അവഗണിക്കപ്പെട്ടില്ല: വികസിത് ഭാരത്-ഗ്യാരന്റി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ) (വിബി-ജി റാം ജി) നിയമം-2025 പ്രകാരം സൃഷ്ടിക്കപ്പെടുന്ന ജോലികളിൽ കുറഞ്ഞത് മൂന്നിലൊന്ന് സ്ത്രീകൾക്ക് നൽകണമെന്ന് വ്യവസ്ഥയുണ്ട്.
- വീടിന്റെ ഉടമസ്ഥരായി മാറുന്നു: പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ പദ്ധതി വീടുകളുടെ ഉടമസ്ഥാവകാശം സ്ത്രീകൾക്ക് നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ചില പ്രത്യേക സാഹചര്യങ്ങളിലൊഴികെ വീടുകൾ സ്ത്രീയുടെ പേരിലോ ഭർത്താവിനും ഭാര്യയ്ക്കും സംയുക്തമായോ അനുവദിക്കാൻ തീരുമാനിച്ചു.
- ഉയർന്ന പദവികളിലേക്കുള്ള പാത: കമ്പനി (ഡയറക്ടർമാരുടെ നിയമനവും യോഗ്യതയും) ചട്ടങ്ങൾ-2014 പ്രകാരം 100 കോടി രൂപയിൽ കൂടുതൽ മൂലധനമോ 300 കോടിയോ അതിലധികമോ രൂപ വിറ്റുവരവോ ഉള്ള പട്ടികപ്പെടുത്തിയ എല്ലാ കമ്പനികളും കുറഞ്ഞത് ഒരു വനിതാ ഡയറക്ടറെയെങ്കിലും നിയമിക്കണം.
- തദ്ദേശ ഭരണത്തിൽ ഉയർന്ന പങ്കാളിത്തം: ഓരോ പഞ്ചായത്തിലും നേരിട്ടുള്ള തിരഞ്ഞെടുപ്പിലൂടെ നികത്തുന്ന സീറ്റുകളിലും അധ്യക്ഷ പദവികളിലും കുറഞ്ഞത് മൂന്നിലൊന്ന് (33%) സ്ത്രീകൾക്ക് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ 21 സംസ്ഥാനങ്ങളും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളും 50% സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്തിട്ടുണ്ട്. നിലവിൽ പഞ്ചായത്തുകളിൽ തിരഞ്ഞെടുക്കപ്പെട്ട 2,441,741 പ്രതിനിധികളിൽ 1,214,885 (49.75%) പേർ സ്ത്രീകളാണ്.

## സ്ത്രീ ശാക്തീകരണത്തിനും നീതിക്കും വേണ്ടി നടത്തിയ ശ്രമങ്ങൾ

- **ഭാരതീയ ന്യായ സംഹിത:** ഭാരതീയ ന്യായ സംഹിത (2023) സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ കുറ്റകൃത്യങ്ങളെ അഞ്ചാം അധ്യായത്തിന് കീഴിൽ ഏകീകരിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങൾക്ക് ശിക്ഷകൾ കൂടുതൽ കർശനമാക്കി.
- **അനുകൂല തൊഴിൽ അന്തരീക്ഷം:** വനിതാ തൊഴിലാളികൾക്ക് അനുകൂല തൊഴിൽ സാഹചര്യങ്ങൾ ഒരുക്കുന്നതിന് വേതന നിയമം, വ്യാവസായിക തൊഴിൽ നിയമം, തൊഴിൽ സുരക്ഷയും ആരോഗ്യവും തൊഴിൽ സാഹചര്യങ്ങളും സംബന്ധിച്ച നിയമം, സാമൂഹ്യസുരക്ഷാ നിയമം എന്നിവയിൽ നിരവധി സഹായകരമായ വ്യവസ്ഥകൾ കൊണ്ടുവന്നു.
- **ആരോഗ്യത്തിൽ കൂടുതൽ ശ്രദ്ധ:** വേതനത്തോടു കൂടിയ പ്രസവാവധി 2017-ൽ 12 ആഴ്ചയിൽ നിന്ന് 26 ആഴ്ചയായി വർധിപ്പിച്ചു.
- **താമസ സൗകര്യങ്ങൾ:** ജോലി ചെയ്യുന്ന സ്ത്രീകൾ നേരിടുന്ന താമസ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് രാജ്യത്തുടനീളം 560 'സഖി നിവാസ്' (ജോലി ചെയ്യുന്ന സ്ത്രീകൾക്കുള്ള ഹോസ്റ്റലുകൾ) പ്രവർത്തിക്കുന്നു.
- **പ്രതിസന്ധിഘട്ടങ്ങളിൽ പുനരധിവാസം:** ദുരിതങ്ങൾ നേരിടുന്ന സ്ത്രീകൾക്കായി ഏകീകൃത ആശ്വാസ-പുനരധിവാസ കേന്ദ്രങ്ങളായ 413 'ശക്തി സദനങ്ങൾ' രാജ്യത്തുടനീളം പ്രവർത്തിക്കുന്നു. 13,000 സ്ത്രീകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.
- **ശിശു സംരക്ഷണം:** 14,599 അങ്കണവാടി-കം-ക്രഷ് കേന്ദ്രങ്ങൾക്ക് അനുമതി നൽകി. രാജ്യത്തുടനീളം നിലവിൽ 2,820 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.
- **ഗ്രാമീണ ഉപജീവനമാർഗം:** ദീൻദയാൽ അന്ത്യോദയ യോജനയ്ക്ക് (ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം) കീഴിലെ വനിതാ സ്വയംസഹായ സംഘങ്ങളിൽ 10.29 കോടി സ്ത്രീകൾ അംഗങ്ങളാണ്. ഇത് രാജ്യത്തിന്റെ ഗ്രാമീണ സാമൂഹ്യ-സാമ്പത്തിക മേഖലയെ മാറ്റിമറിച്ചു.
- **അധ്വാനഭാരം കുറച്ച് പരിരക്ഷ ഉറപ്പാക്കുന്നു:** സ്വച്ഛ് ഭാരത് ദൗത്യത്തിന് കീഴിൽ 12 കോടിയിലധികം ശൗചാലയങ്ങളുടെ നിർമാണം, ഉജ്ജ്വല യോജനയിലൂടെ 10.49 കോടിയിലധികം സ്ത്രീകൾക്ക് ഗ്യാസ് കണക്ഷനുകൾ, ജൽ ജീവൻ ദൗത്യത്തിലൂടെ 15.79 കോടിയിലധികം ഗ്രാമീണ കുടുംബങ്ങൾക്ക് പൈപ്പ് വെള്ളം എന്നിവ സ്ത്രീകളുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു.
- **പെൺമക്കൾ വളരട്ടെ, പഠിക്കട്ടെ:** 2015 ജനുവരി 22-നാണ് 'ബേട്ടി ബച്ചാവോ ബേട്ടി പഠാവോ' പദ്ധതിയ്ക്ക് തുടക്കം കുറിച്ചത്. ലിംഗവിവേചനപരമായ ജനനം തടയുക, പെൺകുട്ടികളുടെ അതിജീവനവും സംരക്ഷണവും ഉറപ്പാക്കുക, അവരുടെ വിദ്യാഭ്യാസവും പങ്കാളിത്തവും ഉറപ്പാക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. ലിംഗാനുപാതം 2014-15 ലെ 918-ൽ നിന്ന് 2024-25 ൽ 929 ആയി വർധിച്ചു. സ്കൂളുകളിൽ പെൺകുട്ടികളുടെ ആകെ പ്രവേശനം 2014-15 ലെ 75.51%-ൽ നിന്ന് 2024-25 ൽ 80.2% ആയി ഉയർന്നു.
- **ഭാവി സുരക്ഷിതമാക്കുന്നു:** സുകന്യ സമൃദ്ധി അക്കൗണ്ടുകൾ 2015 ജനുവരി 22-ന് ആരംഭിച്ചു. 21 വയസ്സിൽ കാലാവധി പൂർത്തിയാകുന്ന ഈ പദ്ധതിയിൽ 2026 ജനുവരി വരെ 4.53 കോടി അക്കൗണ്ടുകളാണ് തുറന്നത്. നിക്ഷേപം 3.33 ലക്ഷം കോടി രൂപ പിന്നിട്ടു.
- **പോഷൺ ഭി പഠായി ഭി:** 2023 മെയ് 10-ന് ആരംഭിച്ച ഈ പദ്ധതിയിലൂടെ കുട്ടിക്കാലത്തെ കൃത്യമായ വിദ്യാഭ്യാസവും പോഷണവും ഉറപ്പാക്കാൻ 10 ലക്ഷത്തിലധികം അങ്കണവാടി പ്രവർത്തകർക്ക് പരിശീലനം നൽകി. രാജ്യത്തെ സർക്കാർ സ്കൂളുകളിൽ 2.9 ലക്ഷം അങ്കണവാടി കേന്ദ്രങ്ങൾ സ്ഥാപിച്ചു.
- **ശൈശവ വിവാഹമുക്ത ഭാരതം:** 2024 നവംബർ 27-ന് കേന്ദ്ര സർക്കാർ 'ശൈശവ വിവാഹമുക്ത ഭാരതം' പ്രചാരണത്തിന് തുടക്കം കുറിച്ചു. ആറു കോടിയിലധികം പൗരന്മാരിലെത്തിയ ഈ ബോധവൽക്കരണ പരിപാടി ശൈശവ വിവാഹമുക്ത ഭാരത് പോർട്ടലിലൂടെ 28 ലക്ഷത്തിലധികം പ്രതിജ്ഞകളെടുക്കാൻ വഴിയൊരുക്കി.

## സ്ത്രീ ശാക്തീകരണ സംരംഭങ്ങൾ

- മിഷൻ ശക്തി: സ്ത്രീ സുരക്ഷയും ശാക്തീകരണവും ലക്ഷ്യമിട്ട് 'മിഷൻ ശക്തി' പദ്ധതി 2022-23 മുതൽ നടപ്പാക്കി വരുന്നു.
- 'സംബൽ' ഉപപദ്ധതി: സ്ത്രീകളുടെ സുരക്ഷ ലക്ഷ്യമിടുന്ന ഈ പദ്ധതിയിൽ വൺ-സ്റ്റോപ്പ് കേന്ദ്രങ്ങൾ, വനിതാ ഹെൽപ്പ് ലൈനുകൾ, ബേട്ടി ബച്ചാവോ ബേട്ടി പഠാവോ, നാരി അദാലത്ത് എന്നിവ ഉൾപ്പെടുന്നു.
- 'സാമർത്ഥ്യ' ഉപപദ്ധതി: സ്ത്രീ ശാക്തീകരണത്തിനായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ പ്രധാനമന്ത്രി മാതൃ വന്ദന യോജന, ശക്തി സദൻ, സഖി നിവാസ്, പൽന, സങ്കൽപ് - വനിതാ ശാക്തീകരണ കേന്ദ്രം എന്നിവ ഉൾപ്പെടുന്നു.

## പെൺകുട്ടികൾക്കും സ്ത്രീകൾക്കും നൈപുണ്യ വികസനം

- കൗശൽ വികാസ് യോജന പദ്ധതിയ്ക്ക് കീഴിൽ രാജ്യത്തുടനീളം നൈപുണ്യ വികസന പരിപാടികൾ നടപ്പാക്കുന്നു. സ്ത്രീകൾ പരിശീലന പരിപാടികളിൽ സജീവമായി പങ്കെടുക്കുന്നു.
- കഴിഞ്ഞ പത്ത് വർഷത്തിനിടെ പ്രധാനമന്ത്രി കൗശൽ വികാസ് യോജന, ജൻ ശിക്ഷൺ സൻസ്ഥാൻ, ദേശീയ അപ്രന്റീസ്ഷിപ്പ് പ്രോത്സാഹന പദ്ധതി, ഐ.ടി.ഐ-കളുടെ ക്രാഫ്റ്റ്സ്മെൻ പരിശീലന പദ്ധതി എന്നിവയിലൂടെ 1.27 കോടിയിലധികം സ്ത്രീകൾക്ക് പരിശീലനം ലഭിച്ചു.
- പ്രധാനമന്ത്രി കൗശൽ വികാസ് യോജനയ്ക്ക് കീഴിൽ പരിശീലനം ലഭിച്ചവരിൽ 45 ശതമാനത്തിലധികം പേർ സ്ത്രീകളാണ്. ജൻ ശിക്ഷൺ സൻസ്ഥാൻ നടത്തുന്ന പരിശീലന പരിപാടികളുടെ ഗുണഭോക്താക്കളിൽ 83 ശതമാനവും സ്ത്രീകളാണ്.

**3,327** വനിതാ പൈലറ്റുമാരാണ് 2025 ഡിസംബർ 31-ലെ കണക്കനുസരിച്ച് സജീവമായി സേവനമനുഷ്ഠിക്കുന്നത്.

2021-ൽ നൽകിയ 243 ലൈസൻസുകളെ അപേക്ഷിച്ച് 2025-ൽ 461 ലൈസൻസുകൾ നൽകി. ഏകദേശം 90% കൂടുതൽ ലൈസൻസുകളാണ് വനിതകൾക്ക് അനുവദിച്ചത്.



## സ്ത്രീകളുടെ സാമ്പത്തിക ഉൾച്ചേർക്കൽ ഇവിടെ പ്രതിഫലിക്കുന്നു:

**56%** പിഎം ജൻ ധൻ യോജന അക്കൗണ്ടുകൾ

**54%** ഇൻഷുറൻസ്, പിഎം ജീവൻ ജ്യോതി ബീമാ യോജന

**51%** ഇൻഷുറൻസ്, പ്രധാൻ മന്ത്രി സുരക്ഷാ ബീമാ യോജന

**82%** വായ്പകൾ, സ്റ്റാൻഡ് അപ്പ് ഇന്ത്യ.

**67%** വായ്പകൾ, പ്രധാൻ മന്ത്രി മുദ്ര യോജന

- പൊതുമേഖലാ ബാങ്കുകളിലെ കണക്കുകളനുസരിച്ച് ചില്ലറ മേഖലയിലെ വനിതാ വായ്പക്കാരുടെ പങ്കാളിത്തം കഴിഞ്ഞ അഞ്ച് വർഷത്തിനിടെ 2.14 മടങ്ങ് വർധിച്ചു. എംഎസ്എംഇ മേഖലയിൽ ഇത് 2.62 മടങ്ങ് വർധന രേഖപ്പെടുത്തി.



**2.94** കോടി വനിതകളുടെ നേതൃത്വത്തിലെ സൂക്ഷ്മ -ചെറുകിട - ഇടത്തരം സംരംഭങ്ങൾ രാജ്യത്തുടനീളം രജിസ്റ്റർ ചെയ്തിട്ടുണ്ട്.



## ആറു വർഷത്തിനിടെ മൂന്ന് മടങ്ങിലധികം വർധിച്ച് ജെൻഡർ ബജറ്റ്

സ്ത്രീകൾ നേതൃത്വം നൽകുന്ന വികസനത്തിന് ഊന്നൽ നൽകി ലിംഗ-സംവേദനക്ഷമ ഭരണനിർവഹണത്തിനും ബജറ്റിനും കേന്ദ്ര സർക്കാർ പ്രോത്സാഹനം നൽകിവരുന്നു. ഇതിന്റെ ഭാഗമായി 2026-27 ബജറ്റിൽ സ്ത്രീകളുടെയും പെൺകുട്ടികളുടെയും ക്ഷേമത്തിന് 5 ലക്ഷം കോടി രൂപ അനുവദിച്ചു.




## 2026-27 ബജറ്റിൽ സ്ത്രീകൾക്കായി പ്രത്യേക സംരംഭങ്ങൾ

- 1.5 ലക്ഷം ബഹുതല നൈപുണ്യം നേടിയ പരിപാലകരുടെ പരിശീലനം 2026-27 ബജറ്റിൽ വിഭാവനം ചെയ്യുന്നു. ഇത് വയോജനങ്ങൾക്കും കുട്ടികൾക്കും വേണ്ടിയുള്ള പരിചരണ സേവനങ്ങളുടെ നിലവാരം ഉയർത്തുന്നു.
- 'സ്വയംസഹായ സംരംഭകത്വ' മാർട്ടുകൾ (ഷീ മാർട്ട്) സ്ഥാപിക്കും. വനിതാ സ്വയംസഹായ സംഘങ്ങളുടെ ഉല്പന്നങ്ങൾക്ക് വ്യവസ്ഥാപിതവും സുസ്ഥിരവുമായ വിപണി ലഭ്യമാക്കാൻ ഈ സമൂഹ വിഭവങ്ങൾ വഴിയൊരുക്കും.
- ഉന്നത വിദ്യാഭ്യാസ രംഗത്ത് തുല്യതയും സുരക്ഷയും ഉറപ്പാക്കുന്നതിന് ഓരോ ജില്ലയിലെയും ശാസ്ത്ര സാങ്കേതിക എൻജിനീയറിങ്, ഗണിത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പെൺകുട്ടികളുടെ ഹോസ്റ്റലുകൾ അനുവദിച്ചു. ഇത് സാങ്കേതിക മേഖലകളിൽ യുവതികളുടെ പങ്കാളിത്തം വർധിപ്പിക്കും.



## സമൂഹമാധ്യമ പ്ലാറ്റ്ഫോമുകൾ സ്ത്രീകൾക്ക് വിട്ടുനൽകി പ്രധാനമന്ത്രി മോദി

2025 മാർച്ച് 8-ലെ വനിതാ ദിനത്തോടനുബന്ധിച്ച് വിവിധ മേഖലകളിൽ മികച്ച നേട്ടങ്ങൾ കൈവരിച്ച രാജ്യത്തെ സ്ത്രീകൾക്കായി പ്രധാനമന്ത്രി നരേന്ദ്ര മോദി സ്വന്തം സമൂഹമാധ്യമ പ്ലാറ്റ്ഫോമുകൾ വിട്ടുനൽകി. അന്ന് പ്രധാനമന്ത്രി പറഞ്ഞു: 'ഈ സ്ത്രീകൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരും വ്യത്യസ്ത മേഖലകളിൽ കഴിവ് തെളിയിച്ചവരുമാണ്. രാജ്യത്തിന്റെ നാരീശക്തിയുടെ കരുത്താണ് അവരെ ഒന്നിപ്പിക്കുന്നത്. അവരുടെ നിശ്ചയദാർഢ്യവും വിജയവും സ്ത്രീകളുടെ വലിയ സാധ്യതകൾ നമ്മെ ഓർമിപ്പിക്കുന്നു. വികസിത ഭാരതം കെട്ടിപ്പടുക്കാനായി നാം ഇന്നും എന്നും ഒന്നിച്ച് പ്രവർത്തിക്കുന്നു.





ഇന്ത്യ – മലേഷ്യ

# സൗഹൃദത്തിൽ നിന്ന് തന്ത്രപരമായ പങ്കാളിത്തത്തിലേക്ക്

***1957ലാണ് ഇന്ത്യയും മലേഷ്യയും തമ്മിലുള്ള നയതന്ത്ര ബന്ധം ആരംഭിച്ചത്. അതിനുശേഷം, ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം പരസ്പര ബഹുമാനത്തിലും സഹകരണത്തിലും അധിഷ്ഠിതമായാണ് മുന്നേറിയത്. 2024 ഓഗസ്റ്റിൽ ഇത് തന്ത്രപരമായ സമഗ്ര പങ്കാളിത്തത്തിലേക്ക് ഉയർത്തപ്പെട്ടു. ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി, പ്രധാനമന്ത്രി നരേന്ദ്ര മോദി ഫെബ്രുവരി 7, 8 തീയതികളിൽ മലേഷ്യ സന്ദർശിച്ചു. സന്ദർശന വേളയിൽ, ഇരു രാജ്യങ്ങളും തമ്മിൽ ഒട്ടേറെ സുപ്രധാന കരാറുകൾ ഒപ്പുവച്ചു***

ഇന്ത്യയും മലേഷ്യയും തമ്മിൽ നിലനിന്നിരുന്ന ചരിത്രപരമായ ബന്ധം സമീപ വർഷങ്ങളിൽ സുസ്ഥിര പുരോഗതി കൈവരിച്ചിട്ടുണ്ട്. മലേഷ്യയിൽ സ്ഥിരതാമസമാക്കിയ ഏകദേശം മൂന്ന് ദശലക്ഷം ഇന്ത്യൻ പ്രവാസികൾ ഇതിൽ പ്രധാന പങ്ക് വഹിക്കുന്നു. മലേഷ്യൻ പ്രധാനമന്ത്രി ഡാറ്റോ സെരി അൻവർ ഇബ്രാഹിമിന്റെ ക്ഷണപ്രകാരം 2015 ന് ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മലേഷ്യയിലേക്കുള്ള, മൂന്നാമത്തെ ഔദ്യോഗിക സന്ദർശനമാണിത്. രണ്ട് ദിവസത്തെ സന്ദർശന വേളയിൽ, രാഷ്ട്രീയ സഹകരണം, പ്രതിരോധം, സുരക്ഷാ സഹകരണം, സമുദ്ര സഹകരണം, വ്യാപാരം, നിക്ഷേപം, ഡിജിറ്റൽ സമ്പദ് വ്യവസ്ഥ, ശാസ്ത്ര സാങ്കേതിക വിദ്യ, ഊർജ്ജം, കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, സംസ്കാരം, വിനോദസഞ്ചാരം, യുവജന വിനിമയങ്ങൾ, സാമ്പത്തികം, നൂതനാശയങ്ങൾ അടക്കമുള്ള എല്ലാ മേഖലകളിലും സഹകരണം മെച്ചപ്പെടുത്തുന്നതിനും ഇരു രാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ സമഗ്ര പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുമുള്ള വിപുലമായ ചർച്ചകൾ നടന്നു. മാത്രമല്ല, ഉഭയകക്ഷി താത്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളും ചർച്ചയായി. ഇന്ത്യയുടെ ആക്ട് ഈസ്റ്റ് നയം, ഇന്തോ-പസഫിക് ദർശനം, വിഷൻ മഹാസാഗർ എന്നിവയുടെ പ്രധാന സ്തംഭമെന്ന നിലയിൽ ഇന്ത്യ-മലേഷ്യ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള ഇന്ത്യയുടെ ഉറച്ച പ്രതിബദ്ധതയെ ഈ സന്ദർശനം പ്രതിഫലിപ്പിക്കുന്നു.

സന്ദർശന വേളയിൽ, നൂറ്റാണ്ടുകൾ പഴക്കമുള്ള ഇന്ത്യ-മലേഷ്യ ബന്ധത്തെയും ഈ പങ്കാളിത്തത്തിന്റെ ആധാരശിലയായ ജനങ്ങൾ തമ്മിലുള്ള സുദൃഢ ബന്ധത്തെയും ഇരു നേതാക്കളും അനുസ്മരിച്ചു. സെമികണ്ടക്ടറുകൾ, നിർമ്മിത ബുദ്ധി തുടങ്ങിയ ഉയർന്നുവരുന്ന മേഖലകളിലെ സഹകരണം വർദ്ധിപ്പിക്കുന്നതിലും ചർച്ചകൾ ശ്രദ്ധ കേന്ദ്രീകരിച്ചു. പാർലമെന്ററി, സർവകലാശാലാ വിനിമയങ്ങളിലൂടെ യുവാക്കൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്താൻ പ്രധാനമന്ത്രി മോദി ആഹ്വാനം ചെയ്തു. മലേഷ്യയിൽ ഇന്ത്യയുടെ പ്രഥമ കോൺസുലേറ്റ് തുറക്കുന്നത് വാണിജ്യ ബന്ധങ്ങളും ജനങ്ങൾ തമ്മിലുള്ള ബന്ധങ്ങളും കൂടുതൽ ശക്തിപ്പെടുത്തും. പത്താം ഇന്ത്യ-മലേഷ്യ സിഇഒ ഫോറത്തിന്റെ ഫല സംഗ്രഹ രേഖയും ഇരു നേതാക്കളും അംഗീകരിച്ചു.

**മലേഷ്യയിലെ ഇന്ത്യൻ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള സാമൂഹിക സുരക്ഷാ കരാർ, വിനോദസഞ്ചാരികൾക്കായുള്ള ഗ്രാറ്റിസ് ഇ-വിസ, മലേഷ്യയിൽ ഡിജിറ്റൽ പേയ്മെന്റ് ഇന്റർഫേസായ യുപിഐ നടപ്പിലാക്കൽ ഉൾപ്പെടെയുള്ള നടപടികളെല്ലാം ഇരു രാജ്യങ്ങളിലെയും പൗരന്മാരുടെ ജീവിതം സുഗമമാക്കും. കാരണം ആനുകൂല്യങ്ങൾ നേരിട്ട് ജനങ്ങളിലേക്ക് എത്തുമ്പോൾ മാത്രമേ ഏതൊരു പങ്കാളിത്തവും വിജയപ്രദമാവുകയുള്ളൂ.**

***നരേന്ദ്ര മോദി, പ്രധാനമന്ത്രി***

*പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.*



# ഇന്ത്യൻ വംശജരായ ജനങ്ങൾ ഇരു രാജ്യങ്ങളെയും ബന്ധിപ്പിക്കുന്നു

ക്വാലാലംപൂരിൽ നടന്ന ഒരു സാമൂഹിക പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രസംഗിച്ചു. താളലയങ്ങൾ സംഗമിച്ച റെക്കോർഡ് പ്രകടനത്തോടെ 800-ലധികം നർത്തകർ അദ്ദേഹത്തെ സ്വീകരിച്ചു. 2026-ലെ തന്റെ ആദ്യ വിദേശ സന്ദർശനമാണിതെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. ഈ ഉത്സവകാലത്ത് ഇന്ത്യൻ സമൂഹത്തോടൊപ്പമുണ്ടാകാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. ഇന്ത്യയിലെയും മലേഷ്യയിലെയും ജനങ്ങളുടെ ഹൃദയങ്ങളെ ബന്ധിപ്പിക്കുന്ന ഒട്ടേറെ കാര്യങ്ങളുണ്ട്. ഇരു രാജ്യങ്ങളും തമ്മിലുള്ള സമാനതകളെക്കുറിച്ച് പരാമർശിക്കവേ, മലേഷ്യയുടെ റൊട്ടി കനായിയും ഇന്ത്യയുടെ മലബാർ പറോട്ടയും സമാനമാണെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. തേങ്ങ, സുഗന്ധവ്യഞ്ജനങ്ങൾ, തേഹ് താരിക് എന്നിവയുടെ രുചി ക്വാലാലംപൂരിലും കൊച്ചിയിലും സമാനമാണ്. ഇരു രാജ്യങ്ങളിലെയും ജനങ്ങൾ പരസ്പരം നന്നായി മനസ്സിലാക്കുന്നു. ഇന്ത്യൻ ഭാഷകളിലെയും മലായ് ഭാഷയിലെയും നിരവധി പദങ്ങൾ സമാനമാണ് എന്നതാണ് ഇതിനുള്ള ഒരു കാരണം. ഇന്ത്യൻ സിനിമകളും സംഗീതവും മലേഷ്യയിൽ വളരെ ജനപ്രിയമാണ്.

മലേഷ്യയിൽ താമസിക്കുന്ന ഇന്ത്യൻ വംശജരായ ആളുകൾ നൂറ്റാണ്ടുകളായി അവരുടെ പാരമ്പര്യങ്ങൾ കാത്തുസൂക്ഷിച്ചുവരുന്നു. 'മൻ കി ബാത്ത്' പരിപാടി പരാമർശിച്ചുകൊണ്ട് പ്രധാനമന്ത്രി മോദി പറഞ്ഞു, 'മലേഷ്യയിലെ 500-ലധികം സ്കൂളുകളിൽ കുട്ടികളെ ഇന്ത്യൻ ഭാഷകൾ പഠിപ്പിക്കുന്നുണ്ടെന്ന് ഞാൻ ഇന്ത്യ മുഴുവൻ അറിയിച്ചു.' ലോകത്തിന് ഇന്ത്യ നൽകിയ സമ്മാനമാണ് തമിഴ് എന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. തമിഴ് സാഹിത്യം ശാശ്വതമാണ്; തമിഴ് സംസ്കാരം ആഗോളമാണ്. തമിഴ് ജനത സ്വന്തം നൈപുണ്യങ്ങളിലൂടെ മാനവരാശിയെ സേവിക്കുന്നു.

മലേഷ്യയിൽ പ്രവർത്തിക്കുന്ന നൂറിലധികം ഇന്ത്യൻ ഐടി കമ്പനികൾ ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു. മലേഷ്യ-ഇന്ത്യ ഡിജിറ്റൽ കൗൺസിൽ സഹകരണത്തിനുള്ള പുതുമാർഗ്ഗങ്ങൾ തുറക്കപ്പെടുകയാണ്. ഇന്ത്യയുടെ യുപിഐ സംവിധാനം ഉടൻ മലേഷ്യയിൽ ആരംഭിക്കുമെന്ന് പ്രധാനമന്ത്രി മോദി പ്രഖ്യാപിച്ചു. ഇന്ത്യ എല്ലായ്പ്പോഴും സ്വന്തം പ്രവാസി സഹോദരീ സഹോദരന്മാരെ തുറന്ന മനസോടെ സ്വാഗതം ചെയ്യുമെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. ആറാം തലമുറ വരെയുള്ള ഇന്ത്യൻ വംശജരായ മലേഷ്യൻ പൗരന്മാർക്ക് ഒസിഐ (ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ) കാർഡ് നേടാൻ അനുവദിക്കുന്ന ചരിത്രപരമായ തീരുമാനത്തെക്കുറിച്ച് അദ്ദേഹം എടുത്തുപറഞ്ഞു. ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ഒരു പുതിയ ഇന്ത്യൻ എംബസി ഉടൻ മലേഷ്യയിൽ തുറക്കും.

## ഇന്ത്യയും മലേഷ്യയും തമ്മിലുള്ള പ്രധാന കരാറുകൾ

- ഓഡിയോ-വിഷ്വൽ സഹ-നിർമ്മാണം
- അഴിമതിക്കെതിരായ പ്രതിരോധവും അഴിമതി തടയലും
- ഐക്യരാഷ്ട്രസഭയുടെ സമാധാനപാലനം
- ദുരന്തനിവാരണവും സെമികണ്ടക്ടർ മേഖലയും
- ഇന്റർനാഷണൽ ബിഗ് ക്യാറ്റ്സ് അലയൻസ്
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും പരിശീലനവും
- നാഷണൽ സെക്യൂരിറ്റി കൗൺസിൽ സെക്രട്ടേറിയറ്റ് ഓഫ് ഇന്ത്യ
- മലേഷ്യയുടെ ദേശീയ സുരക്ഷാ കൗൺസിൽ
- ആരോഗ്യ, ചികിത്സാ മേഖലകളിലെ സഹകരണം

## പ്രധാനമന്ത്രി മോദിയുടെ ബിസിനസ് പ്രമുഖരുമായുള്ള കൂടിക്കാഴ്ച

മലേഷ്യലെ നാല് വ്യവസായ പ്രമുഖരുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിച്ചു. യോഗത്തിനിടെ, ഇന്ത്യയിൽ ലഭ്യമായ അവസരങ്ങൾ പ്രയോജനപ്പെടുത്താൻ അദ്ദേഹം മലേഷ്യൻ ബിസിനസ് സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിച്ചു. അടിസ്ഥാന സൗകര്യങ്ങൾ, പുനരുപയോഗ ഊർജ്ജം, ഡിജിറ്റൽ സാങ്കേതികവിദ്യ, സെമികണ്ടക്ടറുകൾ, നിർമ്മിത ബുദ്ധി, ആരോഗ്യ സംരക്ഷണം തുടങ്ങിയ മേഖലകളിൽ. വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിനായി കേന്ദ്ര സർക്കാർ ഏറ്റെടുത്ത പരിഷ്കാരങ്ങളെ ബിസിനസ്സ് പ്രമുഖർ പ്രശംസിക്കുകയും ഇന്ത്യയുടെ വളർച്ചാ ഗാഥയിൽ ശക്തമായ ആത്മവിശ്വാസം പ്രകടമാക്കുകയും ചെയ്തു.

ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ യഥാർത്ഥ ശക്തി ജനങ്ങൾ തമ്മിലുള്ള ബന്ധത്തിലാണ് കുടികൊള്ളുന്നതെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. ഇന്ത്യൻ വംശജരായ ഏകദേശം മൂന്ന് ദശലക്ഷം മലേഷ്യക്കാർ ഇരുരാജ്യങ്ങൾക്കുമിടയിലെ ചൈതന്യവത്തായ ഒരു പാലമാണ്. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ സൗഹൃദ രാജ്യങ്ങളുടെ പിന്തുണ നിർണായകമാണ്. ആഗോള അസ്ഥിരതയുടെ ഈ കാലഘട്ടത്തിൽ, സമുദ്ര മേഖലയിലെ അയൽക്കാരായ ഇന്ത്യയും മലേഷ്യയും പരസ്പര ബന്ധത്തിന്റെ സമ്പൂർണ്ണ ശേഷി തിരിച്ചറിയുകയെന്നത് അനിവാര്യമാണ്. ഈ സന്ദർശനത്തിന്റെ അടിസ്ഥാന സന്ദേശം സുവ്യക്തമാണെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു: മലേഷ്യയുമായുള്ള നമ്മുടെ ബന്ധം പുതിയ തലത്തിലേക്ക് ഉയർത്താൻ ഇന്ത്യ ആഗ്രഹിക്കുന്നു.



സാമ്പത്തിക ശക്തികളുടെ സംഗമം

# ഇന്ത്യ-യുഎസ് വ്യാപാര കരാർ
# പുതിയ അവസരങ്ങൾ തുറക്കുന്നു

***കഴിഞ്ഞ കുറച്ച് വർഷങ്ങളായി, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ, ആഗോള വ്യാപാര രംഗത്ത് ഇന്ത്യ സജീവവും ആത്മവിശ്വാസപൂർണ്ണവുമായ സാന്നിധ്യം ഉറപ്പിച്ചിട്ടുണ്ട്. ഈ ദിശയിലുള്ള ഒരു പ്രധാന ചുവടുവയ്പാണ് ഇന്ത്യ – യുഎസ് വ്യാപാര കരാർ. ലോകത്തിലെ ഏറ്റവും വലിയ രണ്ട് ജനാധിപത്യ, സാമ്പത്തിക ശക്തികൾ തമ്മിലുള്ള ഈ കരാർ വ്യാപാരം, നിക്ഷേപം, സാങ്കേതികവിദ്യ, വിതരണ ശൃംഖലകൾ എന്നിവയ്ക്ക് പുതിയ ദിശാബോധം പകരുക മാത്രമല്ല, വികസിതവും സ്വാശ്രയവുമായ ഇന്ത്യ എന്ന ലക്ഷ്യത്തെ ശക്തിപ്പെടുത്തുകയും ചെയ്യും...***

2025 ഫെബ്രുവരിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അമേരിക്കൻ സന്ദർശനത്തിനുശേഷം, സന്തുലിതവും പരസ്പര പ്രയോജനകരവുമായ ഒരു ഉഭയകക്ഷി വ്യാപാര കരാർ അന്തിമമാക്കുന്നതിനായി ഇരു രാജ്യങ്ങളും തമ്മിൽ പതിവായി ചർച്ചകൾ നടന്നു വരികയായിരുന്നു. കഴിഞ്ഞ ഒരു വർഷമായി, ഇരു രാജ്യങ്ങളും വിവിധ തലങ്ങളിൽ നിരന്തരം ചർച്ചകൾ നടത്തി. അതത് സമ്പദ് വ്യവസ്ഥകളിലെ നിർണായകവും സംവേദനാത്മകവുമായ മേഖലകളെ സംരക്ഷിക്കുന്ന ചരിത്രപരമായ ഒരു വ്യാപാര കരാറിലേക്ക് ഇത് നയിച്ചു. ഫെബ്രുവരി 2 ന്, പ്രധാനമന്ത്രി നരേന്ദ്ര മോദിയും യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപും ഉഭയകക്ഷി, അന്താരാഷ്ട്ര പ്രാധാന്യമുള്ള വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. തുടർന്ന് പ്രസിഡന്റ് ട്രംപ് അമേരിക്കയിലേക്ക് കയറ്റുമതി ചെയ്യുന്ന ഇന്ത്യൻ ഉത്പന്നങ്ങളുടെ തീരുവ 18% ആയി കുറയ്ക്കുമെന്ന് പ്രഖ്യാപിച്ചു. മറ്റ് പല രാജ്യങ്ങൾക്കും അമേരിക്ക ചുമത്തിയ തീരുവകളേക്കാൾ വളരെ കുറവാണ് ഇന്ത്യൻ ഉത്പന്നങ്ങൾക്ക് മേലുള്ള തീരുവ.

ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ഇടക്കാല വ്യാപാര കരാർ സംബന്ധിച്ച ചട്ടക്കൂടിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി സ്വാഗതം ചെയ്തു. ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിൽ പ്രകടമാക്കിയ വ്യക്തിപരമായ പ്രതിബദ്ധതയ്ക്ക് ഡൊണാൾഡ് ട്രംപിന് നന്ദി പറഞ്ഞ പ്രധാനമന്ത്രി, ഇന്ത്യ-യുഎസ് പങ്കാളിത്തത്തിന്റെ ആഴവും പരപ്പും ചലനാത്മകതയും ഈ ചട്ടക്കൂട് പ്രതിഫലിപ്പിക്കുന്നുവെന്നും വ്യക്തമാക്കി.

## യുണൈറ്റഡ് സ്റ്റേറ്റ്സ്-ഇന്ത്യ സംയുക്ത പ്രസ്താവന

*ഉഭയകക്ഷി താത്പര്യങ്ങളെയും മൂർത്തമായ ഗുണഫലങ്ങളെയും അടിസ്ഥാനമാക്കിയുള്ളതാണ് യുണൈറ്റഡ് സ്റ്റേറ്റ്സും ഇന്ത്യയും തമ്മിലുള്ള ഈ ഇടക്കാല വ്യാപാര കരാർ. സന്തുലിത വ്യാപാരത്തിനായുള്ള സമാന പ്രതിബദ്ധതയെ ഇത് പ്രതിഫലിപ്പിക്കുന്നു. യുണൈറ്റഡ് സ്റ്റേറ്റ്സും ഇന്ത്യയും തമ്മിലുള്ള ഇടക്കാല വ്യാപാര കരാറിലെ പ്രധാന നിബന്ധനകൾ...*

- യുഎസ് വ്യാവസായിക ഉത്പന്നങ്ങൾ, ഡ്രൈഡ് ഡിസ്റ്റിലേഴ്സ് ഗ്രെയിൻസ് (DDGs), കാലിത്തീറ്റയ്ക്കുള്ള ചുവന്ന ചോളം, ട്രീ നട്സ്, സംസ്കരിച്ചതും സംസ്കരിക്കാത്തതുമായ പഴങ്ങൾ, സോയാബീൻ എണ്ണ, വൈൻ, മദ്യങ്ങൾ, എന്നിവയുൾപ്പെടെ വിവിധ യുഎസ് ഭക്ഷ്യ-കാർഷിക ഉത്പന്നങ്ങൾക്ക് ഇന്ത്യ തീരുവ ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യും.
- 2025 ഏപ്രിൽ 2 ലെ എക്സിക്യൂട്ടീവ് ഉത്തരവ് യുഎസ്എ ഭേദഗതി ചെയ്യും, അതനുസരിച്ച് തുണിത്തരങ്ങൾ, വസ്ത്രങ്ങൾ, തുകൽ, പാദരക്ഷകൾ, പ്ലാസ്റ്റിക്, റബ്ബർ, ജൈവ രാസവസ്തുക്കൾ, വീട്ടുപകരണങ്ങൾ, കരകൗശല ഉത്പന്നങ്ങൾ, ചില യന്ത്രങ്ങൾ എന്നിവയുൾപ്പെടെ ഇന്ത്യയിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങൾക്ക് 18 ശതമാനം തീരുവ ചുമത്തും.
- ചില ഇന്ത്യൻ വിമാനങ്ങൾക്കും വിമാന ഭാഗങ്ങൾക്കും ചുമത്തിയ താരിഫ് യുഎസ്എ നീക്കം ചെയ്യും.
- അമേരിക്കയും ഇന്ത്യയും പരസ്പര താത്പര്യമുള്ള മേഖലകളിൽ സ്ഥിരതാപൂർവ്വം മുൻഗണനാധിഷ്ഠിത വിപണി പ്രവേശനം ഉറപ്പാക്കാൻ പ്രതിബദ്ധത വ്യക്തമാക്കി.
- കരാറിന്റെ ആനുകൂല്യങ്ങൾ ഇരു രാജ്യങ്ങൾക്കും ഒരുപോലെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്ന ഉത്പാദന നിയന്ത്രണങ്ങൾ യുഎസ്എയും ഇന്ത്യയും സ്ഥാപിക്കും.
- ഉഭയകക്ഷി വ്യാപാരത്തെ ബാധിക്കുന്ന തീരുവ ഇതര തടസ്സങ്ങൾ യുഎസ്എയും ഇന്ത്യയും പരിഹരിക്കും.
- ബാധകമായ സാങ്കേതിക നിയന്ത്രണങ്ങൾ പാലിക്കുന്നത് സുഗമമാക്കുക എന്ന ലക്ഷ്യത്തോടെ, യുഎസ്എയും ഇന്ത്യയും പരസ്പര സമ്മതത്തോടെയുള്ള മാനദണ്ഡങ്ങളും വിലയിരുത്തൽ പ്രക്രിയകളും ചർച്ച ചെയ്യും.
- ഒരു രാജ്യം ചുമത്തുന്ന തീരുവകളിൽ എന്തെങ്കിലും മാറ്റം വരുത്തിയാൽ, മറ്റേ രാജ്യത്തിനും സ്വന്തം പ്രതിബദ്ധതകളിൽ മാറ്റം വരുത്താമെന്ന് അമേരിക്കയും ഇന്ത്യയും സമ്മതിച്ചു.
- ബിടിഎ ചർച്ചകൾക്കിടെ ഇന്ത്യൻ ഉത്പന്നങ്ങളുടെ തീരുവ കുറയ്ക്കാനുള്ള ഇന്ത്യയുടെ അഭ്യർത്ഥന പരിഗണിക്കുമെന്ന് അമേരിക്ക സ്ഥിരീകരിച്ചു.
- വിതരണ ശൃംഖലയുടെ പ്രതിരോധശേഷിയും നൂതനാശയങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തിക സുരക്ഷാ ചട്ടക്കൂട് ശക്തിപ്പെടുത്താൻ അമേരിക്കയും ഇന്ത്യയും സമ്മതിച്ചു. ഇതിനായി, മൂന്നാം കക്ഷികളുടെ വിപണിയിതര നയങ്ങൾ പരിഹരിക്കുന്നതിന് അനുബന്ധ നടപടികൾ സ്വീകരിക്കും.
- അടുത്ത അഞ്ച് വർഷത്തിനുള്ളിൽ അമേരിക്കയിൽ നിന്ന് 500 ബില്യൺ ഡോളറിന്റെ ഊർജ്ജ ഉത്പന്നങ്ങൾ, വിമാനങ്ങൾ, വിമാന ഘടകഭാഗങ്ങൾ, വിലയേറിയ ലോഹങ്ങൾ, സാങ്കേതിക ഉത്പന്നങ്ങൾ, കൽക്കരി എന്നിവ വാങ്ങാൻ ഇന്ത്യ ഉദ്ദേശിക്കുന്നു.



കർഷകർ, സംരംഭകർ, എംഎസ്എംഇകൾ, സ്റ്റാർട്ടപ്പുകൾ, മത്സ്യത്തൊഴിലാളികൾ എന്നിവർക്കായി പുതിയ അവസരങ്ങൾ തുറക്കുന്നതിലൂടെയും വനിതകൾക്കും യുവാക്കൾക്കും വൻതോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും 'മെയ്ക്ക് ഇൻ ഇന്ത്യ'യെ ശക്തിപ്പെടുത്താൻ കരാർ സഹായിക്കുമെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. നിക്ഷേപ, സാങ്കേതിക പങ്കാളിത്തങ്ങൾ കൂടുതൽ ആഴത്തിലാക്കാനും, സ്ഥിരതയാർന്നതും വിശ്വസനീയവുമായ വിതരണ ശൃംഖലകൾ കെട്ടിപ്പടുക്കാനും, ആഗോള വളർച്ചയ്ക്ക് സംഭാവന നൽകാനും ഈ ചട്ടക്കൂട് സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

## ഇന്ത്യ-യുഎസ് വ്യാപാര കരാറിന്റെ പ്രധാന വശങ്ങൾ

**30** ട്രില്യൺ ഡോളറിന്റെ യുഎസ് വിപണി ഇപ്പോൾ ഇന്ത്യയ്ക്ക് മുൻഗണന നൽകുന്നു.

- 30 തുണിത്തരങ്ങൾക്കും വസ്ത്രങ്ങൾക്കും 50% ൽ നിന്ന് 18% ആയി തീരുവ കുറഞ്ഞു, 113 ബില്യൺ ഡോളറിന്റെ യുഎസ് വിപണിയിൽ സിൽക്കിന് 0% തീരുവയിൽ പ്രവേശനം ലഭിക്കുന്നു.
- യന്ത്ര കയറ്റുമതി തീരുവ 18% ആയി കുറയുന്നു, ഇത് 477 ബില്യൺ ഡോളറിന്റെ യുഎസ് വിപണിയിൽ കൂടുതൽ അവസരങ്ങൾ തുറക്കുന്നു.
- 1.36 ബില്യൺ യുഎസ് ഡോളറിന്റെ ഇന്ത്യൻ കാർഷിക കയറ്റുമതിയ്ക്കുള്ള യുഎസ് തീരുവ പൂജ്യമായിരിക്കും.
- സുഗന്ധവ്യഞ്ജനങ്ങൾ, ചായ, കാപ്പി, പഴങ്ങൾ, പരിപ്പ്, സംസ്കരിച്ച ഭക്ഷണങ്ങൾ എന്നിവയുൾപ്പെടെയുള്ള പ്രധാന ഉത്പന്നങ്ങൾക്ക് തീരുവ പൂജ്യമായിരിക്കും.
- പാൽ, മാംസം, കോഴി, ധാന്യങ്ങൾ തുടങ്ങിയ സംവേദനാത്മക മേഖലകൾ പൂർണ്ണമായും സംരക്ഷിക്കപ്പെടുന്നു.

“

**എന്റെ പ്രിയ സുഹൃത്ത് പ്രസിഡന്റ് ട്രംപുമായി സംസാരിക്കാൻ കഴിഞ്ഞതിൽ സന്തോഷം. ഇന്ത്യയിൽ നിർമ്മിച്ച ഉത്പന്നങ്ങൾക്ക് ഇപ്പോൾ 18% എന്ന കുറഞ്ഞ തീരുവ നടപ്പാകുന്നതിൽ സന്തോഷമുണ്ട്. ലോകത്തിലെ രണ്ട് വലിയ സമ്പദ് വ്യവസ്ഥകളും വലിയ ജനാധിപത്യ രാജ്യങ്ങളും ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ, അത് ജനങ്ങൾക്ക് ഗുണം ചെയ്യുകയും പരസ്പര പ്രയോജനകരമായ സഹകരണത്തിനുള്ള അനന്തസാദ്ധ്യതകൾ തുറക്കുകയും ചെയ്യുന്നു.**

**നരേന്ദ്ര മോദി, പ്രധാനമന്ത്രി**

### കയറ്റുമതിയിൽ മത്സരിക്കുന്ന രാജ്യങ്ങൾക്കുള്ള യുഎസ് തീരുവ

മത്സരിക്കുന്ന രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യ-യുഎസ്എ ഇടക്കാല വ്യാപാര കരാർ കുറഞ്ഞ തീരുവ വിഭാവനം ചെയ്യുന്നു. ചൈന (35%), വിയറ്റ്നാം (20%), ബംഗ്ലാദേശ് (20%), മലേഷ്യ (19%), ഇന്തോനേഷ്യ (19%), ഫിലിപ്പീൻസ് (19%), കംബോഡിയ (19%), തായ്‌ലൻഡ് (19%) എന്നിവയുൾപ്പെടെ നിരവധി രാജ്യങ്ങൾ ഇപ്പോഴും യുഎസ് വിപണിയിൽ ഉയർന്ന തീരുവ നേരിടുന്നു.

### ഇനിപ്പറയുന്ന ഇന്ത്യൻ ഉത്പന്നങ്ങൾക്ക് തീരുവ കുറച്ചു

തുകൽ, പാദരക്ഷകൾ, രത്നങ്ങൾ, ആഭരണങ്ങൾ, വീട്ടുപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, യന്ത്രങ്ങൾ, യന്ത്രഭാഗങ്ങൾ (വിമാന ഭാഗങ്ങൾ ഒഴികെ).

### കാർഷിക കയറ്റുമതിക്ക് തീരുവ രഹിത പ്രവേശനം

1.36 ബില്യൺ യുഎസ് ഡോളറിന്റെ ഇന്ത്യൻ കയറ്റുമതിക്ക് യുഎസ് അധിക തീരുവ ചുമത്തില്ല. സുഗന്ധവ്യഞ്ജനങ്ങൾ, ചായ, കാപ്പി, അവയുടെ സത്ത്, കൊപ്ര, വെളിച്ചെണ്ണ, പച്ചക്കറി മെഴുക്, വെറ്റില, ബ്രസീൽ പരിപ്പ്, കശുവണ്ടി, ചെസ്റ്റ്നട്ട് തുടങ്ങിയ പരിപ്പ് വർഗ്ഗങ്ങൾ, അവോക്കാഡോ, വാഴപ്പഴം, പേരക്ക, മാമ്പഴം, കിവി, പപ്പായ, പൈനാപ്പിൾ, ഷിറ്റേക്ക് കൂൺ എന്നിവയുൾപ്പെടെയുള്ള പഴങ്ങളും പച്ചക്കറികളും, ബാർലി, കാനറി വിത്തുകൾ തുടങ്ങിയ ധാന്യങ്ങൾ, ബേക്കറി ഉത്പന്നങ്ങൾ, കൊക്കോ, കൊക്കോ ഉത്പന്നങ്ങൾ, എള്ള്, പോപ്പി വിത്തുകൾ, പഴങ്ങളുടെ പൾപ്പ്, ജ്യൂസുകൾ, ജാം തുടങ്ങിയ സംസ്കരിച്ച ഉത്പന്നങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

### കഴിഞ്ഞ വർഷങ്ങളിൽ ഇന്ത്യയുടെ വ്യാപാര കരാറുകൾ

യൂറോപ്യൻ യൂണിയനോടൊപ്പം, 2014ന് ശേഷം മൗറീഷ്യസ്, യുണൈറ്റഡ് അറബ് എമിറേറ്റ്സ്, യുണൈറ്റഡ് കിംഗ്ഡം, ഒമാൻ, ഓസ്ട്രേലിയ എന്നിവയുമായി ഇന്ത്യ വ്യാപാര കരാറുകളിൽ ഒപ്പുവച്ചു, ന്യൂസിലൻഡുമായും വ്യാപാര കരാർ പ്രഖ്യാപിച്ചു. 2025 ൽ ഇന്ത്യ ഒമാനുമായും യുണൈറ്റഡ് കിംഗ്ഡവുമായും വ്യാപാര കരാറുകളിൽ ഒപ്പുവച്ചു.

ഇന്ത്യ-യുഎസ് വ്യാപാര കരാർ ഇന്ത്യൻ കയറ്റുമതിക്കാർക്ക്, പ്രത്യേകിച്ച് തൊഴിൽ പ്രാധാന്യമുള്ള മേഖലകൾക്കും ഉത്പാദന മേഖലകൾക്കും, ഗണ്യമായി പ്രയോജനം ചെയ്യുമെന്ന് വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ പാർലമെന്റിൽ പറഞ്ഞു. ഭക്ഷ്യ, കാർഷിക മേഖലകളിലെ ഇന്ത്യയുടെ സംവേദനാത്മകമായ വിഷയങ്ങളെ ഈ കരാർ പൂർണ്ണമായും അഭിസംബോധന ചെയ്യുന്നു. ചെറുകിട, ഇടത്തരം സംരംഭങ്ങൾ, സംരംഭകർ, വിദഗ്ധ തൊഴിലാളികൾ, വ്യവസായമേഖല എന്നിവയ്ക്ക് ഇത് പുതിയ അവസരങ്ങൾ തുറന്ന് നൽകും. ‘ലോകത്തിനായി ഇന്ത്യയിൽ നിർമ്മിക്കുക’, ‘ലോകത്തിനായി ഇന്ത്യയിൽ രൂപകൽപ്പന ചെയ്യുക’, ‘ലോകത്തിനായി ഇന്ത്യയിൽ നവീകരിക്കുക’ എന്നീ ദർശനങ്ങൾ സാക്ഷാത്കരിക്കാൻ ഇത് സഹായിക്കും. ഇന്ത്യയുടെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുകയെന്നത് സർക്കാരിന്റെ മുൻഗണനയാണ്, കൂടാതെ ബദൽ വിപണികളെയും മാറുന്ന അന്താരാഷ്ട്ര സാഹചര്യങ്ങളെയും അഭിസംബോധന ചെയ്യുന്നതിന് ഊർജ്ജ സ്രോതസ്സുകളെ വൈവിധ്യവത്ക്കരിക്കുകയെന്നത് അത്യാവശ്യമാണ്. ആവശ്യമായ സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനും വ്യാപാര കരാറുമായി ബന്ധപ്പെട്ട രേഖകൾ അന്തിമമാക്കുന്നതിനും ഇരുപക്ഷവും സഹകരിച്ച് പ്രവർത്തിക്കുമെന്ന് വാണിജ്യ മന്ത്രി പാർലമെന്റിൽ വ്യക്തമാക്കി.

**ലോക ഉപഭോക്തൃ അവകാശ ദിനം, മാർച്ച് 15**

# സുരക്ഷിത ഉത്പന്നങ്ങൾ ആത്മവിശ്വാസമുള്ള ഉപഭോക്താക്കൾ

*സുരക്ഷിത ഉത്പന്നങ്ങൾ, ആത്മവിശ്വാസമുള്ള ഉപഭോക്താക്കൾ എന്നതാണ് 2026 ലെ ലോക ഉപഭോക്തൃ അവകാശ ദിനത്തിന്റെ പ്രമേയം. പ്രധാനമന്ത്രി നരേന്ദ്ര മോദി ഏറെക്കാലമായി വ്യവസായമേഖലയോട് ന്യൂനതകളില്ലാത്ത ഉത്പന്നങ്ങൾ നിർമ്മിക്കാൻ ആഹ്വാനം ചെയ്തു വരുന്നു. ഉപഭോക്തൃ സുരക്ഷയ്ക്ക് കേന്ദ്ര സർക്കാർ മുൻഗണന നൽകുകയും തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുൾപ്പെടെ ഉപഭോക്തൃ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി നിരവധി ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ നടപ്പിലാക്കുകയും ചെയ്യുന്നു*

- ഉപഭോക്തൃ അവകാശ സംരക്ഷണ ചട്ടക്കൂട് നവീകരിക്കുന്നതിനായി പഴയ നിയമം റദ്ദാക്കി 2019 ലെ ഉപഭോക്തൃ സംരക്ഷണ നിയമം നടപ്പിലാക്കും.
- ഇ-ജാഗ്രിതി പോർട്ടൽ (https://e-jagriti.gov.in/) 2025 ജനുവരി 1 ന് ആരംഭിച്ചു. നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ്, നേരിട്ടല്ലാത്ത ഇടപെടൽ തുടങ്ങിയ സവിശേഷതകളിലൂടെ ഇത് ഉപഭോക്തൃ പരാതി പരിഹാരം മെച്ചപ്പെടുത്തുന്നു.
- വ്യവഹാരത്തിന് മുമ്പുള്ള പരിഹാരത്തിനായി, 1915 എന്ന ടോൾ-ഫ്രീ നമ്പറിൽ പരാതി നൽകാവുന്നതാണ്. പരിഹാരത്തിനുള്ള സമയപരിധി 45 ദിവസമാണ്. കഴിഞ്ഞ മൂന്ന് വർഷമായി, പ്രതിമാസം ശരാശരി 100,000-ത്തിലധികം പരാതികൾ ലഭിക്കുന്നുണ്ട്.






> “ലോക ഉപഭോക്തൃ അവകാശ ദിനത്തിൽ എല്ലാ ഉപഭോക്താക്കൾക്കും ആശംസകൾ. നിങ്ങളുടെ വാങ്ങൽ ശേഷിയിലൂടെയാണ് നമ്മുടെ സമ്പദ് വ്യവസ്ഥ അഭിവൃദ്ധി പ്രാപിക്കുന്നത്, എല്ലാ ഉപഭോക്താവിനെയും സംരക്ഷിക്കുന്നതിനും ശാക്തീകരിക്കുന്നതിനും ഭാരത സർക്കാർ പ്രതിജ്ഞാബദ്ധമാണ്
>
> *- നരേന്ദ്ര മോദി, പ്രധാനമന്ത്രി*

ന്യൂ ഇന്ത്യ
**സമാചാർ**
ദ്വൈവാരിക

**RNI NO.: DELENG/2020/78811 MARCH 1-15, 2026**
RNI Registered No DELENG/2020/78811 (Publishing Date: February 19,2026 Pages-60)

**EDITOR IN CHIEF**
**Dhirendra Ojha**
Principal Director General
Press Information Bureau, New Delhi

**PUBLISHED:**
**Kanchan Prasad**
Director General, on behalf of
Central Bureau Of Communication

**PUBLISHED FROM:**
Room No–278, Central Bureau Of Communication, 2nd Floor, Soochna Bhawan, New Delhi -110003